
# നബി (സ) യുടെ ഭാര്യമാർ



# നബിയുടെ ഭാര്യമാർ

UNIVERSITY LIBRARY
5 NOV 1981
MADRAS

കെ. എം. പന്നിക്കോട്ട്

O. R. I. DEPARTMENTAL LIBRARY
16 JUL 1982
UNIVERSITY OF MADRAS

പ്രസാധകർ

ഗ്രീൻ ഹൌസ്

ഹലുവബസാർ, കോഴിക്കോട്ട്.

വില: 1—25

University Grants Commission

32D
359428

MALAYALAM

NABIYUDA BHARIAMAAR

BY

K. M. PANNIKOTTUR

PRINTED AT

SAHIRA PRINTERS, CALICUT

PRICE : 1-25

FIRST IMPRESSION DECEMBER 1968

COPIES 1000

RIGHT RESERVED

PUBLISHERS.

GREEN HOUSE, HALVA BAZAAR,

*CALICUT*

# പ്രസ്താവന

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ അപാരമായ അനുഗ്രഹം ഒന്നു മാത്രമാണ് വിനീതനായ എന്നെ ഇതെഴുതാൻതുണച്ചത്. കാരുണ്യമൂർത്തിയായ അല്ലാഹുവിന്നു ആയിരമായിരം സ്തോത്രം.

ഏതുവീക്ഷണകോണിലൂടെ പരിശോധിച്ചാലും ലോകംകണ്ട മഹാത്മാക്കളിൽവെച്ചു എല്ലാംകൊണ്ടും ശ്രേഷ്ഠനും അഖിലലോകത്തിന്നും മാതൃകായോഗ്യനുമാണ് അന്ത്യപ്രവാചകനായ മുഹമ്മദ് നബി (സ) വെറും 23 കൊല്ലക്കാലംകൊണ്ടു് അദ്ദേഹത്തിന്നു കൈവന്ന നേട്ടങ്ങളും അവിടുത്തെ ആദർശത്തിന്നു ലോകസമക്ഷം ലഭിച്ച സ്വാധീനവും, വ്യാപ്തിയും അസൂയാർഹം തന്നെയാണ്. അതുകൊണ്ട് തന്നെയാണ് ലോകനേതാക്കളിൽ മററാർക്കും അനുഭവിക്കേണ്ടിവന്നിട്ടില്ലാത്തത്ര മർദ്ദനവും വിമർശനവും എതിർപ്പുമെല്ലാം അദ്ദേഹത്തിന്നു നേരിടേണ്ടിവന്നതും. തങ്ങളുടേതല്ലാത്ത മറെറല്ലാം മിഥ്യയും കൊള്ളരുതാത്തതുമാണെന്നു കരുതുന്ന യൂറോപ്യൻ ചരിത്രകാരന്മാർ പ്രവാചകപ്രഭുവിനെ ലോകസമക്ഷം ഇടിച്ചുതാഴ്ത്താനും താറടിച്ചു കാണിക്കാനും അവരുടെ കഴിവിൻെറ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. തൊലിയുടെ നിറഭേദങ്ങളോടുപോലും നീതികാണിക്കാൻ കഴിയാത്ത ഈ വർഗ്ഗം പ്രവാചകൻെറ നേരെ ബാലിശമായ പലവിധ വിമർശനങ്ങളും നടത്തിനോക്കിയെങ്കിലും അതെല്ലാം സൂര്യപ്രകാശത്തെ കൈകൊണ്ടുമറക്കാൻ ശ്രമിക്കുന്നതുപോലെ പരാജയമടഞ്ഞു എന്നതാണ് യാഥാർത്ഥ്യം.

പ്രവാചകപ്രഭുവിനെ ഏററവുമധികം അധിക്ഷേപിക്കാനും വിലയിടിക്കാനും ഈശത്രുക്കാംകണ്ടുപിടിച്ച ഒരായുധംഅവിടുത്തെ വൈവാഹിക ജീവിതത്തെയാണ്. നബി(സ)പതിനൊന്നുഭാര്യമാരെ സ്വീകരിച്ചത്അവിടുന്നുഒരുസ്ത്രീലമ്പടനും, വിഷയാസക്തനും, സൗന്ദര്യാരാധകനുമായതുകൊണ്ടാണ്എന്നുംഅദ്ദേഹം ഒരു യഥാർത്ഥ പ്രവാചകനല്ലാത്തതുകൊണ്ടാണ് ഇങ്ങിനെ ബഹുഭാര്യത്വജീവിതം നയിച്ചതെന്നുപോലും ഇക്കൂട്ടർ എഴുതിയിട്ടുണ്ട്. പക്ഷെ മുൻപു കഴിഞ്ഞ പല പ്രവാചകന്മാരും ബഹുഭാര്യത്വം സ്വീകരിച്ചവരാണെന്നും അവരിൽ പലരേയും തങ്ങാംതന്നെ യഥാർത്ഥപ്രവാചകന്മാരായി അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള കാര്യം ഇവർ ചിന്തിക്കാത്തതാണത്ഭുതം. പൂർവ്വപ്രവാചകന്മാരും എല്ലാ മതക്കാരാലും ബഹുമാനിക്കപ്പെട്ടുന്നവരുമായ ഹസ്രത്ത് ഇബ്രാഹിം നബി (അ) സുലൈമാൻ നബി (അ) ദാവൂദ്നബി (അ) തുടങ്ങിയ പല പ്രവാചകന്മാരും ബഹുഭാര്യത്വം സ്വീകരിച്ചവരായിരുന്നു. ഇവരൊന്നും യഥാർത്ഥ പ്രവാചകന്മാരല്ലെന്നു ആരും വാദിക്കുന്നുമില്ല.

'കോളപെററ എന്നു് കേട്ടപ്പോാം കയറെടുക്കാൻ ഓടിയ' കുശുമ്പബുദ്ധിമാത്രം ഉപയോഗിച്ചാണ് ഇവർ പ്രവാചകൻെറ ബഹുഭാര്യത്വത്തെ നിശിതമായി വിമർശിക്കുന്നതെന്നതാണ് യാഥാർത്ഥ്യം. അവിടുന്നു് എപ്പോാം, ഏതുകാലത്ത്; ഏത് പരിത:സ്ഥിതിയിൽ, എന്തു് സാഹചര്യത്തിലാണ് ബഹുഭാര്യത്വം സ്വീകരിച്ചതെന്ന യാഥാർത്ഥ്യത്തിലേക്ക് ചരിത്രത്തിൻെറ വെളിച്ചത്തിലൂടെ കുലങ്കഷമായ ഒരന്വേഷണം നടത്താൻ തുനിയാതെയാണ് ഈ വിമർശകന്മാരെല്ലാം തൂലികയെടുത്ത് പയററിയതെന്ന കാര്യം വ്യക്തമാണ്. നിഷ്പക്ഷമായ ഒരന്വേഷണത്തിന്നു മുതിരുന്ന ബുദ്ധിയുള്ള ഒരാാക്കും പ്രവാചകപ്രഭു (സ)വിൻെറ ബഹുഭാര്യത്വത്തിൽ വിഷയാസക്തിയുടെ വേലിയേററമോ സൌന്ദര്യമോഹമോ അല്പംപോലും കണ്ടെത്താൻ കഴിയുകയില്ലെന്നതാണ് സത്യം.

ഇസ്ലാമിൻെറ ശത്രുക്കളായ ഇതരമതസ്ഥരുടെ കാൎയ്യമാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്. ഇനി മുസ്ലിം സമുദായത്തിലേക്കു തന്നെ ഒന്നു കണ്ണോടിച്ചാൽ നബി (സ) യുടെ ബഹുഭാൎയ്യത്വത്തെ സംബന്ധിച്ച് ഒന്നും മനസ്സിലാക്കാത്തവരും തെററിദ്ധരിച്ചവരുമായി ധാരാളംപേരെ കാണാമെന്നതും വിസ്മരിച്ചുകൂടാ. സമുദായത്തിന്നു് പൊതുവിൽ ചില നിൎബ്ബന്ധപരിതഃസ്ഥിതിയിൽ നാലു ഭാൎയ്യമാരെവെച്ചു പുലൎത്താമെന്ന ബഹുഭാൎയ്യത്വനിയമത്തെപ്പോലും ചോദ്യംചെയ്യുന്ന ഒരു കൂട്ടർ ഇന്നു് ഈ സമുദായത്തിൽ ഉടലെടുത്തിട്ടുണ്ട്. ഇത്തരം ചിന്താഗതിക്കാൎക്ക് നബി (സ) പതിനൊന്നു ഭാൎയ്യമാരെ വിവാഹംചെയ്തതിൽ തീൎച്ചയായും ആക്ഷേപമുണ്ടെന്നത് വ്യക്തമാണ്.

ഏതേത് പരിതഃസ്ഥിതിയിലാണ് നബി (സ) ഓരോ ഭാൎയ്യമാരേയും സ്വീകരിച്ചതെന്നു ഇത്തരക്കാൎക്ക് ഗ്രഹിക്കത്തക്ക വിധത്തിൽ നബിയുടെ വിവാഹത്തെസംബന്ധിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുടെ അഭാവം ഇവരുടെ തെററിദ്ധാരണക്കും അജ്ഞതക്കും ഒരു പ്രധാന കാരണമെന്നതിൽ സംശയമില്ല. മുസ്ലിം സമുദായത്തിലെ സാധാരണക്കാരുടെ കണ്ണെത്താവുന്ന ദൂരത്തിലെങ്ങും തന്നെ നബി (സ) യുടെ ബഹുഭാൎയ്യത്വത്തിൻെറ ചരിത്രവും തത്വങ്ങളും വിവരിക്കുന്ന ഗ്രന്ഥങ്ങാം ഇല്ലെന്നുതന്നെ പറഞ്ഞാൽ തെററില്ല. ഹദീസുകളിൽനിന്നുംഉയൎന്ന ചരിത്രഗ്രന്ഥങ്ങളിൽനിന്നും മാത്രമേ ഇക്കാൎയ്യം ശരിക്കു ഗ്രഹിക്കാൻ കഴിയൂ. അറബിഭാഷയിലുള്ള അത്തരം ഉന്നതഗ്രന്ഥങ്ങളിൽനിന്നു ഇത്തരക്കാർ എങ്ങിനെ കാൎയ്യം ഗ്രഹിക്കും!

ഇത്തരം ഒരു പരിതഃസ്ഥിതിയിൽ നബി(സ)യുടെ വൈവാഹിക ബന്ധത്തിൽ ഉാംകൊള്ളുന്ന തത്വങ്ങളും, അതിൻെറ കാൎയ്യകാരണങ്ങളും, അവരുടെ ചരിത്രവും സംക്ഷിപ്തമായെങ്കിലും പ്രതി

പാടിക്കുന്ന ഒരു ചെറുഗ്രന്ഥം മലയാളഭാഷയിലെങ്കിലും ഉണ്ടായിരിക്കുക എന്നത് വമ്പിച്ച ഒരു നേട്ടമായിരിക്കും. ഇതരന്മാരുടെ തെററിദ്ധാരണ അല്പമെങ്കിലും നീങ്ങാനും സമുദായത്തിലെ സാധാരണക്കാക്ക് പ്രസ്തുതവിഷയത്തെസംബന്ധിച്ച് ഒരുപൊതുവിജ്ഞാനമെങ്കിലും ഉണ്ടായിത്തീരാനും അതുകൊണ്ട് കഴിഞ്ഞാൽ അതു പ്രശംസാർഹം തന്നെയാണ്.

ഇത്തരം ഒരു വീക്ഷണകോണിലൂടെയാണ് **"നബിയുടെ ഭാര്യമാർ"** എന്ന ഈ ചെറുഗ്രന്ഥം എഴുതാൻ വിനീതനായ എന്നെ പ്രേരിപ്പിച്ചത്. ലോകൈകനേതാവായ മുഹമ്മദ് മുസ്തഫാ (സ) യുടെ പരിശുദ്ധ ഭാര്യമാരും, സത്യവിശ്വാസികളുടെ മാതാക്കളും, മാതൃകാമഹിളകളുമായി പരിലസിക്കുന്ന ഈ മഹതികളുടെ മഹൽചരിത്രം അതർഹിക്കുംവിധം എഴുതാൻ ആക്കു കഴിയും!

'നബിയുടെ ജീവിതദശകൾ' 'ബഹുഭാര്യത്വത്തിൻെറ തത്വങ്ങൾ' എന്നീ രണ്ടദ്ധ്യായങ്ങളാണ് ആദ്യമായി എഴുതിയത്. അതിന്നുശേഷം ഭാര്യമാരുടെ ചരിത്രത്തിൻെറ ഒരു സംക്ഷിപ്തവിവരണവും വഴിക്കുവഴിയായി ഇതിൽ എഴുതിയിട്ടുണ്ട്. തിരുമേനി (സ) യുമായി അവരുടെ വിവാഹത്തിൻെറ നിർബ്ബന്ധപരിത:സ്ഥിതികൾ അതാതിടത്ത് ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇസ്ലാമിലെ ഹദീസ്, ചരിത്രഗ്രന്ഥങ്ങളെ ലക്ഷ്യംവെച്ചുകൊണ്ടാണ് ഇതെഴുതിയിട്ടുള്ളത്. ഭാഷാപരമായി പല തെററുകളും ഇതിൽ കണ്ടേക്കാമെങ്കിലും അതു ഞാൻ അത്ര ഗൌരവമായി ഗണിക്കുന്നില്ല. ചരിത്രപരമായോ ആശയപരമായോ ഉണ്ടായേക്കാവുന്ന തെററുകൾ ഇസ്ലാമിനെയും പ്രവാചക പ്രഭുവിനെയും പ്രതികൂലമായി ബാധിക്കുന്നതാകയാൽ അതു ഗൌരവാവഹമായിരിക്കും. അത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുതരാൻ സഹൃദയലോകത്തോട് ഹൃദയാംഗമായി

അഭ്യർത്ഥിക്കുന്നു. ഈ ഗ്രന്ഥം എഴുതാൻ എന്നെ ആത്മാർത്ഥമായി സഹായിച്ച എൻെറ മാന്യസ്നേഹിതനും പണ്ഡിതനുമായ ജ: പി. അഹ്മദ്കുട്ടിമൌലവി (എളേററിൽ) സാഹിബിനോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ കൊച്ചുകൃതിക്കു് സൂര്യപ്രകാശമേല്ക്കാൻ അവസരം നൽകിയ അഥവാ ഇതു് അച്ചടിച്ചു പ്രസിദ്ധീകരിച്ച ഗ്രീൻ ഹൌസി (കോഴിക്കോട്)നും അകൈതവമായനന്ദിരേഖപ്പെടുത്തിക്കൊള്ളുന്നു.

നമ്മുടെ എളിയ അപേക്ഷസ്വീകരിച്ചു് ഇതിന്നൊരു അവതാരിക എഴുതിതന്ന ബഹു.ജ: പി. എം. സയ്യിദ്അഹമദ്ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളവർകാംക്കും നന്ദി രേഖപ്പെടുത്തുന്നു.

അല്ലാഹുവിൻെറ സൃഷ്ടികളിൽവെച്ചു അതിശ്രേഷ്ഠരായ പ്രവാചകപ്രഭുവിൻെറ പരിശുദ്ധ ഭാര്യമാരുടെ സംക്ഷിപ്തമെങ്കിലും ഒരു ചരിത്രം എഴുതുകഎന്ന എൻെറ ഈ സംരംഭംഇരുവീട്ടിലും സല്ക്കർമ്മമായി സ്വീകരിക്കേണമേ, എന്നു സർവ്വശക്തനായ അല്ലാഹുവിനോടു് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടു് ഈ കൃതി ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്, വിനീതൻ.

1—11—68
പന്നിക്കോട്ടൂര്

കെ. എം. പന്നിക്കോട്ടൂര്

# "നബിയുടെ ഭാര്യമാർ"

ഈ ഗ്രന്ഥം വായിക്കുവാനിടയായി. നബി (സ) ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ നിർബ്ബന്ധിതമായ പരിതസ്ഥിതിയും ചുററുപാടും വിവരിക്കുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ട്. 53വയസ്സുവരെ ഏകക ഭാര്യത്വം അനുഷ്ഠിച്ച നബി (സ) ജീവിതത്തിൻെറ അവശിഷ്ടഭാഗങ്ങളിൽ ബഹുഭാര്യത്വം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വിഷയലമ്പടതകൊണ്ടല്ലെന്നുള്ളത് നിഷ്പക്ഷബുദ്ധ്യാചിന്തിക്കുന്നഏതൊരാൾക്കും വ്യക്തമാകുന്നതാണ്. നബിയുടെമേൽ കരിവാരിത്തേക്കുന്ന ശത്രുക്കൾക്ക് പുസ്തകം ഒരു വായടപ്പൻ മറുപടിയാണെന്നതിൽ പക്ഷാന്തരമില്ല. ഈ പുസ്തകം ഉപയോഗപ്രദമാണെന്നു പറയുന്നതോടൊപ്പം പുസ്തകത്തിൽവന്നചില പാകപ്പിഴവുകൾ ചൂണ്ടിക്കാണിക്കുന്നത് അവസരോചിതമായിരിക്കുമെന്നു കരുതുന്നു.

7–ാംപേജിൽ "നീയെന്തേ ഒരു കന്യകയേ വേളികഴിച്ചില്ല? നിനക്ക് അവളുമായി കളിക്കാമായിരുന്നില്ലേ? എന്നു നബി (സ) ചോദിച്ചത് അബ്ദുൽ റഹ്മാനുബ്നു ഔഫ് (റ) നോട്ട് ആണെന്നാണ് ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ളത്. ഇത് ശരിയല്ല. ഇത് "ജാബിറ്" (റ) എന്ന സഹാബിയോടാണ് നബി ചോദിച്ചത്. ബുഖാരി നോക്കുക. $\left(\frac{240}{3}\right)$

17–ാം പേജിൽ ഉടന്തടിച്ചാട്ടം വിധവകൾക്കു അന്നുണ്ടായിരുന്ന ഒരു സാമൂഹ്യച്ചട്ടമായിരുന്നു എന്നുപറഞ്ഞത് "ഇന്ത്യയിൽ" എന്നുകൂടിപ്പറഞ്ഞാലേ പൂർത്തിയാവുകയുള്ളു. കാരണം മറെറവിടേയും ഉടന്തടിച്ചാട്ടം ഉണ്ടായിരുന്നതായി അറിയപ്പെടുന്നില്ല.

23–ാംപേജിൽ ഖദീജ: (റ) കണ്ടതായിപ്പറയുന്ന സ്വപ്നം എവിടെയാണ് പറഞ്ഞതെന്നു എനിക്കു മനസ്സിലായിട്ടില്ല. അപ്രകാരംതന്നെ ബുഹൈറ: എന്ന പണ്ഡിതനെ കണ്ടതായിപ്പറയുന്ന വിവരവും ഞാൻ കണ്ടിട്ടില്ല. "ബുഹൈറ" എന്ന പേരിൽ ഒരാൾതന്നേയില്ലഎന്നാണ് എൻെറഅറിവ്. ഉള്ളത് "ബഹീറാ" എന്ന പേരിലാണ്.

24-ൽ കച്ചവടത്തിൻെറ ഉത്തരവാദിത്വം ഏറ്റെടുക്കാൻ വേണ്ടി നബി (സ) ഖദീജയുടെ വീട്ടിലേക്ക് ചെന്നപ്പോഠം മേഘം തണലിട്ട സംഭവം കച്ചവടത്തിൽനിന്നു മടങ്ങിവരുമ്പോ ഴാണെന്നാണ് എൻെറ ഓമ്മഅത്തന്നേയാണ്. സുർഖാനിയിലും മററും കാണുന്നതും.

30-ൽ ഖദീജ: ബീവിയുടെ മകൻ "ഹാലത്" ഇസ്ലാമിന്ന് മുമ്പുതന്നെ മരിച്ചുഎന്ന് എഴുതിയത് ശരിയല്ല. അദ്ദേഹം സഹാബിയാണ് എന്നു അബു ഉമർ പറഞ്ഞിട്ടുണ്ടെന്നു സുർഖാനീ പറയുന്നു. നബി(സ)ഉറങ്ങുമ്പോഠം ഹാലത് വന്നവിവരം ആയിശ: ബീവി പറഞ്ഞതായി "ത്വബ്റാനിയും" 'മുസ്തഅ്ഫിരി"യും നിവേദനം ചെയ്തിട്ടുണ്ട്. (സുർഖാനി $\frac{233}{1}$)

31-ാം പേജിലുംമററും നബിയുടെമകഠം റുഖയ്യ:ബീവിയേ റുഖിയ: എന്നാണ് എഴുതിക്കാണുന്നത്. അത് റുഖയ്യ: എന്നതാണ് ശരി.

ഹസ്രത് സൌദ:ബീബി (റ) ഹിജ്റ ഒന്നാം വർഷം ചരമമടഞ്ഞു എന്ന് 30-ാംപേജിൽ പറഞ്ഞതും പിശകാണ്. അവർ ഉമർ (റ) ഭരണകാലത്താണ് മരിച്ചത്. ഇബ്നുകസീറിൻെറ "അൽബിദായത് വന്നിഹായത്നോക്കുക" എന്നുപറഞ്ഞിട്ടുണ്ടെങ്കിലും ($\frac{144}{7}$) ഹിജറ: 54-ാംകൊല്ലത്തിൽ മുആവിയയുടെ ഭരണകാലത്താണ്അവർമരിച്ചത്എന്നതാണ് ഏററവുംസ്ഥിരപ്പെട്ടത് എന്നു മുഹമ്മദ്ബ്നുസഅ്ദ് പറഞ്ഞതായി നവവീഇമാംപറയുന്നുണ്ട് ($\frac{248}{2}$) "തഹ്ദീബുൽ അസമാഇവല്ലുഗത്")

50ൽ മക്കയിലെ ഗവർണ്ണരായിരുന്ന അബ്ദുല്ലാഹിബ്നുസ്സുബൈർ (റ) എന്നുപറഞ്ഞത് അദ്ദേഹം ഒരു ഖലീഫയുടെ കീഴിൽ ഗവർണ്ണരായിരുന്നു എന്നുതോന്നിപ്പിക്കും; അതാണ് ലേഖകൻെറ ഉദ്ദേശമെങ്കിൽ അതും തെററാണ്. അദ്ദേഹം മക്കത്ത് സ്വതന്ത്രനായ ഒരു ഭരണാധികാരിയായിരുന്നു. യസീദിൻെറയും മർവാൻെറയുംഅബ്ദുൽമലിക്കിൻെറയും നേതൃത്വംഅദ്ദേഹംസ്വീകരിച്ചിട്ടില്ല. അവരേഎതൃത്തിരുന്നഒരു സ്വതന്ത്രനായഭരണാധികാരിയായിരുന്നു.

59ൽ "ഉസ്മാൻെറ ഘാതകന്മാരേ കണ്ടുപിടിച്ച് ശിക്ഷിക്കു ന്നത് കൂടുതൽ കുഴപ്പത്തിന്നു കാരണമാകുമെന്നു് കണ്ടതുകൊണ്ടോ എന്തോ അദ്ദേഹം തൽക്കാലം അതിന്നു മുതിർന്നില്ല" എന്നു് എഴുതി ക്കണ്ടതും തെററിദ്ധാരണക്കു് വകനൽകും. വ്യക്തികാം ശിക്ഷി ക്കാനും രക്ഷിക്കാനും മുതിർന്നാൽ അരാജകത്വം നടമാടുമെന്നതു് സുവിദിതമാണല്ലോ. അതിനാൽ ആക്കാണ് ശിക്ഷിക്കാനുള്ള അധി കാരം എന്നതാണ് ആദ്യമായി തീരുമാനിക്കേണ്ടതു്. അതിനാലാ ണ് നബി (സ) മരിച്ചിട്ട് മറവുചെയ്യുന്നതിന്നുമുമ്പുതന്നെ പിൻ ഗാമിയെ തിരഞ്ഞെടുത്തതു്. ഇവിടെ അതു് ചെയ്യാതെ ആദ്യമാ യി ശിക്ഷിക്കണമെന്നുപറയുമ്പോൾ അതു് ഉദ്ദേശശുദ്ധിയോടെ വകവെച്ചുകൊടുക്കുവാൻ നിവൃത്തിയില്ല. ഇപ്പോരുാം എങ്ങിനെ ആയിശ: (റ) വിനും മുആവിയക്കും മററം വിട്ടുപോയി എന്നു മന സ്സിലാവുന്നില്ല. അതിനാൽ ഭരണാധികാരി ഉറച്ചതിന്നുശേഷമേ ശിക്ഷിക്കാൻ സാധിക്കുകയുള്ളു എന്ന അലി(റ)വിൻെറ വാദം തി കച്ചും ശരിയാണ്. അതിൽ ഒരു പന്തികേടുമില്ല. ഇതു് പിന്നീട് ആയിശ: (റ) യും മററം മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. യുദ്ധം അലി (റ) വിൻെറ എതിർകക്ഷിയുടെ പരാജയത്തിലാണ് കലാശി ച്ചതു്. അതിനാൽ 64-ാംപേജിൽ സന്ധിസംഭാഷണത്തിലാണ് അതു് തീർന്നതു് എന്നുപറഞ്ഞതും ശരിയല്ല. നബിയുടെ ഭായ്യമാ രിലും അടിമസ്ത്രീകളിലും എണ്ണിവരാറുള്ള റൈഹാനത്ത് (റ) നെ ഗ്രന്ഥകാരൻ പറയാതിരിക്കാനുള്ള കാരണം മനസ്സിലാവുന്നില്ല. അവർ നബി (സ) യുടെ ജീവിതകാലത്ത്തന്നേ മരിച്ചുപോയി ട്ടുണ്ട്. ഈ പുസ്തകം വായിച്ചുപഠിച്ചു അതിലുള്ള നല്ലവശം ജീവി തത്തിൽ പകത്തുവാൻ അല്ലാഹു നമുക്ക് തൌഫീഖ് ചെയ്യട്ടെ എന്നു പ്രാത്ഥിച്ചുകൊണ്ട് ഇതു് പൊതുജനസമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

**പി. എം. സയ്യിദ്അഹ്മദ്**
**ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയതങ്ങൾ**
(വലിയഖാസി, കോഴിക്കോട്)

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ തിരുനാമത്തിൽ.

സർവ്വസ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിന്നു് മാത്രമാകുന്നു. അവനോടുമാത്രം നാം സഹായത്തിന്നർത്ഥിക്കുന്നു. അല്ലാഹുവിൻെറ രക്ഷയും കരുണയും അവൻെറ ദൂതനായ മുഹമ്മദ് നബി(സ)യുടെയും സഹാബത്തിൻെറയും അവിടുത്തെ കുഡുംബാദികളുടെയും മേൽ സദാ വർഷിക്കുമാറാകട്ടെ.

## നബി (സ) യുടെ ജീവിതദശകൾ

നബി(സ)യുടെ ബഹുഭാര്യത്വത്തിലുൾക്കൊള്ളുന്ന മഹത്തായ തത്വങ്ങളും, യുക്തിയും ഗ്രഹിക്കുന്നതിന്നു് ആദ്യമായി നാം അദ്ദേഹത്തിൻെറ ജീവിതത്തിലെ വിവിധദശകളെ സംബന്ധിച്ച് ഒരു പഠനം നടത്തേണ്ടതുണ്ടു്. അവിടുത്തെ ജീവിതകാലത്തെ മൂന്നു് ഘട്ടങ്ങളായി തിരിച്ചുകൊണ്ടു് നമുക്ക് ഈ വിഷയകമായി അല്പം ചിന്തിക്കാം. തിരുമേനിയുടെ യുവത്വം തുളുമ്പുന്ന അവിവാഹിതകാലഘട്ടമായ 25 വയസ്സുവരെയുള്ള കാലമാണ് ഒന്നാമത്തെ ദശ. അവിടം മുതൽ 53 വയസ്സ് വരെ വൈവാഹിക ജീവിതത്തിലൂടെയുള്ളകാലം രണ്ടാം ഘട്ടവും, അവിടുന്നങ്ങോട്ട അന്ത്യംവരെയുള്ള കാലം മൂന്നാം ഘട്ടവുമായി വിഭജിക്കാം.

## ആദ്യഘട്ടം

ഒരു മനുഷ്യൻെറ ജീവിതത്തിൽ 18 വയസ്സ് മുതൽ 25 വരെയുള്ള കാലഘട്ടമാണ് യൌവനത്തിൻെറ മൂർദ്ധന്യദശ എന്നത് സർവ്വത്ര അംഗീകരിക്കപ്പെട്ട ഒരു കാര്യമാണ്. ചോരത്തിളപ്പിൻെറ ആത്തിരമ്പുന്ന ഈ കാലത്താണ് വികാരത്തിൻെറ വേലിയേററത്തിന്നു വിധേയനായി മനുഷ്യൻ ലൈംഗിക വ്യാപാരത്തിലേർപ്പെടുന്നത്. വൈവാഹികബന്ധത്തിലൂടെയും അല്ലാതെയും ഇത് ഉണ്ടായേക്കാം. എന്നാൽ നബി(സ)യുടെ ഈ ജീവിതകാലഘട്ടവും അന്നത്തെ പരിതഃസ്ഥിതികളും എന്തായിരുന്നുവെന്നു് നമുക്കല്പം പരിശോധിക്കാം.

ലോകൈകസുന്ദരനും ആരോഗ്യദൃഢഗാത്രനുമായിരുന്നു നബിതിരുമേനി(സ). അതിന്നു പുറമെ സൽസ്വഭാവം, സത്യസന്ധത തുടങ്ങിയ ഉൽകൃഷ്ടഗുണങ്ങളുടെ വിളനിലവുമായിരുന്നു അദ്ദേഹം. പിൽക്കാലത്തും ശത്രുക്കൾപോലും തലകുലുക്കി സമ്മതിച്ച കാര്യങ്ങളാണിവ. ഇത്തരം എല്ലാ മാനുഷിക ഗുണങ്ങളും നിറഞ്ഞ് സർവ്വരാലും ആദരിക്കപ്പെട്ടിരുന്ന മുഹമ്മദിനെ ഭർത്താവായി കിട്ടാൻ അക്കാലത്ത് അറേബ്യായിലെ സുന്ദരികളായ പല തരുണികളും ആശിച്ചിരുന്നു, അന്നു് ഒരു ഭാര്യയെക്കൊണ്ടു, തൃപ്തിപ്പെടുന്നതിന്നുപകരം പത്തും ഇരുപതും സ്ത്രീകളെ ഭാര്യാമാരാക്കി ഉപയോഗിക്കുന്ന സമ്പ്രദായമായിരുന്ന അറേബ്യായിൽ സർവ്വത്ര നടപ്പിലുണ്ടാ

യിരുന്നത്. ഇഷ്ടമുള്ളത്ര സ്ത്രീകളെ ഭാര്യമാരായോ വെപ്പാട്ടികളായോ അധീനതയിൽ വെച്ച് ലൈംഗികബന്ധം പുലർത്തുന്നതിനെ തടയുന്ന യാതൊരു നിയമങ്ങളും സാമൂഹ്യാചാരങ്ങളും അവിടെ ഉണ്ടായിരുന്നില്ല.

ഇത്തരം അനുകൂലമായ ഒരു പരിതഃസ്ഥിതിയിൽ പ്രവാചകന്ന് എതിർകക്ഷികൾ പറയുംപോലെ വിഷയാസക്തിയുടെ വേലിയേററവും സൌന്ദര്യമോഹത്തിൻെറ അലയടികളുമുണ്ടായിരുന്നുവെങ്കിൽ അഥവാ അദ്ദേഹം ഒരു സ്ത്രീലമ്പടനായിരുന്നുവെങ്കിൽ സുന്ദരികളായ എത്ര സ്ത്രീകളെ വേണമെങ്കിലും വിവാഹം കഴിക്കാമായിരുന്നു. എന്നാൽ 25 വയസ്സ്‌വരെയുള്ള കാലഘട്ടത്തിൽ അദ്ദേഹം ഒരു വിവാഹത്തെസംബന്ധിച്ചു ചിന്തിക്കുകപോലും ചെയ്തിട്ടില്ല. അദ്ദേഹത്തിൻെറ ജീവിതപരിശുദ്ധിക്ക് ഒരു പുഴക്കുത്ത്‌പോലും ഏററതുമില്ല. സന്മാർഗ്ഗനിഷ്ഠയിൽനിന്നും ചാരിത്ര്യപരിശുദ്ധിയിൽനിന്നും അല്പംപോലും വ്യതിചലിക്കാതെ 'അൽ അമീൻ', 'താഹിർ' (വിശ്വസ്ഥൻ, പരിശുദ്ധൻ) എന്നീ സ്ഥാനപ്പേരുകൾ നേടിക്കൊണ്ട് അറബികളുടെ കണ്ണിലുണ്ണിയായി അദ്ദേഹം ജീവിച്ചു. പ്രവാചകത്വത്തിന്നുശേഷം തിരുമേനിയുടെ ആത്മശത്രുക്കളായിതീർന്ന അറബികൾ മുഴുവനും ഇക്കാര്യം തുറന്നു സമ്മതിച്ചതായി ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. വിദേശികളായ പല രാജാക്കന്മാരുമായി നബി(സ)യെ സംസന്ധിച്ച്

ശത്രുക്കൾ നടത്തിയ സംഭാഷണത്തിലും എഴുത്തുകളിലു മെല്ലാം 'മുഹമ്മദ് വിശ്വസ്ഥനും പരിശുദ്ധനുമാണെ'' ന്ന് അവർ സമ്മതിച്ചത് ഇതിന്നു വ്യക്തമായ തെളി വാണ്.

അപ്പോൾ വിഷയാസക്തിയും വികാരവും ആത്തി രമ്പുന്ന ഈ കാലഘട്ടത്തിൽ അത്തരം നീചവൃത്തികളി ലൊന്നും ഏർപ്പെട്ടുകയൊ അതെപ്പററി ചിന്തിക്കുകയോ ചെയ്യാതെ പിൽക്കാലത്ത്—അതും ജീവിതത്തിൻെറ സായാഹ്നഘട്ടത്തിൽ കുറെ ഭാര്യമാരെ സ്വീകരിക്കാൻ നിർബ്ബന്ധിതനായ ഒരു വ്യക്തിയെ സ്ത്രീലമ്പടനായി ചിത്രീകരിക്കുന്നത് തികഞ്ഞ വിഡ്ഢിത്തമോ അസൂയ യോ അല്ലാതെ മറെറന്താണ്? ആകയാൽ ഇത്തരം വി വാഹങ്ങളിൽ മറെറന്തോ മഹത്തായ തത്വങ്ങൾ ഉൾ ക്കൊള്ളുന്നുണ്ടെന്നു ഇവിടെ വെച്ചു തന്നെ വ്യക്ത മാവും. നമുക്ക് കുറച്ചുകൂടി മുമ്പോട്ടു കടന്നു ചിന്തിക്കാം.

## രണ്ടാം ഘട്ടം

നബി(സ)യുടെ 25 വയസ്സ് മുതൽ 53 വയസ്സ് വരെയുള്ള 28 കൊല്ലത്തെ ജീവിത കാലത്തെയാണ് രണ്ടാം ഘട്ടമായി കണക്കാക്കുന്നത്. 25 മുതൽ 40 വരെ യുള്ള കാലം മനുഷ്യജീവിതത്തിൽ എല്ലാംകൊണ്ടും പ്രധാനപ്പെട്ട കാലഘട്ടം തന്നെയാണ്. ശരീരത്തിൻെറ യും മനസ്സിൻെറയുമെല്ലാം വളർച്ച പൂർത്തിയാകുന്ന

കാലഘട്ടമാണത്. ഇതും യൌവനത്തിൻെറയും ചോരത്തിളപ്പിൻെറയും വികാരാവേശത്തിൻെറയും കാലമായി തന്നെ കണക്കിലെടുക്കേണ്ടതാണ്.

പ്രസ്തുത 25–ാമത്തെ വയസ്സിലാണ് പ്രവാചകൻ ആദ്യമായി വൈവാഹിത ജീവിതത്തിലേക്ക് കാലെടുത്ത് വെക്കുന്നത്. എന്നാൽ ആരെയാണ് അവിടുന്ന് ആദ്യമായി വിവാഹം ചെയ്യുന്നത് എന്ന കാര്യം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. തന്നേക്കാൾ 15 വയസ്സ് കൂടുതലുള്ള മദ്ധ്യവയസ്കനായ ഒരു സ്ത്രീയെ അതും രണ്ടു തവണ വിവാഹിതയായി വിധവയായി ത്തീരുകയും, മൂന്ന് സന്താനങ്ങളുടെ മാതാവായിത്തീരുകയും ചെയ്ത ഒരു പെണ്ണ് നബി(സ)യെ കണ്ണു ചിമ്മി വിമർശിക്കുന്നവരുടെയും നമ്മുടെ തന്നെയും സതശ്രദ്ധപതിയേണ്ട ഒരു കാര്യമാണിത്. സൌന്ദര്യത്തെയും ലൈംഗീകമായ സംതൃപ്തിയേയും തേടി നടക്കുന്ന ഏതെങ്കിലും ഒരു യുവാവ് തന്നെക്കാൾ 15 വയസ്സ് കൂടുതലുള്ളതും രണ്ട് ഭർത്താക്കന്മാരൊത്ത് ജീവിച്ച് മൂന്ന് പ്രസവിച്ച യൗവനം നശിച്ച ഒരു പെണ്ണിനെ വിവാഹം ചെയ്യാൻ ഒരുമ്പെടുമോ?

പ്രവാചകനെ സൌന്ദര്യമോഹിയും സ്ത്രീലമ്പടനുമായി ചിത്രീകരിക്കുന്നവരുൾക്കൊള്ളുന്ന പുരുഷവർഗ്ഗത്തിൻെറ മനഃശ്ശാസ്ത്രം ഈ വിഷയകമായി എന്തെന്നു നിഷ്പക്ഷമായി ഒന്നു ചിന്തിച്ചുനോക്കിയാൽ കാര്യം കൂടുതൽ

വ്യക്തമാവും. അപ്പോൾ കാര്യത്തിൻെറ കാതൽ കണ്ടെത്തും. തൻെറ ഭാര്യ എന്നുമെന്നും സുന്ദരിയും യുവതിയും കന്യകയുംകൂടി ആയിരിക്കണമെന്നല്ലെ യഥാർത്ഥത്തിൽ ഓരോ പുരുഷനും മോഹിക്കുന്നത്. സ്വന്തം ഭാര്യയുടെ സൌന്ദര്യത്തിൻെറ ക്ഷേമാനത്തിൽ മാനസിക വേദന അനുഭവിക്കുന്ന എത്രയെത്ര പുരുഷന്മാരുണ്ട്? സൌന്ദര്യത്തിന്ന് അല്പം ഭംഗം സംഭവിച്ചുവെന്നു കാണുമ്പോൾ സ്വന്തം ഭാര്യമാരെപ്പോലും വെറുക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന ഹീനകൃത്യത്തിന്നുപോലും മടിക്കാത്ത ധാരാളം പുരുഷന്മാരുണ്ട്. "വാടാത്ത—പോറലേല്ക്കാത്ത—വണ്ടണയാത്ത പുതുപുഷ്പങ്ങളുമന്വേഷിച്ചു നടക്കുന്ന കാർവണ്ടുകളാണ് യഥാർത്ഥത്തിൽ പുരുഷവർഗ്ഗമെന്നു" പ്രസിദ്ധ ശാസ്ത്രജ്ഞനായ ടോൾസ്റ്റായി പറഞ്ഞതാണ് യാഥാർത്ഥ്യം. ചുരുക്കത്തിൽ സുന്ദരികളായ കന്യകാമണികളുമൊത്തു ഉല്ലാസജീവിതം നയിക്കുവാനാണ് പുരുഷൻ ആഗ്രഹിക്കുന്നത്. സത്യത്തെ മൂടിവെക്കാത്ത ഒരു പുരുഷനും ഇത് നിഷേധിക്കുകയില്ല. ഈ വീക്ഷണത്തിലൂടെയും ഒന്നു ചിന്തിച്ചുനോക്കു! ഒരു പുരുഷനെന്ന നിലക്ക് തൻെറ ആദ്യ ഭാര്യയെങ്കിലും യുവതിയായ ഒരു കന്യകയായിരിക്കാൻ പ്രവാചകനും മോഹമുണ്ടായിരിക്കേണ്ടതല്ലെ? കന്യകാ വിവാഹത്തിന്ന് വളരെയധികം പ്രാധാന്യം നൽകിക്കൊണ്ട് അദ്ദേഹം തൻെറ അനുയായികളെ ഉപദേശിക്കുകകൂടി ചെയ്തിട്ടുണ്ട്. എന്നിട്ടും എന്തേ അദ്ദേഹം അതിന്നു

മോഹിച്ചല്ല? തൻെറ ഉററ സ്നേഹിതനായിരുന്ന അബ്ദുറഹിമാനുബ്നുഔഫ് വിവാഹം ചെയ്ത വാർത്ത കേട്ടപ്പോൾ "നീ എന്തെ ഒരു കന്യകയെ വേളി കഴിച്ചില്ല. നിനക്ക് അവളുമായി കളിക്കാമായിരുന്നില്ലെ" എന്നു് നബി(സ) ചോദിച്ചതു് ഇവിടെ സ്മരണീയമാണ്.

ഓരോ പുരുഷനും ഇവിടെ വെച്ച് തങ്ങളുടെ സ്വന്തം ആത്മാവിനോടു ഒരു ചോദ്യം ഉന്നയിക്കട്ടെ; "പ്രവാചകൻ എന്തുകൊണ്ട ഒരു യുവകന്യകയെ വിവാഹം ചെയ്യാതെ മദ്ധ്യവയസ്ക്കയായ ഒരു വിധവയെ വേളി കഴിച്ചു? എന്നു് അപ്പോൾ തീർച്ചയായും ഹൃദയത്തിൻെറ മറുപടി ഇപ്രകാരമായിരിക്കും. "അദ്ദേഹം ഒരു സ്ത്രീലമ്പടനും സുഖഭോഗിയും വിഷയാസക്തനുമായിരുന്നില്ല. അക്കാരണത്തിന്നു വേണ്ടിയല്ലാ അദ്ദേഹം വിവാഹം ചെയ്തതെന്നും അതിൽ മറെറന്തോ കാര്യമായ തത്വങ്ങൾ ഉൾക്കൊള്ളുന്നുണ്ട്'" എന്നു്.

വിധവയായ ഹസ്രത്ത്ഖദീജാ(റ)യെ നബി(സ) വിവാഹം ചെയ്ത പരിതസ്ഥിതികളെ സംബന്ധിച്ചു ചുരുക്കത്തിൽ അവരുടെ ചരിത്രം പറയുന്ന അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. അതുകൊണ്ടു കൂടുതൽ കാര്യം അവിടെ വെച്ചു ഗ്രഹിക്കാം. 40 വയസ്സ് പ്രായമെത്തിയ ഈ വിധവയുമായുള്ള ദാമ്പത്യജീവിതം കുറച്ചൊന്നുമല്ലാ നബി(സ) തുടൻു്പോയതു്. ദീർഘമായ 25

കൊല്ലക്കാലമാണത്. ഈ കാൽ നൂററാണ്ടിന്നിടക്ക് പ്രവാചകൻെറ 50 വയസ്സ് പൂർത്തിയാകുന്ന കാലഘട്ടത്തിന്നുള്ളിൽ അദ്ദേഹം വേറെ ഒരൊററ വിവാഹവും ചെയ്തിട്ടില്ലെന്നതും ബുദ്ധിയുള്ള ലോകത്തിന്നു് ചിന്തിക്കാൻ മാത്രം വക നൽകുന്നുണ്ട്.

## മൂന്നാം ഘട്ടം

നബി(സ)ക്ക് 50 വയസ്സ് പൂർത്തിയായ കാലത്താണ് അവിടുത്തെ പ്രഥമ പത്നിയായ ഹസ്രത്ത് ഖദീജാ(റ) ചരമമടഞ്ഞത്. അവിടം മുതൽക്കാണ് ജീവിതത്തിൻെറ മൂന്നാം ഘട്ടം ആരംഭിക്കുന്നത്. അൻപതാമത്തെ വയസ്സ് ഏതൊരു മനുഷ്യനും വാർദ്ധക്യത്തിൻെറ പ്രാരംഭദശയാണെന്നത് തീർച്ചയാണ്. നാഡികൾ തളരുകയും, തൊലി ഞുളിയുകയും, ശക്തി ക്ഷയിക്കുകയും, കാഴ്ച കുറയുകയും ചെയ്തു തുടങ്ങുന്ന കാലഘട്ടം. ജീവിതത്തിലെ പ്രധാനപ്പെട്ട ദശകളിലെല്ലാം ഏകഭാര്യാ ജീവിതം നയിച്ചുപോന്ന നബി(സ) തിരുമേനി എനിയും അതേ നിലതന്നെ തുടരുകയാണ് ചെയ്യുന്നതു്. ഖദീജാ(റ)യുടെ ചരമത്തിന്നുശേഷവും അദ്ദേഹം മററൊരു വിവാഹം ചെയ്യുന്നുണ്ടെങ്കിലും ബഹുഭാര്യത്വത്തിലേക്ക് അപ്പോഴും പ്രവേശിക്കുന്നില്ല. 53 വയസ്സ് പൂർത്തിയാകുന്നവരേയും ഹസ്രത്ത് സൌദാ(റ) എന്ന 55 വയസ്സ്കാരിയായ ഒരു വിധവയുമായുള്ള

ദാമ്പത്യജീവിതത്തിലാണു് അവിടുന്നു് വീണ്ടും ഏർപ്പെട്ടതു്.

ഹസ്രത്തു് ഖദീജായുടെ മരണശേഷവും വിധവയായ ഒരു വൃദ്ധസ്ത്രീയെ വിവാഹം ചെയ്തു ജീവിതം നയിച്ച വയോധികനായ വന്ദ്യപ്രവാചകൻ വിഷയാസക്തനോ സ്ത്രീലമ്പടനോ ആണെന്നു് ചിത്രീകരിക്കാൻ മുതിന്ന വിമശ്കന്മാർ ഈ ചരിത്രയാഥാർത്ഥ്യങ്ങളൊന്നും അറിഞ്ഞിട്ടില്ലെന്നേ പറയാൻ നിവൃത്തിയുള്ളു. നബി(സ)ബഹുഭാര്യത്വം സ്വീകരിച്ചു എന്നു് മാത്രമാണു് അവരുടെ അറിവ്. അതു നബിയുടെ യൗവന കാലത്തായിരിക്കുമെന്നും അതുകൊണ്ടു് വിഷയാസക്തിയും സൌന്ദര്യമോഹവുമായിരിക്കും അതിൻെറ കാരണമെന്നും ഈ പാവങ്ങൾ കണക്കു കൂട്ടിയിരിക്കും. അല്ലാതെ 53 വയസ്സിന്നുശേഷം ഒരു മനുഷ്യൻ കുറെയധികം സ്ത്രീകളെ വിവാഹം കഴിച്ചിട്ടുണ്ടെങ്കിൽ അതു സ്ത്രീവിഷയത്തിലുള്ള അതിയായ അതിമോഹംകൊണ്ടാണെന്നു് അല്പമെങ്കിലും തലച്ചോറ് ശേഷിച്ച ഒരു മനുഷ്യനും പറയാൻ മുതിരുകയില്ല. ജരാനരകൾ ബാധിച്ചു് വാദ്ധക്യകാലത്തിൻെറ ചൂഷണത്തിന്നു വിധേയമായ ഇക്കാലത്താണു് ഒരാൾക്കു് വികാരശമനത്തിന്നു കൂടുതൽ സ്ത്രീകളെ ആവശ്യമായി വരികയെന്നു് ആരെങ്കിലും വിശ്വസിക്കുമോ? നബി(സ)തിരുമേനി ഇസ്ലാമികപ്രബോധനം ആരംഭിച്ച കാലഘട്ടത്തിൽതന്നെ എതിർകക്ഷികൾ പെണ്ണും

പണവും കാണിച്ചു് അവിട്ടത്തെവശത്താക്കാൻ പരിശ്രമിച്ചിരുന്നു. മക്കാ മുശ്്രിക്കുകളുടെ പ്രതിനിധികൾ നബി(സ)യെ സമീപിച്ചു നിനക്കു കനകവും കാമിനിയുമാണു ആവശ്യമെങ്കിൽ വേണ്ടത്ര സ്വർണ്ണവും, അറേബ്യയിലെഏറ്റവും സൗന്ദര്യവതിയായ യുവതിയെ വിവാഹം ചയ്യിച്ചു തരികയും ചെയ്യാം. ഈ ഉദ്യമത്തിൽനിന്നു് ഒന്നു പിന്തിരിയണം എന്നു് അവിട്ടത്തോടു കേണപേക്ഷിച്ചിരുന്നു. പക്ഷെ തിരുമേനിയ്ക്കു് അതല്ലായിരുന്നു പ്രശ്നം. പെണ്ണിന്നും മണ്ണിന്നും വേണ്ടിയല്ലാ അദ്ദേഹം ജീവിച്ചതും പ്രവത്തിച്ചതും. അദ്ദേഹത്തിൻെറ ലക്ഷ്യം ഇസ്ലാമിക പ്രബോധനമായിരുന്നു. അതിൻെറ വിജയത്തിന്നു വേണ്ടിയുള്ള മാർഗ്ഗങ്ങളാണു് അവിട്ടന്നു് അന്വേഷിച്ചുകൊണ്ടിരുന്നതു്.

—:o:—

## ബഹുഭാര്യത്വത്തിൻെറ തത്വങ്ങൾ.

53 വയസ്സിന്നുശേഷം ബഹുഭാര്യത്വത്തിലേക്കു് പ്രവേശിച്ച പ്രവാചകപ്രഭു (സ) 63–ാമത്തെ വയസ്സിലാണു് ഇഹലോകവാസം വെടിയുന്നതു്. ഇതിന്നിടയിലുള്ള ഈ ചുരുങ്ങിയ കാലഘട്ടം എല്ലാംകൊണ്ടും പ്രാധാന്യമർഹിക്കുന്നതും തിരക്കുപിടിച്ചതും കുഴപ്പങ്ങൾ നിറഞ്ഞതുമായിരുന്നു. തൻെറ ദൌത്യനിർവ്വഹണം പൂത്തീകരിച്ചു കാണാനുള്ള അതിയായ ആകാംക്ഷ ഒരു

വശത്തും, പ്രബോധകന്മാരുടെ കുറവ് മറ്റൊരുവശത്തും, യുദ്ധത്തിൻെറ തീവ്രതകൾ, അനാഥകളുടേയും വിധവകളുടേയും പെരുപ്പം തുടങ്ങിയ പല നീറുന്ന പ്രശ്നങ്ങളേയും ഈ ചുരുങ്ങിയ കാലഘട്ടത്തിൽ അദ്ദേഹത്തിന്നു നേരിടേണ്ടിവന്നു. ഇത്തരം ഒരു പരിതഃസ്ഥിതിയിലാണ് അവിടുന്ന് ബഹുഭാര്യത്വത്തിലേക്ക് പ്രവേശിക്കുന്നത് എന്ന കാര്യം ചിന്താർഹമായ ഒരു പ്രശ്നമാണ്. എന്തായിരുന്നു അതിൽ ഉൾക്കൊള്ളുന്ന തത്വമെന്നും ഏതുപരിതഃസ്ഥിതിയിലാണ് അതു സ്വീകരിച്ചതെന്നും നമുക്കിവിടെ അല്പം ചിന്തിക്കാം.

പ്രവാചകപ്രഭുവിന്ന് നിറവേറേണ്ടിയിരുന്ന മഹത്തായ കർത്തവ്യം തൻെറ ദൌത്യം ബഹുജനങ്ങളിൽ പ്രബോധനം ചെയ്യുക എന്നുള്ള ഭാരമേറിയ ഉത്തരവാദിത്വമായിരുന്നു. അന്യകാലഘട്ടങ്ങളിൽ പിതൃവ്യനായ അബൂതാലിബും സഹധർമ്മിണിയായ ഖദീജാ (റ) യും അദ്ദേഹത്തിന്ന് എല്ലാ രംഗത്തും തണലേകിയിരുന്നു. അവരുടെ ചരമത്തെത്തുടർന്ന് അദ്ദേഹത്തിന്ന് കുഡുംബപരമായ സ്വാധീനവും പിന്തുണയും നഷ്ടപ്പെട്ടു. ശത്രുക്കൾ അധികരിക്കുകയും അവരുടെ മർദ്ദനങ്ങൾക്ക് ശക്തി കൂട്ടുകയും ചെയ്തു. ഇത്തരം നിരവധി നീറുന്ന പ്രശ്നങ്ങളുൾക്കൊള്ളുന്ന പരിതഃസ്ഥിതിയിൽ താഴെ പറയുന്ന പ്രധാന തത്വങ്ങളും യുക്തിയും കണക്കിലെടുത്തുകൊണ്ട്

അദ്ദേഹത്തിന്നു കൂടുതൽ വിവാഹ ബന്ധങ്ങളിലേപ്പെടൽ അനിവാര്യമായിരുന്നു.

(1) വിവാഹബന്ധംകൊണ്ടു് ഭാര്യയുടെ കുഡുംബവുമായും ആ കുഡുംബത്തോട്ടു് ബന്ധപ്പെട്ടുനില്ക്കുന്ന വിപുലമായ ഒരു ജനസമൂഹത്തോടും കൂടുതൽ ബന്ധപ്പെടാനും അവരുമായി സ്നേഹത്തിലും മമതയിലും വർത്തിക്കാനും അവരിലേക്കു് ദിവ്യസന്ദേശം എളുപ്പത്തിൽ എത്തിക്കാനും കഴിയുന്നു. നൂറു പുരുഷന്മാരുമായി ബന്ധപ്പെടുന്നതിനേക്കാൾ മെച്ചം ഇത്തരം വിഷയങ്ങളിൽ ഒരു സ്ത്രീയുമായുള്ള വിവാഹബന്ധംകൊണ്ടു ഉണ്ടാകുമെന്നതു് തീർച്ചയാണു്.

(2) വിവാഹബന്ധംകൊണ്ടു ആ കുഡുംബത്തിലും അതിനോടു ബന്ധപ്പെട്ട ഗോത്രങ്ങളിലുമുള്ള ശത്രുക്കളുടെ ഉപദ്രവം കുറയുകയും അവരിൽ അധികപേരും മിത്രങ്ങളായിത്തീരുകയും ചെയ്യാൻ ധാരാളം സാദ്ധ്യതകളുണ്ടു്. തൻമൂലം പ്രബോധനമാർഗ്ഗത്തിലുള്ള കാര്യമായ പ്രതിബന്ധങ്ങൾ നീങ്ങുകയും വമ്പിച്ച യുദ്ധങ്ങളും അതിനേതുടൻന്നുണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾതന്നേയും ഒരു വാക്കാലും സാദ്ധ്യമാകും.

(3) ഏതൊരു പ്രസ്ഥാനത്തിൻെറയും വിജയം അതിലെ പ്രബോധകന്മാരുടെയും ആത്മാർത്ഥതയുള്ള പ്രവർത്തകന്മാരുടേയും എണ്ണത്തെ ആശ്രയിച്ചിരിക്കും—പ്രവാചകൻെറ പ്രബോധനം പുരുഷന്മാരോടെന്നപോലെ സമു

ദായത്തിൻെറ അദ്ധാംശമായ സ്ത്രീകളോട്ടം നടത്തേണ്ടി യിരുന്നു. അപ്പോൾ സ്ത്രീകൾക്കിടയിൽ പ്രബോധന സന്ദേശം പ്രചരിപ്പിക്കാൻ കൂട്ടതൽ സ്ത്രീകൾതന്നെ— അതും വിശ്വസ്ഥകളായവർ–ഉണ്ടായിരിക്കുക എന്നത് അനിവാര്യമാണ്. സ്വന്തം സഹധർമ്മിണിമാരേക്കാൾ വിശ്വസ്ഥതയും ആത്മാർത്ഥതയും മറേറതു് സ്ത്രീകളിൽനിന്നാണ് ഒരു പുരുഷന്നു് പ്രതീക്ഷിക്കാൻ?

ഇക്കാര്യം പ്രവാചകപത്നിമാരുടെ ചരിത്രത്തിലേക്ക് കണ്ണോടിക്കുമ്പോൾ സൂര്യപ്രകാശംപോലെ വ്യക്തമാവും. ഇസ്ലാമിനെ പ്രബോധനം ചെയ്യുന്നതിലും അതിൻെറ സുന്ദരമായ സംസ്കാരമൂല്യങ്ങളേയും അനുഷ്ഠാനാചാരകർമ്മാദി വിജ്ഞാനത്തേയും പ്രചരിപ്പിക്കുന്നതിൽ അവർ വഹിച്ച മഹത്തായ പങ്ക് സ്തുത്യർഹമാണ്. ഈ മഹിളാമണികളുടെ ഉള്ളഴിഞ്ഞ സഹായസഹകരങ്ങൾ അന്നു് ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇസ്ലാമിക വിജ്ഞാനത്തിൻെറ നല്ലൊരു ശതമാനംതന്നെ ലോകത്തിന്നു നഷ്ടപ്പെട്ടമായിരുന്നു എന്നതാണ് ചരിത്രസത്യം.

നബി(സ)യുടെ വീട് അക്കാലത്ത് ഒരു വിദ്യാലയംതന്നെയായിരുന്നു. കുടുംബത്തിൽപെട്ട പുരുഷന്മാർക്കും സ്ത്രീകൾക്കാകമാനവും നബി പത്നിമാർ മതം പഠിപ്പിച്ചുകൊണ്ടിരുന്നു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പെരുമാററമര്യാദകളും, ദാമ്പത്യധർമ്മങ്ങളും മററുകാര്യ

ങ്ങളും ഈ സ്ത്രീകളിൽക്കൂടിയാണ് പ്രചരിപ്പിച്ചതും പ്രവാചകപ്രഭു എപ്രകാരം ലോകത്തിന്നു മാതൃകപുരുഷനാണോ അതുപോലെ നബി(സ)യുടെ ഭാര്യമാരും ഉത്തമകളായ മാതൃകാമഹിളകളായിരിക്കേണ്ടത് അനിവാര്യമാണ്. സ്ത്രീകളെമാത്രം ബാധിക്കുന്ന അനേകം പ്രശ്നങ്ങളുണ്ട്. അവയെ സംബന്ധിച്ച ശരിയായ അറിവും പഠനവും നബിപത്നിമാരിൽക്കൂടിയാണ് നമുക്ക് ലഭിച്ചതെന്നകാര്യം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇസ്ലാമിൻെറ പ്രബോധനത്തിന്നു്മുമ്പ് ആത്മാവിനെപ്പോലും വകവെച്ചുകൊടുക്കാതെ വെറും മൃഗീയമായ കാമവികാരങ്ങൾക്കുമാത്രം ഉപയോഗിക്കപ്പെട്ടിരുന്ന സ്ത്രീസമുദായത്തെ സ്വാതന്ത്ര്യത്തിൻെറ രാജപാതയിലേക്ക് നയിക്കുകയും, സംസ്കാര സമ്പന്നരും സൌശീല്യവതികളുമാക്കിത്തിക്കുകയും ചെയ്തത് ഈ സ്ത്രീകൾ മുഖേനയാണ്. പിൽക്കാലത്ത് ധാരാളം നബി വചനങ്ങൾ ഈ ഭാര്യമാരിൽനിന്നു് റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. ഇതെല്ലാം ലോകത്തിന്നു് മഹത്തായ ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല. ഇന്നത്തെ ലോകത്ത് രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിലെല്ലാം വനിതകളുടെ സേവനത്തിന്നു എത്ര കണ്ടു പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്നു ഒന്നു ചിന്തിച്ചുനോക്കൂ! 'മഹിളാ സംഘടനകളും' 'മിഡ്‌വൈഫു'മാരുമില്ലാത്ത കുഗ്രാമങ്ങൾപോലും കാണുകയില്ല. അപ്പോൾ പ്രവാചക ശിരോമണിക്ക് നിർവ്വഹിക്കേണ്ടിയിരുന്ന വമ്പിച്ച

ഉത്തരവാദിത്വത്തിൽ ഒരു മഹിളാ സംഘടനയുടെ സഹായ സഹകരണങ്ങളുടെ ആവശ്യകത സമ്മതിക്കാത്ത ഒരു ബുദ്ധിജീവി ഉണ്ടായിരിക്കയില്ല. ബുദ്ധിപരമായി എത്രതന്നെ മികച്ച പെണ്ണായാലും ഒന്നോ രണ്ടോ സ്ത്രീകളെക്കൊണ്ടു ഇത്രയും കാര്യങ്ങൾ നടപ്പിൽ വരുത്താനും നേടിയെടുക്കാനും സാദ്ധ്യമല്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തതു്.

(4) പ്രവാചകന്റെ വാർദ്ധ്യക്യകാലത്തെ ഈ വിവാഹങ്ങൾകൊണ്ടുള്ള മഹത്തായ മറ്റൊരു തത്വം വിധവകളെയും അനാഥകളേയും സംരക്ഷിക്കുക എന്നതായിരുന്നു. ശത്രുക്കളുമായുള്ള പല യുദ്ധങ്ങളിലും അക്കാലത്ത് മുസ്ലിംകൾക്ക് ഏറ്റുമുട്ടേണ്ടിവരികയും അതിൽ പല ധീരയോദ്ധാക്കളും ചരമമടയുകയും ചെയ്തു. നബി(സ)യുടെ ഏറ്റവും അടുത്ത ഉത്തമസുഹൃത്തുക്കളായിരുന്നു ഈ രക്തസാക്ഷികൾ. ആ നിലക്കും സർവ്വസൈന്യാധിപനും നേതാവുമെന്നനിലക്കും ഇവരുടെ അനാഥകളെയും വിധവകളേയും സംരക്ഷിക്കേണ്ട പാവനവും മഹത്തരവുമായ ഉത്തരവാദിത്തം നബി(സ)ക്കാണ് ഉണ്ടായിരുന്നത്. ധീരയോദ്ധാക്കൾക്ക് അവരുടെ സേവനം കണക്കിലെടുത്തുകൊണ്ട് പല ഉന്നത ബഹുമതികളും സമ്മാനങ്ങളും നൽകൽ ഇക്കാലത്തും പതിവാണല്ലൊ. ചരമമടഞ്ഞവരുടേതു് അവരുടെ ഭാര്യമാർക്കോ സന്താനങ്ങൾക്കോ ആണു് ലഭിയ്ക്കുക.

തങ്ങളുടെ ജീവനാഥന്മാർ മരണപ്പെട്ടുക കാരണം അഗാധമായ ഹൃദയവേദന അനുഭവപ്പെട്ടുകയും അനാഥകളായ പിഞ്ചോമനകളേയുംകൂട്ടി തെരുവിലിറങ്ങാൻ നിർബ്ബന്ധിതരായിതീരുകയും ചെയ്ത ഏതാനും സ്ത്രീകളുടേയും കുട്ടികളേയും സംരക്ഷണഭാരം സ്വയം ഏറെറടുക്കുകയാണു തിരുമേനി(സ)ഈ വിവാഹങ്ങൾകൊണ്ടു ചെയ്യുന്ന മഹത്തായ കൃത്യം. അങ്ങിനെ അവിടുന്നു് ചെയ്യിട്ടില്ലായിരുന്നുവെങ്കിൽ ഈ സ്ത്രീകളിൽ പലരും ശത്രുക്കളുടെ കയ്യിലകപ്പെട്ടു കഠിനമായ മർദ്ദനങ്ങളനുഭവിക്കേണ്ടിവരികയും ഇസ്ലാമിനെതന്നെ കയ്യൊഴിക്കേണ്ടി വരികയും ചെയ്യുമായിരുന്നു. സംരക്ഷകരില്ലാതെ അലയേണ്ടിവരുന്ന അനാഥകളും സമുദായത്തിന്നൊരു കളങ്കവും ഭാരവുമായിത്തീരുമായിരുന്നു. മുസ്ലിം സമുദായത്തിന്നു് പൊതുവിൽ ബഹുഭാര്യത്വം അനുവദിച്ചതിലുള്ള തത്വവും അനാഥകളേയും വിധവകളേയും സംരക്ഷിക്കാൻവേണ്ടിയാണെന്നകാര്യവും ഇവിടെ സ്മരണീയമാണു്.

മറെറാരു പ്രധാനതത്വംകൂടി ഈ വിധവാവിവാഹത്തിൽ ഉൾക്കൊള്ളുന്നുണ്ടു്. സ്ത്രീസമുദായത്തെതന്നെ പൊതുവിൽ ഹൃദയമില്ലാത്ത—അധഃപതിച്ച വർഗ്ഗമായി കണക്കാക്കിയിരുന്ന അറബികൾ ഭർത്താവിൻെറ മരണത്താൽ വിധവയായിത്തീരുന്ന സ്ത്രീകളെ നീചരും നികൃഷ്ടരുമായി കണക്കാക്കിയിരുന്നു. ഭർത്താവിൻെറ ശവശരീരത്തോടൊപ്പം ഉടന്തടിചാടി അഗ്നിയിൽക്കിട

ന്നു വെന്തുമരിക്കുക എന്നതായിരുന്നു. വിധവകൾക്ക് അന്നു് അനുഷ്ഠിക്കാറുണ്ടായിരുന്ന സാമൂഹ്യനിയമം. അങ്ങിനെ ഉററവരാലും ഉടയവരാലും വെറുക്കപ്പെട്ട് സ്വയം ആത്മഹത്യക്കു നിർബ്ബന്ധിതരായിതീർന്നിരുന്നഈ അവശവിഭാഗത്തിന്നു് സമുദായത്തിൽ മാന്യമായ സ്ഥാനമാനങ്ങൾ നേടിക്കൊടുക്കുന്നതിൽ പ്രവാചകൻെറ ഈ വിധവാവിവാഹം ഉപകരിച്ചു. പതിനൊന്നു ഭാര്യമാരിൽ പത്തും വിധവകളായിരുന്നുവെന്നകാര്യം ഇവിടെ സ്മരണീയമാണു്. ഇക്കാര്യങ്ങളൊന്നും അധികമാരും ചിന്തിക്കാറില്ലെന്നതാണത്ഭുതം. ജീവനാഥന്മാരുടെ വിരഹദുഃഖംകൊണ്ടും സമുദായത്തിൽനിന്നും പുറം തള്ളപ്പെട്ടതിനാലുള്ള മനോവേദനകൊണ്ടും ഇഞ്ചിഞ്ചായി നീറിനുറുങ്ങുന്ന വിധവാസമൂഹത്തെ സമാശ്വസിപ്പിക്കാനായി അവരെ വിവാഹം ചെയ്തു സംരക്ഷിക്കുവാൻ ലോകത്തിന്നു മാതൃക കാണിക്കുകയാണു് നബി (സ. അ) ചെയ്തിട്ടുള്ളതു്.

(5) യുദ്ധക്കളത്തിൽ മരിച്ചു വീഴുന്ന രക്തസാക്ഷികളേയും മുറിവേററു പിടയുന്ന സൈന്യങ്ങളേയും ശുശ്രൂഷിക്കുന്ന ഒരു മെഡിക്കൽ വകുപ്പായിട്ട് നബി (സ) യുടെ ഭാര്യമാർ പ്രവർത്തിച്ചിരുന്നുവെന്നത് മറെറാരു പ്രധാനകാര്യമാണു്. പുരുഷന്മാർ മുഴുവനും യുദ്ധത്തിൽമാത്രം ശ്രദ്ധകേന്ദ്രീകരിച്ചു മുന്നേറുമ്പോൾ പിന്നണികളിൽ വീണ് പിടയുന്ന മുറിവേററ പട്ടാളക്കാരുടെ

അടുത്ത് ഓടി എത്തി വരണ്ട ചുണ്ടുകൾ നനച്ചുകൊടുക്കാനും മുറിവുകൾ വെച്ചുകെട്ടാനും തമ്പുകളിലിരുന്നു ഭക്ഷണം പാകംചെയ്യാനുമെല്ലാം ഒരു വളണ്ടിയർ സംഘമായിട്ടാണു് ഇവർ പ്രവത്തിച്ചിരുന്നത്. എല്ലാ യുദ്ധത്തിലും അങ്ങിനെ ഉണ്ടായിയെന്നു് ഇപ്പറഞ്ഞതിന്നത്ഥമില്ല. ആധുനികലോകത്തും സ്ത്രീകളുടെ സേവനമാണല്ലൊ ഇത്തരം രംഗങ്ങളിലെല്ലാം കൂടുതൽ പ്രയോജനപ്പെടുന്നതു്.

ഇനിയും മനുഷ്യബുദ്ധിക്ക് കണ്ടെത്താൻ കഴിയാത്തതും അല്ലാഹുവിൻെറ മാത്രം അറിവിൽപെട്ടതുമായ പല തത്വങ്ങളും പ്രവാചകൻെറ ബഹുഭാര്യത്വത്തിൽ ഉൾക്കൊള്ളുന്നുണ്ടായിരിക്കും. അല്ലാഹുവിൻെറ കല്പന പ്രകാരം മാത്രമാണു് നബി (സ) യുടെ വിവാഹവും സംസാരവും ഓരോ ചലനവുംകൂടി ഉണ്ടായിട്ടുള്ളതെന്ന പരിശുദ്ധ ഖുർആനിൻെറ പ്രഖ്യാപനം ഇവിടെ സ്മരണീയമാണു്. അവസാനം ഇനിമേൽ വിവാഹം പാടില്ലെന്നും അവിടുത്തോട് അല്ലാഹു കല്പിച്ചിരിക്കുന്നു. സ്വന്തം സമുദായത്തിന്നു് ഒരേ അവസരത്തിൽ നാലു ഭാര്യമാരെ മാത്രമെ വെച്ചുപുലത്താൻ ഇസ്ലാം അനുവദിക്കുന്നുള്ളു. നബി (സ) യുടെ പ്രത്യേക ഉത്തരവാദിത്തത്തേയും ശ്രേഷ്ഠതയേയും ഇസ്ലാമിൻെറ ആദ്യകാലഘട്ടത്തിലെ പ്രത്യേക പരിതസ്ഥിതിയേയും കണക്കിലെടുത്ത്കൊണ്ട് നബി (സ) ക്ക് പ്രത്യേകമായി അനുവദിച്ച ഒരു നിയമമാണു് ഒരേ അവസരത്തിൽ കൂടുതൽ ഭാര്യമാരെവെച്ചു പുലത്താനുള്ള അവകാശം.

ഇത്രയും പറഞ്ഞതുകൊണ്ട് നബി (സ) വയസ്സ് കാലത്ത് കൂടുതൽ വിവാഹം കഴിച്ചത് അവിടന്ന് സ്ത്രീലമ്പടനായതുകൊണ്ടല്ലെന്നും പ്രത്യുത ഇസ്ലാമിക പ്രബോധനത്തിൻെറ മഹത്തായ ആശയങ്ങൾ മുമ്പിൽ വെച്ചുകൊണ്ടാണെന്നും നിഷ്പക്ഷമായി ചിന്തിക്കുന്നവക്ക് സൂര്യപ്രകാശംപോലെ വ്യക്തമാവും. എന്നാൽ ഇത്രയും കാര്യം പറഞ്ഞപ്പോൾ ഒരു യാഥാർത്ഥ്യം ഇവിടെ വിസ്മരിക്കുന്നില്ല. പ്രവാചകൻ മനുഷ്യവികാരങ്ങളൊന്നുമില്ലാത്ത ഒരു മലക്കാണെന്നോ മറ്റോ ആരും വാദിക്കുന്നില്ല. ഒരു പുരുഷനു സ്ത്രീയോടുണ്ടാകാവുന്ന വികാരവും സ്നേഹവും പ്രേമവുമുള്ള ഒരു വ്യക്തിതന്നെയായിരുന്നു പ്രവാചകനും. അതുകൊണ്ടാണല്ലൊ സന്താനങ്ങൾ ജനിച്ചതും. പക്ഷെ ബഹുഭാര്യത്വം സ്വീകരിച്ചതു് തൻെറ വികാരശമനത്തെ ഉന്നം വെച്ചുകൊണ്ടായിരുന്നില്ലെന്നുമാത്രം.

ആ വന്ദ്യപുമാനെ ചളി വാരിത്തേക്കാൻ മുതിരുന്ന അസൂയാലുക്കളുടെ രൂക്ഷവും ബാലിശവുമായ വിമൎശനങ്ങളിൽനിന്നും അദ്ദേഹത്തിൻെറ പരിശുദ്ധിയെ സംരക്ഷിക്കാൻ സൎവ്വശക്തനായ അല്ലാഹുതന്നെ മതി. നൂററാണ്ടുകളോളം അതു സംഭവിച്ചു. മേലിൽ ലോകാവസാനംവരെയും ആ പരിശുദ്ധി മങ്ങാതെ മറിയാതെ നിലനില്ക്കും. അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ പ്രവാചകപ്രഭുവിൻെറ മേൽ സദാ വൎഷിക്കട്ടെ.

ആമീൻ

# 1. ഹസ്രത്ത് ഖദീജാ (റ)

നബി (സ) ആദ്യമായി വിവാഹം ചെയ്ത സ്ത്രീയാണ് ഖുവൈലിദിന്റെ മകൾ ഹസ്രത്ത് ഖദീജത്തുൽ കുബ്റാ (റ). തിരുമേനി (സ) ക്ക് അന്ന് 25 വയസ്സ് പ്രായമായിരുന്നു. നബി (സ) ക്ക് മുമ്പ് ഖദീജായെ രണ്ടുപേർ വിവാഹം ചെയ്തിട്ടുണ്ട്. അവരിലായി മൂന്ന് സന്താനങ്ങളും ജനിച്ചിട്ടുണ്ട്. പ്രസ്തുത ഭർത്താക്കന്മാരുടെ മരണംകൊണ്ട് ഖദീജാ വിധവയായിത്തീരുകയാണുണ്ടായത്. പിന്നീട് നാനാഭാഗത്തുനിന്നും വിവാഹാലോചനകൾ വന്നു കൊണ്ടിരുന്നുവെങ്കിലും അവർ അതിലൊന്നും ശ്രദ്ധിക്കാതെ കൂടുതൽ ആരാധനയിലും വിജ്ഞാന സമ്പാദനത്തിലുമായി കഴിയുകയായിരുന്നു. 'ഉമ്മുൽമുഅ്മിനീൻ' (സത്യവിശ്വാസികളുടെ മാതാവ്) എന്ന അപരനാമത്താൽ പ്രസിദ്ധിയാർജ്ജിച്ച ഹസ്രത്ത് ഖദീജായുടെ ചരിത്രം അതിവിപുലമാണ്. നബി (സ)യുമായി അവരുടെ വിവാഹം നടന്ന പരിതഃസ്ഥിതികളെയും ചുരുക്കചരിത്രത്തേയും മാത്രമെ ഇവിടെ വിവരിക്കുന്നുള്ളൂ.

ഹസ്രത്ത് ഖദീജാ (റ) ഖുറൈഷിഗോത്രത്തിൽ പെട്ടവരും ഉപ്പാപ്പമാർ വഴിക്കും മാതാവ് വഴിക്കും

നബി (സ) യുമായി ബന്ധപ്പെട്ടവരുമാണു്. ഖുറൈഷി വംശത്തിലെ ഒരു പൌരപ്രധാനിയും ധനവാനും, എല്ലാ ഗോത്രക്കാരുടെ ഇടയിലും പൊതുസമ്മതനുമായ ഒരു നേതാവായിരുന്നു ഖദീജായുടെ പിതാവായ ഖുവൈലിദ്. മാതാവായ ഫാത്തിമയും സുന്ദരിയും സുശീലയുമായ ഒരു സ്ത്രീ തന്നെയായിരുന്നു. ക്രിസ്തുവഷം 555 ൽ ആയിരുന്നു ഖദീജായുടെ ജനനം. അന്നു് ലോകം അജ്ഞതയിലും അന്ധകാരത്തിലും മുഴുകിയിരുന്നു. അറബികൾക്കിടയിൽ നടപ്പില്ലാത്ത അനാചാരങ്ങളും ദുഷ്ചെയ്തികളും അക്കാലത്തുണ്ടായിരുന്നില്ല. പരിശുദ്ധവും പരിപാവനവുമായ ഒരു ജീവിതത്തിലൂടെയാണു് അവർ വളന്നുവന്നത്. സൌന്ദര്യത്തിലും സൽസ്വഭാവത്തിലും അവരോടു കിടപിടിക്കത്തക്ക ഒരൊററ സ്ത്രീയും അക്കാലത്തുണ്ടായിരുന്നില്ല. 'താഹിറ' (പരിശുദ്ധ) എന്ന പേരിലായിരുന്നു അവരെ അന്നു് അറിയപ്പെട്ടിരുന്നതു്.

വിധവയായി സ്വന്തം വീട്ടിൽ താമസിക്കുന്ന ഖദീജാക്കു് കുടുംബകാര്യങ്ങൾ ഏറെറടുക്കേണ്ട ന്ന വമ്പിച്ച ഒരുത്തരവാദിത്തം വന്നുചേന്നു്. പിതാവായ ഖുവൈലിദ് വലിയ ധനവാനും വ്യാപാരിയുമായിരുന്നു. അദ്ദേഹം വാദ്ധക്യസഹജമായ രോഗത്താൽ കിടപ്പിലായപ്പോൾ സ്വത്തിൻെറയും കച്ചവടത്തിൻെറയും മേൽനോട്ടവുംകൂടി ഖദീജ ഏറെറടുക്കേണ്ടിവന്നു. വിശാ

സ്ഥരും ആത്മാർത്ഥതയുള്ളവരുമായ ഇരുപതോളം കീഴ് ജീവനക്കാർ അന്ന് അവിടെ ഉണ്ടായിരുന്നു. അവരുടെ സഹകരണത്തോടെ ഖദീജയുടെ കച്ചവടവും മററു സമ്പത്തുക്കളും നാൾക്കുനാൾ അഭിവൃദ്ധിപ്രാപിച്ചു. യമനിലേക്കും സിറിയയിലേക്കും മററും കച്ചവടം വ്യാപിച്ചു തുടങ്ങിയതോടെ ഇതിൻെറയെല്ലാം മേൽനോട്ടം വഹിക്കാൻ പ്രാപ്തനും വിശ്വസ്ഥനുമായ ഒരാളെ ഖദീജാക്ക് സ്വാഭാവികമായും ആവശ്യമായിതീൎന്നു. അങ്ങിനെ അവർ അത്തരം ഒരാളെ സംബന്ധിച്ചു അന്വേഷിച്ചുകൊണ്ടിരിക്കയാണ്.

ഇക്കാലത്താണ് മക്കാപട്ടണത്തിലെ ഖുറൈഷി ഗോത്രത്തിൽ പ്രശസ്തനായ അബൂതാലിബിൻെറ സഹോദര പുത്രനായ മുഹമ്മദ്നബി (സ) നാട്ടുകാരുടെ ഇടയിൽ 'അൽഅമീൻ (വിശ്വസ്ഥൻ) എന്ന സ്ഥാനപ്പേർനേടി വളൎന്നുവന്നത്. ബാല്യകാലത്ത് കാര്യമായ മൂലധനമിറക്കി കച്ചവടവും മററും ചെയ്യാൻ കഴിവില്ലാത്തതിനാൽ ആട്ടമാട്ടുകളെ മേയ്ക്കുന്ന ജോലിയിലാണ് അദ്ദേഹം ഏർപ്പെട്ടുവന്നത്. ഒരു യുവാവും പ്രാപ്തനുമായ തൻെറ മകന്നു് അനുയോജ്യമായ ഒരു തൊഴിൽ നേടിക്കൊടുക്കാൻ വാത്സല്യനിധിയായ ആ പിതൃവ്യൻെറ മനസ്സ് അതിയായി ദാഹിച്ചുകൊണ്ടിരുന്നു.

ഹസ്രത്ത് ഖദീജായും നബി കുഢുംബവുമായി

പണ്ടുതന്നെ രക്തബന്ധമുള്ളവരാണെന്ന് മുകളിൽ സൂചിപ്പിച്ചുവല്ലൊ. തന്മൂലം ഈ രണ്ടു കുഡുംബക്കാരും തമ്മിൽ ബന്ധം പുലർത്തുകയും സ്ഥിതിഗതികൾ അന്യോന്യം അറിഞ്ഞുകൊണ്ടിരിക്കയും ചെയ്തിരുന്നു. അങ്ങിനെ അബൂതാലിബിൻെറ തന്നെ സഹോദരിയായ ആത്തിഖ എന്ന സ്ത്രീ മുഖേന; ഖദീജാക്ക് കച്ചവടാവശ്യാർത്ഥം ഒരാളെ ആവശ്യമുണ്ടെന്നവിവരം അബൂതാലിബ് അറിയുകയുണ്ടായി. ഈ സ്ത്രീ മുഖേനതന്നെ അബൂതാലിബ് ഖദീജായുമായി ബന്ധപ്പെട്ടുകയും അങ്ങിനെ നബി ഖദീജായുടെ കച്ചവടത്തിൻെറ മേലധികാരിയായി നിയമിക്കപ്പെട്ടുകയും ചെയ്തു.

ഇക്കാലത്ത് ഖദീജാക്കുണ്ടായ ഒരു പ്രധാന സ്വപ്നത്തെ സംബന്ധിച്ചു ചരിത്രകാരന്മാർ രേഖപ്പെടുത്തിയത് ഇവിടെ സ്മരണീയമാണ്. അതിപ്രകാരമാണ്: "ഒരു ദിവസം സ്വപ്നത്തിൽ ആകാശത്ത് നിന്നു ചന്ദ്രൻ തൻെറ മടിയിലേക്ക് വീണതായും അതിൻെറ പ്രകാശത്താൽ ലോകമൊട്ടാകെ പ്രകാശമാനമായും കണ്ടു". ഈ സ്വപ്നത്തെ സംബന്ധിച്ചു അവർ അന്നത്തെ ഒരു പ്രധാന ക്രിസ്തീയ പുരോഹിതനായ ബുഹൈറായെ സമീപിച്ചു ചർച്ചനടത്തിയപ്പോൾ; മക്കായിൽ ജനിച്ചുവളന്ന അന്ത്യപ്രവാചകനായ മുഹമ്മദ് നബി (സ) നിന്നെ വിവാഹം ചെയ്യുമെന്ന് അയാൾ പറയുകയുണ്ടായി.

നബി (സ) കച്ചവടത്തിൻെറ ഉത്തരവാദിത്തം ഏറെറടുക്കാൻവേണ്ടി ഖദീജായുടെ വീട്ടിലേക്ക് ചെന്നപ്പോൾ കത്തിയെരിയുന്ന വെയിലത്ത് അദ്ദേഹത്തിന്നു മേഘം തണലിട്ട ഒരു സംഭവം ഖദീജാ നേരിൽ കണ്ടിരുന്നു. കൂടാതെ ശാമിലേക്ക് കച്ചവടാർത്ഥം പോയപ്പോൾ വഴിമദ്ധ്യെവെച്ചു പല അത്ഭുതസംഭവങ്ങളും ഉണ്ടായ വിവരം കച്ചവടസംഘത്തിലുണ്ടായിരുന്ന വിശ്വസ്ത സേവകൻ മൈസറഃ മുഖേനയും ഖദീജ അറിയുകയുണ്ടായി. "യാത്രാമദ്ധ്യ നബി (സ) യും സംഘവും ഉണങ്ങിയ ഒരു വൃക്ഷചുവട്ടിൽ ഇരുന്നപ്പോൾ ആ മരം തളിർത്ത് പച്ചയായത്, രോഗം പിടിച്ച ഒട്ടകങ്ങളെ തൃക്കൈകൊണ്ട് തടകിയപ്പോൾ സുഖപ്പെട്ടത്, യാത്രയിൽവെച്ച് കച്ചവടസംഘം ഉറങ്ങിപ്പോയ അവസരത്തിൽ ഒട്ടകങ്ങൾ വഴിതെററിയപ്പോൾ ജിബ്രീൽ (അ) എന്ന മലക്ക് വന്നു് അവയെ നേർവഴിക്ക് നയിച്ചതും. നസ്തൂറാ എന്ന പുരോഹിതനുമായി കണ്ടുമുട്ടിയപ്പോൾ അയാൾ പ്രവാചകനെ സംബന്ധിച്ച നടത്തിയ ദീർഘദർശനങ്ങളും മറ്റുമായിരുന്നു യാത്രയിലെ പ്രധാനപ്പെട്ട സംഭവങ്ങൾ. അറേബ്യായിൽ ഒരു പ്രവാചകന്റെ ആഗമനമുണ്ടെന്നും അതു് അബ്ദുല്ലായുടെ മകൻ മുഹമ്മദ് (സ) ആണെന്നും ക്രിസ്തീയ പുരോഹിതന്മാർമുഖേന മുമ്പുതന്നെ മനസ്സിലാക്കിയ ഖദീജാക്ക് മേല്പറഞ്ഞ അത്ഭുത സംഭവങ്ങൾ കൂടിഅറിഞ്ഞപ്പോൾ തിരുമേനിയെ സംബന്ധിച്ച

ദൃഢമായ വിശ്വാസവും സ്നേഹവും വദ്ധിച്ചു. കച്ചവടത്തിൽ ലഭിച്ച വമ്പിച്ച ലാഭവും അവരെ കൂടുതൽ സന്തുഷ്ടയാക്കി. അങ്ങനെ ഭാവിയിൽ വിശ്വവിശ്രുതനായ ഒരു പ്രവാചകനായിത്തീരാനിടയുള്ള ഇദ്ദേഹവുമായി ദാമ്പത്യബന്ധത്തിലേപ്പെട്ടാൽ ഇഹത്തിലും പരത്തിലും തനിക്ക സൌഭാഗ്യം കൈവരുമെന്ന വിശ്വാസം ഖദീജായുടെ ഹൃദയത്തെ അതിലേക്ക പ്രേരിപ്പിക്കുകയുണ്ടായി.

പക്ഷെ സ്ത്രീ സഹജമായതും സ്വാഭാവികവുമായ ചില ചിന്തകൾ അവരെ അലട്ടാതിരുന്നില്ല. നബിയാണെങ്കിൽ സുന്ദരനും സുമുഖനും ആരോഗ്യവാനുമായ 25 വയസ്സ് മാത്രം പ്രായംചെന്ന ഒരു ചെറുപ്പക്കാരൻ. താനാണെങ്കിൽ രണ്ടുഭത്താക്കന്മാരോടൊപ്പം ജീവിച്ച് 3 സന്താനങ്ങളുടെ മാതാവായിത്തീന്ന 15 വയസ്സ് പ്രായക്കൂടുതലുമുള്ള ഒരു മദ്ധ്യവയസ്ക. ഇത്തരം ഒരു പരിതഃസ്ഥിതിയിൽ അദ്ദേഹത്തോടെങ്ങിനെ വിവാഹത്തിന്നാവശ്യപ്പെടും! അദ്ദേഹമതു സ്വീകരിക്കുന്നതെങ്ങിനെ!! ഇത്തരം ചിന്തകളായിരുന്നു അവരെ അലട്ടിയിരുന്നത്.

അവസാനം തൻെറ ഇംഗിതം അദ്ദേഹത്തെ അറിയിക്കാൻതന്നെ അവർ തീരുമാനിക്കുകയും തൻെറ വിശ്വസ്ഥ അടിമയായ സൈനബയെ തിരുസന്നിധിയിലേക്കയക്കുകയും ചെയ്തു. സൈനബ തിരുസന്നിയിലെത്തി വിവാഹത്തെ സംബന്ധിച്ച് ദീഘനേരം സംഭാഷണം

നടത്തി. തൻെറ പിതൃവ്യൻെറയും മററും ഇഷ്ടപ്രകാരം അങ്ങനെ നടക്കുന്നതുകൊണ്ട് വിരോധമില്ലെന്ന അദ്ദേഹത്തിൻെറ അന്തർഗ്ഗതം മനസ്സിലാക്കി അവൾ മടങ്ങിപ്പോയി. അതിനെ തുടൎന്നു ഖദീജായുടെ പിതൃവ്യപുത്രന്മാരായ വറഖത്തും, ഉമറിബ്നുസഅദും അബൂതാലിബിൻെറ സന്നിധിയിൽചെന്നു വിവാഹനിശ്ചയം നടത്തുകയും അടുത്ത ദിവസം തന്നെ വിവാഹം നടക്കുകയും ചെയ്തു. ഇത്രയുമാണ് അവർ തമ്മിലുള്ള വിവാഹത്തിൻെറ സംക്ഷിപ്ത ചരിത്രം.

ഏന്തു തത്വത്തെ മുൻനിൎത്തിയാണ് മദ്ധ്യവയസ്കയായ ഈ വിധവയെ പ്രവാചകൻ വിവാഹം ചെയ്തതെന്നു നിഷ്പക്ഷമായി ചിന്തിക്കുമ്പോൾ എതിർ കക്ഷികൾ പറയുന്ന സ്ത്രീലമ്പടത്വമൊന്നും ഇവിടെ കാണുകയില്ലെന്നത് തീൎച്ചയാണ്. എന്താണതിലെ പ്രധാന തത്വമെന്നു് നമുക്ക് അല്പം ചിന്തിക്കാം. താനൊരു പ്രവാചകനാവാൻ പോകുന്നുണ്ടെന്ന കാൎയ്യം തിരുമേനി (സ) കാലേകൂട്ടി അറിയുകയോ ഊഹിക്കുകയോ ചെയ്തിരുന്നില്ല. പക്ഷെ ഭാവിയിൽ പ്രവാചകത്വമാകുന്ന മഹത്തായ കൎത്തവ്യം ഏറെറടുക്കാൻമാത്രം കഴിവും പക്വതയും വരത്തക്ക നിലക്കാണ് അല്ലാഹു അദ്ദേഹത്തെ സൃഷ്ടിച്ചതും വളൎത്തിയതുമെന്ന കാൎയ്യം അനിഷേദ്ധ്യമാണ്. അതുകൊണ്ടു പ്രവാചകത്വലബ്ധിക്കു മുമ്പ് ചെറുപ്പത്തിൽതന്നെ അദ്ദേഹം കൂൎമ്മബുദ്ധിയും ചിന്താശീലവുമുള്ള

ഒരു വ്യക്തിയായിരുന്നു. തൻെറ ചുററുപാട്ടം കാണുന്ന മനുഷ്യത്വഹീനമായ അനാചാരങ്ങളോട്ടം അനീതിയോട്ടം അദ്ദേഹത്തിന്നു ചെറുപ്പത്തിൽതന്നെ വെറുപ്പും എതിപ്പും ഉണ്ടായതു് അതുകൊണ്ടാണു്. വിശാലമായ ഈ പ്രപഞ്ചവും അതിലെ ഉൽകൃഷ്ട ജീവിയായ മനുഷ്യനടക്കമുള്ള ഓരോ അണുക്കളും വെറുതെ സൃഷ്ടിക്കപ്പെട്ടതല്ലെന്നും അതിലെല്ലാം മഹത്തായ എന്തോ തത്വങ്ങളും ലക്ഷ്യങ്ങളും ഉൾക്കൊള്ളുന്നുണ്ടെന്നും അദ്ദേഹം ബാല്യകാലത്തുതന്നെ ചിന്തിച്ചുകൊണ്ടിരുന്നു. ഇത്തരം ചിന്തകളാണു് അദ്ദേഹത്തെ ഹിറാഗുഹയിലും മററും ചെന്നു് ധ്യാനനിരതനാക്കാൻ പ്രേരിപ്പിച്ചതു്.

ജീവിതത്തിന്നു് ഒരത്ഥവും ലക്ഷ്യവുമുണ്ടെന്നു് ഗ്രഹിച്ച ഒരാൾക്കു് ജീവിതം ഒരു പൂമെത്തയായി നോക്കിക്കാണാനോ സങ്കല്പിക്കാനോ സാദ്ധ്യമല്ല. കല്ലും മുള്ളും, കുണ്ടും, കുഴികളും നിറഞ്ഞതാണു് ജീവിതമാകുന്ന നീണ്ട പാത. അത്തരം പലവിധ മാർഗ്ഗതടസ്ഥങ്ങളോട്ടം പ്രതിബന്ധങ്ങളോട്ടം മല്ലടിച്ചുവേണം ലക്ഷ്യത്തിലെത്തിച്ചേരാൻ. ജീവിതമാകുന്ന കരിമ്പാറയുമായി ഏററുമുട്ടാൻ തയ്യാറെടുക്കുന്ന ഒരു സാഹസികന്നു് ആ ഉദ്യമത്തിൽ തന്നെ ആത്മാത്ഥമായി സഹായിക്കാനും തണലേകാനും സുഖ ദുഃഖങ്ങൾ പങ്കിട്ടെടുക്കാനും കഴിവും പ്രാപ്തിയുമുള്ള ഒരു കൂട്ടാളി ഉണ്ടായിരിക്കുക എന്നതു് സമാശ്വാസവും അനിവാര്യവുമാണു്. ഈ രംഗത്തെ

ല്ലാം കുറെയധികം പയററി തഴക്കവും പഴക്കവും ചെന്ന ഒരാളെയാണ് കൂട്ടുകാരിയായി ലഭിക്കുന്നതെങ്കിൽ അതു കൂടുതൽ വമ്പിച്ചനേട്ടങ്ങൾക്ക് കാരണമാകും.

ജീവിതമാകുന്ന വണ്ടി മുന്നോട്ടു നീങ്ങേണമെങ്കിൽ സമ്പത്താകുന്ന കസ്തൂരി അനിവാര്യമാണ്. മനുഷ്യ ജീവിതത്തിൻെറ ജീവനാഡിയായ ധനം ആർക്കുമാർക്കും ഒരു പ്രശ്നംതന്നെയാണ്. ഒരു പ്രസ്ഥാനത്തിൻെറ വക്താവിനെ സംബന്ധിച്ചേടത്തോളം അതിൻെറ വിജയത്തിന്നു് ധനവുമായുള്ള ബന്ധം അത്യന്താപേക്ഷിതവുമാണ്. എന്നിരിക്കെ സാമ്പത്തിക രംഗത്തും ന്യായമായ ഒരു മാർഗ്ഗം കണ്ടെത്തുക എന്നതു് അത്യാവശ്യമാണെന്നതിൽ പക്ഷാന്തരമില്ല. ഇത്തരം ചില പ്രധാനതത്വങ്ങളെ മുൻനിർത്തിയാണ് ഖദീജായുമായുള്ള വിവാഹബന്ധത്തിൽ നബി(സ)ഏർപ്പെട്ടതു്. അവരാണെങ്കിൽ കുറെക്കാലം അലകളും പാറക്കെട്ടുകളും നിറഞ്ഞ ജീവിത സാഗരത്തിലൂടെ നൌകയോടിച്ചു തഴക്കം സിദ്ധിച്ച ഒരു സ്ത്രീരത്നമാണ്. ഏതു വഴിക്കു കപ്പലോട്ടിയാലാണ് സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തു എത്തിച്ചേരുക എന്നു് തൻെറ കൂട്ടാളിക്കു ചൂണ്ടിക്കാണിച്ചുകൊടുക്കാൻമാത്രം വൈദഗ്ദ്ധ്യം അവർ നേടിക്കഴിഞ്ഞിട്ടുണ്ട്. സംഭവ ബഹുലമായ പ്രവാചകൻെറ പ്രസ്തുത കാലഘട്ടത്തിലെ ജീവിത ദശയിലേക്കു് എട്ടും പൊട്ടും തിരി

യാത്ത ഒരു കന്യകയെ ജീവിതസഖിയായി തിരഞ്ഞെടു ത്തിരുന്നുവെങ്കിൽ ഹസ്രത്ത് ഖദീജായിയെക്കൊണ്ട് തിരുമേനി(സ)ക്കും ഇസ്ലാമിന്നും ലഭിച്ച സഹായസഹ കരണങ്ങളും ആത്മാർത്ഥമായ ത്യാഗസന്നദ്ധതയും ഒരി ക്കലും ലഭിക്കുമായിരുന്നില്ലെന്നത് എത്ര വ്യക്തമാണ്. സൌര്യത്തിലോ ആരോഗ്യത്തിലോ അവക്കൊട്ടുകുറവു മുണ്ടായിരുന്നില്ല. ഇതിന്നെല്ലാം തെളിവായി തിരുമേ നി(സ) അരുളിയ ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ ചൂണ്ടി ക്കാണിക്കാം.

നബി(സ) പറഞ്ഞു: "ഞാൻ എന്റെ ശത്രുക്കളുടെ വാക്കുകൾ നിമിത്തം മനോവേദനയോടെ ഖദീജായുടെ അടുക്കൽ ചെല്ലും. ഖദീജ എന്നെ ശാന്തമായ വാക്കു കൾകൊണ്ട് സമാധാനിപ്പിക്കും. ഖദീജായുടെ വാക്കു കൾകൊണ്ട് നീങ്ങിപ്പോകാത്ത ഒരു മനോവേദനയും എനിക്കുണ്ടായിട്ടില്ല". (തുർമുദി)

മറെറാരു ഹദീസിൻെറ ചുരുക്കഭാഗം ഇപ്രകാര മാണ്; "....അല്ലാഹുവാണ: സത്യം! എനിക്ക് ഖദീജ യേക്കാളും നല്ല ഒരു ഭാര്യയെ ലഭിച്ചിട്ടില്ല. എല്ലാ ജന ങ്ങളും അസത്യത്തിലായിരുന്നപ്പോൾതന്നെ അവർ സത്യ ത്തിൽ വിശ്വസിച്ചു. എല്ലാവരും എൻെറ വാക്യങ്ങളെ കളവാക്കിയിരുന്ന കാലത്ത്തന്നെ അവർ എന്റെസത്യാ വസ്ഥക്ക് സാക്ഷ്യം വഹിച്ചു. എല്ലാവരും എന്നെ

നിസ്സഹായാവസ്ഥയിൽ ഉപേക്ഷിച്ചിരുന്ന അവസരത്തിൽ അവരുടെ മുഴുവൻ സമ്പത്തും എനിക്കു യഥേഷ്ടം വ്യയം ചെയ്യാനുള്ള പൂർണ്ണ സമ്മതത്തോടെ വിട്ടുതന്നു. അവരുടെ ഗർഭപാത്രം വഴിയായി അല്ലാഹു എനിക്ക് സന്താനങ്ങളെ നല്കി''....(ബുഖാരി)

ഇത്രയും പറഞ്ഞതുകൊണ്ട് ഖദീജാ(റ)യുമായുള്ള തിരുമേനിയുടെ വിവാഹത്തിൽ അന്തർല്ലീനമായിട്ടുള്ള തത്വങ്ങൾ പൊതുവിൽ ഗ്രഹിക്കാൻ കഴിയും. ഈ വിവാഹത്തിൽ സ്ത്രീലമ്പടത്വവും വിഷയാസക്തിയുമൊന്നും ബുദ്ധിയുള്ള ഒരാൾക്കും കണ്ടെത്താൻ കഴിയുകയില്ല, ഇനി ഖദീജാ(റ)യുടെ സന്താനങ്ങളെ സംബന്ധിച്ചുകൂടി പറയാം.

നബി(സ) തിരുമേനിയുടെ മുമ്പ് ആദ്യമായി അവരെ വിവാഹം കഴിച്ചത് തമീം ഗോത്രക്കാരനായ ജിറാഹിൻെറ മകൻ നബ്ബാശ്പ്രഭു എന്ന ആളായിരുന്നു. ഇതിൽ ഹാലത്ത്, ഹിന്ദ് എന്നീ രണ്ടു പുത്രന്മാർ ജനിച്ചു. ഹാലത്ത് ഇസ്ലാമിന്നുമുമ്പുതന്നെ മരിച്ചു. ഹിന്ദ് ഇസ്ലാംമതം വിശ്വസിച്ചു.

രണ്ടാംഭർത്താവ് മഖ്സൂം ഗോത്രക്കാരനായ ഹാഇദ മകൻ അത്തീഖ് എന്ന ആളായിരുന്നു. ഇദ്ദേഹത്തിന്നു ഒരു പെൺകുട്ടി ജനിക്കുകയും ഹിന്ദ് എന്നുതന്നെ പേരിടുകയും ചെയ്തു. ഈ കുട്ടി പിന്നീട് ഇസ്ലാംമതം വിശ്വസിച്ചിട്ടുണ്ട്.

## നബിയുടെ സന്താനങ്ങൾ.

നബി(സ)ക്ക് ഖദീജായിൽ ജനിച്ച സന്താനങ്ങൾ താഴെ പറയുന്നവരാണ്. 1. ഖാസിം. 2. സൈനബ 3. അബ്ദുല്ല. 4. റുഖിയ്യ. 5. ഉമ്മുകുൽസൂം. 6. ഫാത്തിമ.

ഹിജ്രയുടെ മൂന്നുവഷം മുമ്പ് തന്റെ 65-ാമത്തെ വയസ്സിലാണ് ഹ് ഖദീജാ(റ)ഇഹലോകവാസം വെടിഞ്ഞത്. മക്കായിലെ 'ഹ്ജൂൻ' എന്ന സ്ഥലത്ത് ഖബറടക്കം ചെയ്യപ്പെട്ടു. അല്ലാഹുവിന്റെ രക്ഷയും ഗുണവും നബി(സ)യുടെയും അവരുടേയും മേൽ സദാ വഷിക്കട്ടെ. —ആമീൻ.

# ഹസ്രത്ത് സൌദാ(റ)

ഹസ്രത്ത് ഖദീജാ(റ)യുടെ മരണശേഷം നബി (സ)വിവാഹം ചെയ്ത രണ്ടാമത്തെ ഭാര്യയാണ് സംഅ: മകൾ ഹസ്രത്ത് സൌദാ(റ). അവർക്ക് അന്ന് 55 വയസ്സ് പ്രായമുള്ളതിന്നു പുറമെ വിധവയുമായിരുന്നു.

അംറിൻെറ മകൻ സക്രാൻ എന്ന ഒരു സഹാബി യായിരുന്നു സൌദായുടെ ആദ്യ ഭർത്താവ്. അതിൽ അബ്ദുംറഹിമാൻ എന്നു പേരുള്ള ഒരു പുത്രനും ഉണ്ടായി രുന്നു. ഇവർ കുഡുംബസമേതം ഇസ്ലാംമതം വിശ്വസി ക്കുകയാൽ സ്വന്തം കുഡുംബത്തിൽനിന്നും മററുവിധത്തി ലും കഠിനമായ ഉപദ്രവങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേ യരാകേണ്ടിവന്നു. തൻമൂലം ഇവർ അബ്സീനിയായി ലേക്കു് ഹിജ്രപോവുകയാണുണ്ടായത്. ആദ്യഭർത്താ വായ സക്രാൻ നബി(സ)യുടെ ഒരുററ സഹായിയും ഇസ്ലാമിന്നു് വേണ്ടി വളരെയധികം കഷ്ടനഷ്ടങ്ങളും ത്യാഗങ്ങളും സഹിച്ച ആളുമായിരുന്നു. ഇദ്ദേഹം ഹബ്ശായിൽ വെച്ചു മരണപ്പെട്ടു. പിന്നിട്ട് നിരാ ലംബയായിത്തീന്ന സൌദാ സ്വന്തം പുത്രനോടൊപ്പം മക്കായിൽ മടങ്ങിയെത്തി. ആഴമേറിയ നട്ടക്കടലിൽ നീന്തമററു പിടയുന്ന ഒരവസ്ഥയായിരുന്നു അന്നു് അവ

രുടേത്. സ്വന്തം കുഡുംബമാണെങ്കിൽ ഈററുപുലി യെപ്പോലെ വാപിളന്ന് നില്ക്കുകയാണ്. അങ്ങോട്ടട്ട ത്താൽ ഒന്നുകിൽ മരണം അല്ലെങ്കിൽ ജീവനേക്കാൾ സ്നേഹിക്കുന്ന ഇസ്ലാം ഉപേക്ഷിക്കൽ ഇതാണ് ഗതി. 55 വയസ്സായി. വാദ്ധക്യത്തിലേക്ക് പ്രവേശിച്ച ഒരു പെണ്ണിനെ ആരുണ്ട് ഏററെടുക്കാൻ. മതം മാറി സ്വന്തം കുഡുംബത്തിലേക്കുപോയാൽതന്നെ സുന്ദരികളും യുവതികളുമായ വിധവകളെപ്പോലും നികൃഷ്ടവസ്തുക്ക ളായി ഗണിച്ചുപോരുന്ന അറബികളിൽനിന്ന് എന്തൊ രാശ്വാസമാണ് പ്രതീക്ഷിക്കാൻ. അങ്ങിനെ ആശ്വാ സത്തിൻെറ ഒരു നേരിയ രേഖപോലും സ്വപ്നം കാണാ നില്ലാതെ വിശാലമായ ഒരു ഭൂമിയിൽകിടന്ന് എരി പൊരിക്കൊള്ളുമ്പോഴാണ് ദീനദയാലുവായ പ്രവാചക പ്രഭു അവരുടെ കണ്ണീരൊപ്പാൻ തയ്യാറെട്ടത്തത്. അങ്ങിനെ വൈവാഹികജീവിതത്തിൻെറ സ്വർഗ്ഗീയാ രാമത്തിലേക്ക് നയിച്ചു അവരെ രക്ഷപ്പെട്ടത്തി.

ഇത് പ്രവാചകൻെറ വക്കൽനിന്നുള്ള ഒരു ഔദാ ര്യംമാത്രമല്ല. മഹത്തായ ഒരു കത്തവ്യത്തിൻെറ പൂത്തീ കരണം കൂടിയാണ്. അല്ലാഹുവിനേയും അവൻെറ റസൂലിനെയും മാത്രം സ്നേഹിച്ച് സ്വന്തം ബന്ധുമിത്രാദി കളേയും മറ്റു സവ്വസ്വവും വെടിഞ്ഞ് തന്റെ പിന്നാലെ വന്ന ഒരുത്തമ സുഹൃത്ത്. അയാൾ അതേപാതയിൽ വെച്ച് ചരമമടയുന്നു. അയാളുടെ പ്രണിതമനസ്സുയായ

ഒരു ഭാര്യ തണലററുപോയ ഒരനാഥബാലൻ, തൻെറ സർവ്വസ്വവും ബലികഴിച്ചും ഇത്തരം ഒരുപരിതഃസ്ഥിതിയിൽ ഇവരെ രക്ഷിക്കൽ പ്രവാചകനല്ലാത്ത ഒരു സാധാരണക്കാരനെ സംബന്ധിച്ചേടത്തോളം തന്നെ മനുഷ്യത്വപരമായ ഒരു കടമമാത്രമാണ്. ഇദ്ദേഹത്തിന്റെ പിന്നാലെപോയതുകൊണ്ടല്ലെ തങ്ങൾക്കിത്തരം ഗതികേട് സംഭവിച്ചതെന്നുകൂടി അനുയായികളുടെ ഹൃദയത്തിൽ തോന്നിപ്പോകാൻ ഇടവരുന്ന ഇത്തരം സന്നിഗ്ദ്ധഘട്ടത്തിൽ പൌരുഷം ഒന്നുമാത്രമാണ് തിരുമേനിയുടെ ഈ നടപടിയിൽ നമുക്ക് ദശിക്കാൻ കഴിയുന്നത്. മരിച്ചുപോയവരുടെ ആത്മശാന്തിക്കുപോലും ഇത്തരം നടപടികൾ അനിവാര്യമാണെന്നല്ലെ ഭൌതികവാദികൾപോലും പറയുക. ഇതെല്ലാം സ്ത്രീലമ്പടത്വമാണെന്ന് പറയാൻ ഏതൊരവിശ്വസിക്കാണ് കരളുറപ്പുവരിക.

തിരുമേനി(സ) ഹ; സൌദാ(റ)യെ വിവാഹം ചെയ്ത കാലത്ത് നബി(സ)യുടെ അവിവാഹിതരായ രണ്ടു പെൺമക്കൾ വീട്ടിലുണ്ടായിരുന്നു. അവരുടെ സംരക്ഷണ ഭാരവുംകൂടിയുണ്ടായിരുന്നു സൌദാക്ക്. കൂടാതെ ശത്രുക്കളുടെ കഠോരമായ എതിപ്പിൻെറ കാലഘട്ടവുമായിരുന്നു അത്. അക്കാലത്ത് സൌദായെക്കൊണ്ട് ഇസ്ലാമിന്നു വളരെയധികം സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്. വിധവയും അശരണയുമായ ഇവരെ തിരുമേനി(സ) വിവാഹംമുഖേന സ്വന്തം സംര

ക്ഷണനത്തിലെടുത്ത മഹൽകൃത്യം ശത്രുക്കളുടെ ഹൃദയത്തി ലും വമ്പിച്ച പരിവൎത്തനങ്ങളുണ്ടാക്കുകതന്നെ ചെയ്തു. മുഹമ്മദിൻെറ പിന്നാലെ പോകുന്നവരെ അവൻ തെരു വിലെറിഞ്ഞുകളയുകയില്ലെന്ന ഒരു ബോധം തൻമൂലം ജനങ്ങളിൽ ഉണ്ടായി. നബി(സ)യുടെ മാത്രമല്ലാ ബന്ദൂഹാശിം കുഡുംബത്തിൻെറ തന്നെ കഠിന ശത്രുക്ക ളായിരുന്ന 'ബനൂഅബ്ദിശ്ശംസ്' ഗോത്രക്കാരുമായും മറ്റും വളരെയധികം സൌമനസ്യത്തിലും സൌഹാൎദ്ദത്തിലുമാ യിത്തീരാൻ ഈ വിവാഹം വളരെയധികം ഉപകരിച്ചു. സൌദായുടെ കുഡുംബക്കാരിൽനിന്നു് ധാരാളംപേർ ഈ വിവാഹ കാരണമായി ഇസ്ലാംമതം വിശ്വസിക്കുക യും ചെയ്തിട്ടുണ്ട്. ഇത്തരം കാൎയ്യങ്ങളെല്ലാമായിരുന്നു ഈ വിവാഹംകൊണ്ടുള്ള തത്വങ്ങളും നേട്ടവും. ലൈംഗീ കാസക്തിക്ക് വേണ്ടിയായിരുന്നു പ്രവാചകൻ വിവാ ഹം ചെയ്തതെങ്കിൽ ഈ വൃദ്ധയെക്കൂടാതെ ധാരാളം യുവ സുന്ദരികളെ അന്നും അവിടുത്തേക്ക് വിവാഹം ചെ യ്യാൻ കഴിയുമായിരുന്നു. അഞ്ചുകൊല്ലമാണു് നബി(സ) യുമായി ഇവരുടെ ദാമ്പത്യകാലം. ഹിജ്റ ഒന്നാം വൎഷത്തിൽ അവരും ചരമമടഞ്ഞു.

അല്ലാഹുവിൻെറ അനുഗ്രഹ കടാക്ഷങ്ങൾ നബി (സ)യുടേയും ഇവരുടേയും മേൽ വൎഷിക്കട്ടെ.

# 3. ഹസ്രത്ത് ആയിഷാ(റ)

ഇസ്ലാമിലെ പ്രഥമ ഖലീഫായും 'സിദ്ധീഖുൽ അക്ബർ' എന്ന അപരാഭിനാമത്താൽ വിശ്വവിഖ്യാതനുമായ ഹസ്രത്ത് അബൂബക്കർ(റ)ൻെറ പുത്രിയാണ് നബി(സ)യുടെ മൂന്നാമത്തെ ഭാര്യയായ ഹസ്രത്ത് ആയിഷാ(റ). ബന്ദൂകിനാനാവംശജനായ അമീറിൻെറ മകൾ ഉമ്മുറൂമാനായിരുന്നു അവരുടെ മാതാവ്. നബി(സ)യുടെ പതിനൊന്നു ഭാര്യമാരിൽവെച്ച് അതിവിപുലമായ ചരിത്രമാണ് ഹ: ആയിഷാ (റ)ക്കുള്ളത്. അതിൻെറ മുഖ്യഭാഗങ്ങൾതന്നെ എഴുതാമെന്നുവെച്ചാൽ അതുതന്നെ ഒരു മഹൽ ഗ്രന്ഥമായിത്തീരും. അതുകൊണ്ടു അവരുടെ ജീവചരിത്രത്തിന്റെ ഒരു സംഗ്രഹം മാത്രമെന്നാമിവിടെ എഴുതുന്നുള്ളു.

നബി(സ)ക്ക് താങ്ങും തണലുമായി നിലക്കൊണ്ടിരുന്ന ഹസ്രത്ത് ഖദീജായുടേയും പിതൃവ്യൻ അബൂതാലിബിൻെറയും മരണശേഷം തിരുമേനി വളരെയധികം വിഷമത്തിലും ദുഃഖത്തിലുമായിരുന്നു. നിഴലററ മരുഭൂമിയിലെ യാത്രക്കാരനെപോലെ എരിപൊരികൊള്ളുകയായിരുന്നു അവിടുന്ന്. ഹസ്രത്ത് സൌദാ(റ)യെ വിവാഹം ചെയ്തിരുന്നുവെങ്കിലും അത് പ്രവാചകപ്രഭ

വിൻെറ കദനഭാരത്തിന്നു ഒരു താങ്ങും തണല്ലമായിരു ന്നില്ലെന്നു് വ്യക്തമാണല്ലൊ. തിരു: നബി(സ)യുടെ ഈ വിഷമാവസ്ഥ ഗ്രഹിച്ച ഹസ്രത്ത് ഖൌലത്ത് എന്ന സ്ത്രീ നബി(സ)യുടെ അട്ടക്കൽവന്നു അബൂബക്ക (റ)ൻെറ മകൾ ആയിഷായെ അവിട്ടന്നു് വിവാഹം ചെയ്യണമെന്നു് ഉപദേശിച്ച സംഭവമാണു് ഈ വിവാഹത്തിന്നു് അടിത്തറപാകിയതു്.

തൻെറ നേക്കു ചീറിപ്പായുന്ന ഏതാപത്തുകളേയും തട്ടിനീക്കി സംരക്ഷണം നല്ലിയിരുന്ന പിതൃവ്യൻെറയും ധമ്മപത്നിയുടെയും അഭാവം നികത്താൻ പയ്യാപ്തമായ ഒരുറച്ച ബന്ധം സ്ഥാപിക്കൽ ഈ അവസരത്തിൽ തിരുമേനിക്കു് അനിവായ്യമായിരുന്നു. ആയിഷാ(റ) യുടെ പിതാവ് സിദ്ധീഖുൽ അക്ബർ മുമ്പുതന്നെ അവിട്ടത്തെ ആത്മമിത്രവും സ്നേഹിതനുമായിരുന്നുവെങ്കി ലും ആ സ്നേഹത്തെ ഒരിക്കല്ലം ഇളകാതെ അരക്കിട്ടുറ പ്പിക്കാൻ ഈ വിവാഹം തീച്ച്യായും ആവശ്യമായി രുന്നു. ഇത്തരം ഒരു പരിതഃസ്ഥിതിയിലാണു് ചെറുപ്പ ക്കാരിയായ ആയിഷായെ വേൾക്കാൻ അവിട്ടന്നു് സന്ന ദ്ധനായതു്.

ഹിജ്രാക്കു് മൂന്നു്വഷം മുമ്പ് തിരുമേനിയുടെ 50–ാമത്തെ വയസ്സിലാണു് ആയിഷാ(റ)യേയും നബി വിവാഹം കഴിച്ചതു്. അന്നവർക്കു് ഏഴു് വയസ്സ് പ്രായമായിരുന്നു. പക്ഷെ അവരുടെ മധ്യ വിധ്യ നടന്നെ

ത് ഹിജ്റ ഒന്നാംവർഷത്തിലാണ്. അപ്പോഴേക്കും പത്തുവയസ്സ് പൂർത്തിയായ ആയിഷാ(റ)ക്ക് ദാമ്പത്യ ബന്ധം പുലർത്താൻമാത്രം ശാരീരികവളർച്ച് പ്രാപിച്ചിരുന്നു.

നബി(സ)യുടെ ഓരോ വിവാഹത്തേയും ശത്രുക്കൾ നഖശിഖാന്തം എതിർത്തിട്ടുണ്ട്. ചെറുപ്പക്കാരിയായ ആയിഷാ(റ)യെ അവിടുന്ന് വിവാഹംചെയ്തത് വികാരത്തിന്റെ വേലിയേററംകൊണ്ടാണെന്ന് പറയാൻ പഴുതില്ലാത്തതുകൊണ്ടോ എന്തോ ഈ വിവാഹത്തെ വിമർശിക്കാൻ മറെറാരു പഴുത് അവർ ഉണ്ടാക്കിയിരിക്കുന്നു. അവർ നന്നെ ചെറുപ്പമായിപ്പോയെന്നതാണ് ഇവരുടെ ആക്ഷേപം. ഈ വിമർശകന്മാരുടെ നിലപാടുകണ്ടാൽ തിരുമേനിക്ക് തീരേ വിവാഹം ചെയ്യാൻ തന്നെ പാടില്ലെന്നാണ് ഇവരുടെ സിദ്ധാന്തമെന്നു തോന്നിപ്പോകും.

യഥാർത്ഥത്തിൽ ആക്ഷേപകരമായ കാര്യങ്ങളൊന്നും നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് ഈ വിവാഹത്തിൽ കണ്ടെത്താനില്ലെന്നതിന്നു പുറമെ പ്രവാചകന്റെ ഉത്തരവാദിത്വഭാരം കണക്കിലെടുക്കുമ്പോൾ അനിവാര്യമായ ഒന്നായിരുന്നു ഈ വിവാഹമെന്ന് വ്യക്തമാവുകയും ചെയ്യും. ആയിഷായുടെ പത്താമത്തെ വയസ്സിലാണ് മധുവിധു നടന്നതെന്ന് പറഞ്ഞുവല്ലോ. ഉഷ്ണമേഖലക

ളിലെ സ്ത്രീകൾ പൊതുവെ ഒമ്പതാമത്തെ വയസ്സിൽ തന്നെ പുഷ്പിണികളാവുക എന്നത് പ്രകൃത്യാ ഒരു സത്യമാണ്. ആത്തവ വതിയായ ഒരു സ്ത്രീ ലൈംഗികബന്ധം പുലത്താൻമാത്രം വളച്ച് എത്തിക്കഴിഞ്ഞിരിക്കുമെന്ന് പുരുഷവർഗ്ഗം ഗ്രഹിച്ചിരിക്കുമല്ലോ.

പത്തു വയസ്സും അതിൽ താഴെയുമുള്ള പല പെൺകുട്ടികളും ഈ ആധുനിക യുഗത്തിൽ പ്രസവിക്കുന്നതായി ലോകത്തിൻെറ പലഭാഗത്തുനിന്നും റിപ്പോർട്ടു ചെയ്യപ്പെടുന്നു. ചില ഉദാഹരണങ്ങൾ കാണുക. "1939ൽ പെറുവിലെ 'ലീമാ' പട്ടണത്തിൽ ലീനാമോഡിന എന്ന ഒരുസ്ത്രീ അഞ്ചാമത്തെ വയസ്സിൽ പ്രസവിച്ചു. ഇപ്പോൾ അമ്മക്ക് 28ഉം മകൾക്ക് 23ഉം വയസ്സായി"

(പ്രദീപം. 1-12-62)

"ആഫ്രിക്കയിൽ പത്തുവയസ്സായ ഒരു സ്ത്രീ പ്രസവിച്ചു" (23-1-64 ചന്ദ്രിക) ഇപ്പോൾ ലൈംഗികബന്ധം പുലത്താൻ മാത്രമല്ല മാതൃത്വത്തിന്നുപോലും ഹഃ ആയിഷാക്ക് അക്കാലത്ത് കഴിവുണ്ടായിരുന്നുവെന്ന് വ്യക്തമാണ്. ആകയാൽ പ്രസ്തുത വീക്ഷണക്കോണിൽ കൂടിയുള്ള ആക്ഷേപത്തിന്നു് പ്രസക്തിയില്ല.

ചെറുപ്പക്കാരിയായ ആയിഷായെ പ്രവാചകൻ കല്യാണം കഴിക്കാനുള്ള പ്രധാനകാരണം കുഡുംബ

ബന്ധം ശക്തിപ്പെടുത്തലാണെന്ന് മുകളിൽ ചൂണ്ടിക്കാണിച്ചുവല്ലൊ. മററു പല പ്രധാനതത്വങ്ങളും, അതിൽ ഉൾക്കൊള്ളുന്നുണ്ട്. ഭാവിതലമുറക്ക് ഇസ്ലാമിക തത്വങ്ങളേയും നിയമവിജ്ഞാനത്തേയും പകൎന്നുകൊടുക്കാൻവേണ്ടി അത്തരം ഒരു ധൎമ്മപത്നിയുടെ ആവശ്യം പ്രവാചകനുണ്ടായിരുന്നു. കാരണം തിരുമേനി(സ) വിവാഹം ചെയ്ത പതിനൊന്നു ഭാൎയ്യമാരിൽ ആയിഷാ(റ) മാത്രമെ കന്യകയും ചെറുപ്പക്കാരിയുമായി ഉണ്ടായിരുന്നുള്ളൂ. മററുള്ളവർ മിക്കപേരും വൃദ്ധകളോ അതിനോടടുത്തവരോ ആയിരുന്നു. ചെറുപ്പക്കാരിയായ ആയിഷാ വലിയ ബുദ്ധിമതിയായിരുന്നു. കൂടാതെ വൃദ്ധകളേക്കാൾ കൂടുതൽക്കാലം പ്രവാചകനുശേഷവും ജീവിച്ചിരിക്കാനുള്ള സാദ്ധ്യതയും ചെറുപ്പക്കാരിക്കാണല്ലൊ. അപ്പോൾ പ്രവാചകനിൽനിന്നും ഇസ്ലാമികവിജ്ഞാനം ശരിക്കും ഗ്രഹിക്കാനും അദ്ദേഹത്തിൻെറ കാലശേഷവും ഇസ്ലാമികപ്രബോധനത്തിൻെറ നേതൃത്വവും ഉത്തരവാദിത്തവും വളരെക്കാലം തുടൎന്നുപോകാനും അവൎക്ക് കഴിയും. ഇത്തരം കാൎയ്യങ്ങളെല്ലാം അവരുടെ ചരിത്രം സൂൎയ്യപ്രകാശംപോലെ വ്യക്തമാക്കുന്നുമുണ്ട്.

നബി(സ)യോടൊപ്പം ഒൻപത് കൊല്ലക്കാലം ആയിഷാ(റ) ദാമ്പത്യജീവിതം നയിച്ചിട്ടുണ്ട്. ഇക്കാലമത്രയും തിരു: നബി(സ)യുടെ ഓരോ സംസാരവും ചലനവും അവർ പ്രത്യേകം ഹൃദിസ്ഥമാക്കുകയും സൂക്ഷ്മമായി

ഗ്രഹിക്കുകയും ചെയ്തു. പിൽക്കാലത്ത് ആയിഷായിൽ നിന്ന് രണ്ടായിരത്തി ഇരുന്നൂറിൽപരം ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു എന്നതുതന്നെ ഇതിന്ന് വ്യക്തമായ തെളിവാണ്. സ്ത്രീകളെ സംബന്ധിച്ച പ്രത്യേക നിയമങ്ങൾ മററുള്ളവരെ പഠിപ്പിക്കാൻ പ്രത്യേകിച്ചും ആയിഷായെ ആയിരുന്നു നബി(സ) ഭാരമേല്പിച്ചത്. ധാരാളം സ്ത്രീകൾ ദിവസംതോറും അവരുടെ വീട്ടിൽ വരികയും അവക്കറിയേണ്ട പല പ്രശ്നങ്ങളേ സംബന്ധിച്ചും ആയിഷാ(റ) മുഖേന നബി(സ)യിൽനിന്നും ഗ്രഹിക്കുകയും ചെയ്യാറ് പതിവായിരുന്നു. മുകളിൽ ചൂണ്ടിക്കാണിച്ചപോലെ പ്രവാചകപ്രഭുവിൻെറ ദേഹവിയോഗത്തിന്ന്ശേഷം നീണ്ട 48 വഷങ്ങൾ അവർ ഇസ്ലാമികവിജ്ഞാനം പ്രചരിപ്പിച്ചുകൊണ്ടും മഹത്തായ സമുദായസേവനങ്ങൾ നടത്തിക്കൊണ്ടും ജീവിച്ചു. അവരുടെ ഈ ദീർഘകാല ജീവിതവും ബുദ്ധിശക്തിയും പാണ്ഡിത്യവുമില്ലായിരുന്നുവെങ്കിൽ ഇസ്ലാമികവിജ്ഞാനത്തിന്റെ കാതലായ പല ഭാഗങ്ങളും ലോകത്തിന്നു ലഭിക്കുമായിരുന്നില്ല. പ്രവാചകൻെറ ശേഷം നാലു ഖലീഫമാരും മററു സഹാബാക്കളും പണ്ഡിതന്മാരുമെല്ലാം ഇസ്ലാമിക വിഷയത്തെ സംബന്ധിച്ചും ഭരണകാര്യങ്ങളെപ്പററിയും ഹസ്രത്ത് ആയിഷായുമായി ആലോചിച്ചിട്ടേ എന്തും പ്രവത്തിക്കാറുണ്ടായിരുന്നുള്ളുവെന്നത് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. വല്ല വിഷയത്തിലും

സംശയമോ അഭിപ്രായവ്യത്യാസമോ ഉണ്ടായാൽ ആയിഷായുടെ തീരുമാനമായിരുന്നു അവരുടെ അന്ത്യകാലം വരേയും മുസ്ലിംലോകം സ്വീകരിച്ചിരുന്നത്. പരിശുദ്ധഇസ്ലാമിന്നു് വൈജ്ഞാനികരംഗത്തും ഭരണപരമായ കാര്യങ്ങളിലും മററു വിധത്തിലുമെല്ലാം ഇത്രയധികം സേവനങ്ങളർപ്പിക്കാൻ ആയിഷാക്കു് കഴിഞ്ഞതു് അവർ ചെറുപ്പക്കാലത്തുതന്നെ പ്രവാചകൻെറ പത്നീപദത്തിലേക്കു് അവരോഹണം ചെയ്യപ്പെട്ടതുകൊണ്ടാണെന്നു് ബുദ്ധിയുള്ള ആർക്കും സമ്മതിക്കാതെ നിവൃത്തിയില്ല.

ശൈശവവിവാഹത്തെ സംബന്ധിച്ച പലരും പലവിധ തെററിദ്ധാരണകളും ഇന്നും വെച്ചു പുലത്തുന്നുണ്ടു്. മുസ്ലിംകളുടെ ഇടയിൽതന്നെ ഇത്തരക്കാരെ കാണാം. ചെറുപ്പത്തിലുള്ള വിവാഹം ഇസ്ലാം നിരോധിച്ചിട്ടുണ്ടെന്നും പ്രവാചകന്റെ പ്രസ്തുത വിവാഹം ഈ നിരോധന നിയമത്തിൻെറ മുമ്പായിരുന്നുവെന്നും ചിലർ പറയുന്നു. ചിലരുടെ പ്രവത്തനംകണ്ടാൽ ശൈശവ വിവാഹം ഇസ്ലാം നിർബ്ബന്ധമാക്കിയപോലെ തോന്നും. എന്നാൽ ഈ രണ്ടു നിഗമനങ്ങളും ശരിയല്ലെന്നതാണു് യാഥാർത്ഥ്യം. ശൈശവ വിവാഹത്തെ ഇസ്ലാം നിരോധിക്കുകയോ പ്രോത്സാഹിപ്പിക്കുയോ ചെയ്യുന്നില്ല. "അതൊരു സാമൂഹ്യാചാരമായി നടപ്പിൽ വരുത്തേണ്ടതില്ല. ഏതെങ്കിലും പരിതഃസ്ഥിതിയിൽ ശൈശവ

വിവാഹത്തിന്നു് വല്ലവരും നിർബ്ബന്ധിതരാകുന്നുവെങ്കിൽ അതിന്നു വിരോധവുമില്ല" ഇതാണു് ഈ വിഷയത്തിൽ ഇസ്ലാമിൻെറ നിലപാട്.

നബി(സ)യുടെ ജീവിച്ചിരിപ്പുള്ള ഭാര്യമാരിൽ ഏററവുമധികം അവിട്ടന്നു് സ്നേഹിച്ചിരുന്നതു് ഹ: ആയിഷാ(റ)യെ ആയിരുന്നു. ഇതിന്നെതിരില്വം പാശ്ചാത്യ ചരിത്രകാരന്മാർ രൂക്ഷമായ വിമശ്നനം നടത്തിയിട്ടുണ്ടു്. ആയിഷായുടെ സൌന്ദര്യത്തിൽ ആകൃഷ്ടനായിട്ടാണു് അവിട്ടന്നു് അവരെ അത്യധികം സ്നേഹിച്ചതു് എന്നാണു് ഇവരുടെ കണ്ടുപിടുത്തം. എന്നാൽ സൌന്ദര്യത്തെ സ്നേഹിക്കുക മാത്രമല്ലാ ആരാധിക്കുകപോല്വം ചെയ്യുന്നതു് മനുഷ്യ സഹജമായ ഒരു വാസനയാണു്. പുരുഷനില്വം സ്ത്രീയില്വം വൈകാരികമായ ഈ ഒരവസ്ഥാവിശേഷം കുടികൊള്ളുന്നു. എന്നിരിക്കെ പ്രവാചകൻ സൌന്ദര്യം കാരണം തൻെറ ഭാര്യയെ അല്പമൊന്നു സ്നേഹിച്ചുപോയെങ്കിലെന്താണിത്ര തകരാറ്. മററു ഭാര്യമാർ ആരെങ്കില്വം ഇതിനെ സംബന്ധിച്ചു ആക്ഷേപിച്ചിട്ടുമില്ല. എന്നിരിക്കെ ഇത്തരം വിമശ്നനങ്ങളുടെ ഉള്ളുകള്ളി എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

ജീവിച്ചിരിപ്പുള്ള ഭാര്യമാരിൽവെച്ച് ആയിഷായെ പ്രവാചകൻ അത്യധികം സ്നേഹിച്ചതിന്നു് മററു പലകാരണങ്ങളുമുണ്ടായിരുന്നു എന്നതാണു് ചരിത്ര

സത്യം. സൌന്ദര്യത്തിൻെറ തിളക്കമാണു് അവിടെ സ്നേഹത്തിന്നു കാരണമായിരുന്നതെങ്കിൽ ഭാര്യമാരുടെ കൂട്ടത്തിൽ അതീവസുന്ദരി ഹഃ സൈനബായും ജുവൈരിയാ (റ)യും മററുമായിരുന്നു. ആയിഷാ(റ)യുടെ ബുദ്ധിശക്തി, പാണ്ഡിത്യം, ഇസ്ലാമിക സേവനത്തിന്നുള്ള അതിയായ കഴിവ് തുടങ്ങിയ ഉൽകൃഷ്ടഗുണമായിരുന്നു ഈ പ്രത്യേക സ്നേഹത്തിന്നു കാരണം. പിൽക്കാലത്ത് ഏററവും നല്ല ഒരു പ്രാസംഗികയായിപ്പോലും അവർ പ്രശസ്തിയാർജ്ജിച്ച ചരിത്രസംഭവം ഇതിന്നെല്ലാം വ്യക്തമായ തെളിവാണു്. പ്രേക്ഷകരെ കോരിത്തരിപ്പിക്കാനും വികാരാവേശരാക്കാനും അവരുടെ വാക്ചാതുരിക്കു് കഴിയുമായിരുന്നു. ഹഃ ആയിഷായുടെ ചില പ്രസംഗങ്ങളുടെ സംക്ഷിപ്ത സംഗ്രഹം വഴിയെ വരുന്നുണ്ടു്. ആയിഷായുടെ പ്രത്യേക കഴിവിനെ സംബന്ധിച്ചു് നബി(സ)തന്നെ പറഞ്ഞ ഒരു ഹദീസ് ഇപ്രകാരമാണു്. "നിങ്ങൾ മതത്തിൻെറ അർദ്ധാംശം ആയിഷായിൽനിന്നു് പഠിക്കുവീൻ" അവരുടെ ബുദ്ധി കൂർമ്മതയേയും പാണ്ഡിത്യത്തേയും സംബന്ധിച്ചു് അക്കാലത്തെ ശ്രേഷ്ഠ പണ്ഡിതന്മാരും ഹദീസ് നിവേദകന്മാരും രേഖപ്പെടുത്തിയ പ്രശസ്തമായ അഭിപ്രായങ്ങളിൽ ചിലത് ഇവിടെ ഉദ്ധരിക്കാം. ഹഃ അബൂമൂസൽഅശ്അരി(റ) പറയുന്നു: "ആയിഷാ(റ)യുടെ അഭിപ്രായം ആരായുകയും അവരുടെ ബുദ്ധിപൂർവ്വമായ ഉപദേശങ്ങൾ സ്വീകരി

ക്കുകയും ചെയ്യാതെ നബി(സ)യുടെ സഹാക്കളായ ഞങ്ങൾ കുഴപ്പമേറിയ ഒരു പ്രശ്നത്തേയും നേരിടുക ഉണ്ടായിട്ടില്ല.'' ഹ: ഉഖ്ബത്തിബിന്ദുസ്സുബൈർ(റ) പറയുന്നു: ''ഖുർആനിൻെറ വിശദീകരണത്തേയും, അനുവദനീയമായവയുടേയും, വിരോധിക്കപ്പെട്ടവയുടേയും വിവരണത്തേയും, അറബി കവിതകളേയും, വംശവിജ്ഞാനീയത്തേയും അധികരിച്ച് ഹസ്രത്ത് ആയിഷാ(റ)യേക്കാൾ പാണ്ഡിത്യമുള്ളവരായി മററാരാളേയും ഞാൻ കണ്ടിട്ടില്ല.''

ഹസ്രത്ത് ആയിഷായുടെ കന്യകത്വവും സൌന്ദര്യ്യവും കൊണ്ടായിരുന്നില്ലാ അവരെ പ്രവാചകൻ കൂടുതൽ സ്നേഹിച്ചതെന്നു് ഉപരിസൂചിതമായ കാര്യ്യങ്ങൾ കൊണ്ടു വ്യക്തമാവുന്നതാണ്. കൂടാതെ ഒരു സംഭവം കൂടി ഇവിടെ ചൂണ്ടിക്കാണിക്കാം. ''ഒരിക്കൽ നബി (സ) വീട്ടിൽനിന്നു് ഹ; ഖദീജാ(റ)യുടെ ഗുണഗണങ്ങളെ പ്രകീർത്തിക്കുന്നത് ആയാഷാ(റ) കേൾക്കുകയുണ്ടായി. അപ്പോൾ ആയിഷാ പറഞ്ഞു: അവർ ഒരു വിധവയായിരുന്നു. അവരെക്കാളും ഉത്തമയായ ഞാനിവിടെയുണ്ടല്ലോ'. ഇത് കേട്ടപ്പോൾ തിരുമേനിയുടെ മുഖം കോപത്താൽ ചുകപ്പു വർണ്ണമാവുകയും 'ഖദീജാക്ക് തുല്യയായ ഒരു ഭാര്യ്യ എനിക്കുണ്ടായിട്ടില്ലെ'ന്നു് പറയുകയും ....''അവരുടെ ഗുണഗണങ്ങൾ എണ്ണിപ്പറയുകയും ചെയ്തു.'' ഈ സംഭവത്തിന്നു്ശേഷം ഖദീജായെ സംബ

ന്ധിച്ച് തിരുമേനിക്ക് അഹിതമായ യാതൊന്നും ഞാൻ പറഞ്ഞിട്ടില്ലെന്നു് ആയിഷാ(റ) തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയിഷായോടു സൌന്ദര്യവികാരവേശപരമായിട്ടായിരുന്നു പ്രവാചകന്നു് കൂടുതൽ സ്നേഹം ഉണ്ടായിരുന്നതെങ്കിൽ ഈ അഭിപ്രായ പ്രകടനസമയത്ത് നബി(സ) അവരോടു കോപിക്കുമായിരുന്നില്ല. പ്രത്യുത അവരെ ആലിംഗനം ചെയ്ത് കൂടുതൽ സന്തോഷിപ്പിക്കുവാനാണ് സാദ്ധ്യത.

നബി(സ)ക്ക് കൂടുതൽ ഭാര്യമാരുണ്ടായിരിക്കെ ഒരാളോട് മാത്രം കൂടുതൽ സ്നേഹം കാണിച്ചത് വിവേചനവും കുററവുമാണെന്നു് വരുത്തിത്തീർക്കലാണു് ഈ വിമർശകരുടെ ലക്ഷ്യമെങ്കിൽ താത്വികമായി അതിന്നും പ്രസക്തിയില്ല. കാരണം സ്നേഹമെന്നത് മാനസികമായ ഒരു വികാരമാണു്—അത് ഒരു പരിധിവരെ മാത്രമെ മനുഷ്യന്നു് നിയന്ത്രിക്കാൻ കഴിയൂ എന്നത് ആർക്കാണ് നിഷേധിക്കാൻ കഴിയുക. കുറെ കുട്ടികളുള്ള ഒരു പിതാവിന്നു് അതിൽ ഏതെങ്കിലും ഒരു സന്താനത്തോടു കൂടുതൽ സ്നേഹമുണ്ടാകാറുണ്ട്. ഇതൊരു വിവേചനമായി ആരും ആക്ഷേപിക്കാറില്ല. ഇതുകൊണ്ടു മററു കുട്ടികളോടു സ്നേഹമില്ലെന്നും വിധി കല്പിക്കാറില്ല. ബാഹ്യമായ എല്ലാ രംഗത്തും തുല്യത കാണിക്കാൻ മാത്രമെ ഒരു മനുഷ്യന്നു കഴിയൂ, ഇത് മാത്രമെ ഈ വിഷയത്തിൽ ഇസ്ലാമും കർശനമായി അനുശാസി

ക്കന്നുള്ളു. പ്രവാചകൻെറ ജീവിതചയ്യയും ഇതേനില ക്കായിരുന്ന ഭക്ഷണവസ്ത്രാദികാര്യങ്ങളിലും പാപ്പിടത്തി ൻെറ വിഷയത്തിലുമെല്ലാം അവിടുന്ന് നിഷ്കൃഷ്ടമായ തുല്യത പാലിച്ചിരുന്നു. സ്ത്രീകളോടൊത്ത് താമസിക്കു ന്നതിലും അവിടുന്ന് ഊഴം നിശ്ചയിച്ചിരുന്നു. ഓരോ ദിവസം ഓരോ സ്ത്രീകളോടൊത്ത് താമസിക്കലായിരു ന്നു പതിവ്. ഈ വിഷയത്തിൽ വൃദ്ധകളെന്നോ സൌന്ദര്യം കുറഞ്ഞവരെന്നോ യാതൊരു വ്യത്യാസവുമു ണ്ടായിരുന്നില്ല.

ലൈംഗികാവേശങ്ങളെല്ലാം അവസാനിച്ചതു കൊണ്ടായിരിക്കാം ഹ: സൌദാ(റ) അവരുടെ ഊഴത്തി ൽപെട്ട ദിവസവുംകൂടി ആയിഷായുടെ വീട്ടിൽ താമ സിക്കാൻ പ്രത്യേകം തിരുമേനിക്ക് അനുവാദം കൊടു ത്തിരുന്നു ഇത്രയും കാര്യങ്ങൾകൊണ്ടുതന്നെ പ്രവാച കൻ(സ) ഭാര്യമാക്കിടയിൽ എത്ര സൂക്ഷ്മതയോടെയാണ് തുല്യത പാലിച്ചിരുന്നതെന്ന് സൂര്യപ്രകാശംപോലെ വ്യക്തമാവുന്നതാണ്.

## സ്വഭാവനിഷ്ഠകൾ

ഹ: ആയിശാ(റ)സത്സ്വഭാവത്തിലും, ദൈവഭക്തി യിലും, സാധുസംരക്ഷണ ധർമ്മാദിഗുണങ്ങളിലുമെല്ലാം ഉന്നതനിലവാരം പുലത്തിയ ഒരു മാതൃകാ മഹിളയാണ്.

നബി(സ) ഇത്തരം കാര്യങ്ങൾ ഭാര്യമാരുടെ ജീവിതത്തിൽ നിലനിർത്താൻ വേണ്ടി സദാ അവരെ ഉപദേശിക്കാറുമുണ്ടായിരുന്നു. "നിങ്ങളുടെ നില മററു സ്ത്രീകളെപ്പോലെയല്ല. എന്നെസംബന്ധിച്ചു നോക്കുമ്പോൾ നിങ്ങൾക്ക് ചില പ്രത്യേകതകളുണ്ട്. സത്യവിശ്വാസികളുടെ മാതൃസ്ഥാനം വഹിക്കേണ്ടവരാണ്. നിങ്ങളുടെ ഓരോപ്രവൃത്തിയും തികച്ചും മാതൃകാപരമായിരിക്കണം. നിങ്ങൾ വ്യതിചലിച്ചുപോവുകയാണെങ്കിൽ അല്ലാഹുവിങ്കൽനിന്നു നിങ്ങൾക്ക് ഇരട്ടി ശിക്ഷ ലഭിക്കുന്നതായിരിക്കും. നിങ്ങൾ അപഥ സഞ്ചാരം ചെയ്യുകയാണെങ്കിൽ മററുള്ളവരും നിങ്ങളെ അനുകരിക്കുന്നവരാണ്." എന്നിങ്ങിനെ നബി(സ) അവരെ ഉപദേശിച്ചിരുന്നു. ഒരിക്കൽ അവിടുന്ന് ഹസ്രത്ത് ആയിഷാ(റ)യോടു പറഞ്ഞു: "നിങ്ങൾ സൌമ്യശീലം കൈക്കൊള്ളുക. കാഠിന്യവും ദുശ്ശീലവും ഉപേക്ഷിക്കുകയും ചെയ്യുക. തീർച്ചയായും ഏതുവസ്തുവിലാകട്ടെ സൌമ്യത കുടികൊള്ളുന്നുവെങ്കിൽ അത് അതിനെ ഭംഗിയാക്കാതിരിക്കയില്ല. ഏതൊരു വസ്തുവിൽ അതു നിലകൊള്ളുന്നില്ലയോ അതതിനെ അഭംഗിയാക്കാതിരിക്കയുമില്ല." (മുസ്ലിം) "അല്ലാഹുവിന്നും അവൻെറ ദൂതന്നു നിങ്ങൾ വഴിപ്പെട്ടുക" എന്ന പരിശുദ്ധ ഖുർആനിൻെറ ഉൽബോധനം ഹ: ആയിശ തികച്ചും തൻെറ ജീവിതത്തിൽ പകർത്തിയിരുന്നു. അവർ സദാ ആരാധനയിൽ മുഴുകിയിരുന്നു. പ്രവാചകനോടൊപ്പംതന്നെ പള്ളിയിൽപോയി ജമാ

അത്തില്ലും മററും പങ്കെടുത്തു നമസ്കരിക്കൽ അവരുടെ പതിവായിരുന്നു. പള്ളിയിൽ പോകുമ്പോഴും വീട്ടിലായാലും ഏതവസരത്തില്ലും ഇസ്ലാമികമായ പർദ്ദാസമ്പ്രദായം ശരിക്കും ആചരിച്ചു മുസ്ലിം മഹിളാവിഭാഗത്തിന്നു ഉത്തമമായ മാതൃക സൃഷ്ടിച്ചുകൊടുത്ത ഒരു വനിതാരത്നമാണ് ഹഃ ആയിശാ(റ). മദീനായില്ലുള്ള ഇസ്ഹാഖ് എന്ന കുരുടനായ ഒരു മനുഷ്യൻ ആയിശായുടെ അടുക്കൽ മതകാര്യങ്ങൾ പഠിക്കുവാൻ വരാറുണ്ടായിരുന്നു. അയാൾ വീട്ടിലേക്കു വരുമ്പോൾ അവർ പർദ്ദ ധരിക്കും. ഇതു കണ്ടു "അയാൾ കുരുടനാണല്ലൊ" എന്നു് ചിലർ സൂചിപ്പിച്ചപ്പോൾ ഞാൻ "കുരുടിയല്ലല്ലൊ" എന്നായിരുന്നു അവരുടെ മറുപടി. ഇസ്ലാമികനിയമങ്ങൾ ജീവിതത്തിൽ അനുഷ്ഠിക്കുന്നതില്ലുള്ള നിഷ്കൃഷ്ടയാണിവിടെ പ്രകടമാകുന്നത്. ഒരിക്കൽ ആയിശാ(റ)യുടെ സഹോദരീ പുത്രിയായ ഹഫ്സാബീവി(റ) ഒരു നേരിയ വസ്ത്രം ധരിച്ച് അവരുടെ സന്നിധിയിൽ വരികയുണ്ടായി. ഇത് കണ്ട് ദ്വേഷ്യം പിടിച്ച അവർ ഒരു പരുക്കൻ വസ്ത്രമെടുത്ത് ഹഫ്സാ(റ)യെക്കൊണ്ടു ധരിപ്പിക്കുകയും സ്ത്രീകളുടെ സൌന്ദര്യത്തെ മറക്കേണമെന്ന ഖുർആനിൻെറ ശാസനകൾ ഉൾക്കൊള്ളുന്ന സൂക്തങ്ങൾ അവരെ ഓതിക്കേൾപ്പിക്കുകയുമുണ്ടായി.

അക്കാലത്തെ മുഴവൻ സ്ത്രീകളിൽവെച്ചും ഏററവുമധികം ഔദാര്യവതിയായിരുന്നു അവർ. വീട്ടില്ലുള്ള

മുഴവൻ സാധനങ്ങളും അവർ സാധുക്കൾക്ക് ധമ്മം ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു മനുഷ്യൻ ആയിശായുടെ അടുത്ത് ചെന്നു് വല്ലതും തരേണമെന്നു് ആവശ്യപ്പെട്ടു. അവർ അകത്തുപോയി ഒരു മുന്തിരിപ്പഴം കൊണ്ടുവന്നു് അയാൾക്കു കൊടുത്തു. ഇത് കണ്ട് അയാൾ അത്ഭുതത്തോടെ ചോദിച്ചു, 'ഒരുവീട്ടിൽ ഒരു മുന്തിരിങ്ങമാത്രം അവശേഷിക്കുമോ'? ഹ: ആയിശാ(റ) ഉടനെ മുന്തിരി സൂക്ഷിച്ചിരുന്ന പാത്രമെടുത്ത് കൊണ്ടുവന്നു അയാൾക്കു കാണിച്ചുകൊടുത്തു. അതിൻ ഒന്നും ഉണ്ടായിരുന്നില്ല. (മാലിക്) ആയിശാ(റ)യുടെഔദാര്യ ശീലത്തിന്നു് വ്യക്തമായ ചില ഉദാഹരണങ്ങൾകൂടി ഇവിടെ ചൂണ്ടിക്കാണിക്കാം. ഹസ്രത്ത് മുആവിയാ(റ)ൻെറ ഭരണകാലത്ത് ഒരിക്കൽ അദ്ദേഹം ആയിശാക്ക് ഇരുപത്തയ്യായിരം ദിർഹം പാരിതോഷികമായി അയച്ചുകൊടുത്തു. അതുമുഴവനും അന്നു് സന്ധ്യക്കുമുമ്പുതന്നെ ധമ്മം ചെയ്തു തീർത്തു. നോമ്പ് തുറക്കുമ്പോഴേക്കും എന്തെങ്കിലും വാങ്ങാൻ കാശുണ്ടോ എന്നു പരിചാരിക ചോദിച്ചപ്പോൾ "അത് നിനക്ക് കാലേക്കൂട്ടി ഓമ്മപ്പെടുത്തിക്കൂടായിരുന്നുവോ" എന്നാണവർ പറഞ്ഞത്.

മറെറാരവസരത്തിൽ ആയിശായുടെ സഹോദരീപുത്രനും മക്കായിലെ ഗവണ്ണരുമായിരുന്ന ഹസ്രത്ത് അബ്ദുല്ലാഹിബ്നുസുബൈർ(റ) ആയിശാ(റ)യുടെ സാ

സ്വത്തിക വിഷമത മനസ്സിലാക്കി കുറെയധികം ധനവും ഏതാനും അടിമകളേയും അവക്ക് അയച്ചുകൊടുത്തു. പക്ഷെ ആയിശ(റ) അന്ന്തന്നെ അടിമകളെ സ്വതന്ത്രരാക്കിവിട്ടുകയും ധനം മുഴുവനും ധർമ്മം ചെയ്യുകയുമുണ്ടായി ഈ വാർത്തകേട്ട അബ്ദുല്ലാ(റ)ദേഷ്യം പിടിച്ചു. എനി താൻ ഇളയുമ്മക്ക് ഒന്നും കൊടുക്കുകയില്ലെന്നുപറഞ്ഞു. ഈ വാർത്ത പിന്നീട്ട് ആയിശാ(റ) അറിഞ്ഞപ്പോൾ അവർ ശുണ്ഠി പിടിക്കുകയും താനൊരിക്കലും അബ്ദുല്ലായുമായി സംസാരിക്കുകയില്ലെന്ന് ശപഥം ചെയ്യുകയുമുണ്ടായി. ഇബ്നസുബൈർ മേലിൽ തന്റെ വീട്ടിൽ പ്രവേശിക്കരുതെന്ന്കൂടി ഉത്തരവിട്ടു ഈ വാർത്ത അബ്ദുല്ലാഹിബ്നസുബൈർ അറിഞ്ഞപ്പോൾ അദ്ദേഷം വളരെയധികം ദുഃഖിതനായിതീരുകയും ഏതാനും പ്രസിദ്ധസഹാബിമാർ മുഖേന ഹഃ ആയിശാ(റ)ന്റെ അടുത്തുപോയി മാപ്പ് ചോദിക്കുകയും ചെയ്തു. അങ്ങിനെ അവർ സഹോദരീപുത്രന്നു മാപ്പുകൊടുക്കുകയും അദ്ദേഹവുമായി സംസാരിക്കുകയും ആദ്യം ചെയ്ത ശപഥത്തിന്ന് പ്രായശ്ചിത്തം നല്കി ഒഴിവാക്കുകയും ചെയ്തു.

## ഒരപവാദത്തിന്റെ കഥ.

മദീനാപട്ടണത്തെയാകമാനം പിടിച്ചു കുലുക്കിയ പ്രസ്തുത സംഭവം ഹഃ ആയിഷാ(റ)യുടെ ജീവ ചരി

ത്രത്തിൽ പ്രാധാന്യ മഹിക്കുന്ന ഒരു ഭാഗമായതിനാൽ അതിൻെറ രത്നച്ചുരുക്കം ഇവിടെ വിവരിക്കാം

നബി(സ) യുദ്ധത്തിന്നും മററും പോകുമ്പോൾ ഭാര്യമാരിൽ ചിലരേയും കൊണ്ട്പോകാറ് പതിവായിരുന്നു. ഭാര്യമാരുടെ പേരെഴുതി നറുക്കെടുത്തു കിട്ടുന്നവരെയാണ് അങ്ങിനെ കൊണ്ടുപോകാറ്. ഹിജറ അഞ്ചാം വർഷത്തിലാണ് മേല്പറഞ്ഞ സംഭവം നടന്നത്. ബനൂമുസ്ഥലിഖ്ഗോത്രക്കാരുമായി അക്കാലത്തുണ്ടായ ഒരു യുദ്ധത്തിന്ന് തിരുമേനി(സ)യോടൊപ്പം ഹ: ആയിശായും പോയിരുന്നു. യുദ്ധം കഴിഞ്ഞു തിരിച്ചു പോരുമ്പോൾ സൈന്യം വഴിമദ്ധ്യെ ഒരു സ്ഥലത്തിറങ്ങി വിശ്രമിച്ചു. ഈ സമയത്ത് ഹ: ആയിശാ ഒട്ടകപ്പുറത്തുള്ള കൂടാരത്തിൽ നിന്നിറങ്ങി വിസർജ്ജനാവശ്യാർത്ഥം കുറച്ചകലേക്കു പോയി. മടങ്ങിവന്നപ്പോൾ കഴുത്തിലുണ്ടായിരുന്ന സ്വർണ്ണമാല നഷ്ടപ്പെട്ടതായി കണ്ടു. അവർ വേഗം അതു കണ്ടെടുക്കാനായി പ്രസ്തുത സ്ഥലത്തേക്ക് വീണ്ടും പോയി. ആയിശയുടെ ഈ പോക്ക് സൈന്യത്തിലുള്ളവരുടെ ശ്രദ്ധയിൽപെട്ടിരുന്നില്ല: അവർ സ്വന്തം ഒട്ടകത്തിൻെറ കൂടാരത്തിലുണ്ടായിരിക്കുമെന്ന് കരുതി സൈന്യം യാത്ര പുറപ്പെട്ടു. ഹ: ആയിശാ(റ) മാലയുമെടുത്ത് തിരിച്ചുവരുമ്പോഴേക്ക് യാത്രാസംഘം ബഹുദൂരം എത്തിക്കഴിഞ്ഞിരുന്നു. പരിഭ്രമചിത്തയാ

യിക്കഴിഞ്ഞ അവർ ആരെയും കാണാതെ ആ സ്ഥലത്തു തന്നെ ഇരുന്നു. അവരല്ലം മയങ്ങിപ്പോയി.

മുസ്ലിം സൈന്യം യാത്രചെയ്യുമ്പോൾ യാത്രാസംഘത്തിൽനിന്നു് ആളുകളോ വല്ല സാധനങ്ങളോ വഴിമദ്ധ്യേ വീണുപോകുന്നതും നഷ്ടപ്പെടുന്നതും പരിശോധിക്കാനും വീണ്ടെടുക്കാനുമായി യാത്രയുടെ പിന്നാലെ അനുമിക്കാൻവേണ്ടി തിരുമേനി(സ) അക്കാലത്തു് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. പ്രസ്തുത സംഘത്തിന്റെ ഉദ്യോഗസ്ഥൻ ഹഃ സഫ്വാൻ(റ) ആയിരുന്നു. അദ്ദേഹം യാത്രാസംഘത്തിന്റെ വളരെ പിന്നിലായിരുന്നു യാത്രചെയ്തതു്. രാത്രി നിലാവെളിച്ചത്തിൽ അദ്ദേഹം ഒട്ടകപ്പുറത്തു് വരുമ്പോൾ ഒരാൾരൂപം മരുഭൂമിയിൽ കിടന്നുറങ്ങുന്നതായി തോന്നി. അടുത്തുചെന്നുനോക്കിയപ്പോൾ അതു ആയിശാ(റ)യാണെന്നു മനസ്സിലാവുകയും അദ്ദേഹം പരിഭ്രമവും അത്ഭുതവുംകലന്ന സ്വരത്തിൽ 'ഇന്നാലില്ലാഹിവഇന്നാഇലൈഹിറാജിഊൻ' എന്നു ഉച്ചത്തിൽ പറയുകയും ചെയ്തു. ഇതുകേട്ടു ഞെട്ടിയുണന്ന ഹസ്രത്ത് ആയിശാക്കു് സഫ്വാൻ(റ) തന്റെ ഒട്ടകത്തെ മുട്ടുകുത്തിച്ചു കൊടുക്കുകയും അവർ അതിന്മേൽ കയറിയപ്പോൾ അദ്ദേഹം ഒട്ടകത്തിന്റെ മൂക്ക്കയർ പിടിച്ചു നടക്കുകയും ചെയ്തു. പിറേറന്നു് ഏതാണ്ടു് ഉച്ചയോടടുത്ത സമയത്താണു് അവർ മദീനായിൽ എത്തിച്ചേന്നതു്.

ഹഃ സഫ്വാൻ(റ) ഒട്ടകപ്പുറത്തു ആയിശാ(റ)യെ

കയററികൊണ്ടുവന്നതു് കണ്ടപ്പോൾ മുസ്ലിംകളിലുണ്ടായിരുന്ന കപടവിശ്വാസികൾ വ്യാജമായ ചില അപരാധങ്ങൾ പറഞ്ഞുപരത്തുകയുണ്ടായി. പ്രസിദ്ധ മുനാഫിഖായിരുന്ന അബ്ദുല്ലാഹിബിനു ഉബയ്യാണ് ഈ കുററാരോപണത്തിന്നു് നേതൃത്വം നല്കിയതു്. മദീനാപട്ടണത്തെയാകമാനം പ്രകമ്പനംകൊള്ളിച്ച ഈ സംഭവത്തിൽ നബി(സ)യും സഹാബത്തും മൌനം ദീക്ഷിക്കുകയാണുണ്ടായതു്. യുദ്ധത്തിൽനിന്നു് തിരിച്ചെത്തിയ ഹ: ആയിശാ(റ) അന്നു്തന്നെ കഠിനമായപനി ബാധിച്ചു കിടപ്പിലായിരുന്നു. അവർ ഈ സംഭവങ്ങളൊന്നും അറിഞ്ഞിരുന്നില്ല. മാതാപിതാക്കളുംമററും അവരെ ഈ കാര്യം അറിയിക്കാതെ രഹസ്യമാക്കിവെക്കുകയും ചെയ്തു.

ഇക്കാലത്ത് നബി(സ) ആയിശാ(റ)യുമായി അട്ടത്തുപെരുമാറുകയോ സ്നേഹബന്ധം പുലർത്തുകയോ ചെയ്തിരുന്നില്ല. ഈ യാഥാർത്ഥ്യം ഗ്രഹിച്ച ആയിശാ(റ) സ്വന്തം മാതാപിതാക്കളുടെ വീട്ടിലേക്ക് നബി(സ)യുടെ അനുവാദത്തോടെതന്നെ മാറിത്താമസിച്ചു. അവിടെ വെച്ച് ഉമ്മു മിസ്തഹ്(റ) എന്ന സ്ത്രീയിൽനിന്നാണു് ഈ വിവരം അവർ ഗ്രഹിച്ചത്. ഈ വാർത്ത അറിഞ്ഞതോടെ ഹ: ആയിശ ദുഃഖിതയും അസ്വസ്ഥചിത്തയുമായിത്തീരുകയും അവരുടെ രോഗം കൂടുതൽ മൂർച്ഛിക്കുകയും ചെയ്തു. നബി(സ)യുടെ അഭീഷ്ടത്തിന്നെതിരായി

ഒരു ചെറുവിരൽപോലുമനക്കാത്ത ആ പതിവ്രതയായ. തരുണീരത്നത്തിന്നു് തൻെറ മേൽ ഇത്തരം ഒരുപവാദം ആരോപിക്കപ്പെട്ടിട്ടുണ്ടെന്നു് കേട്ടപ്പോൾ സഹിക്കാൻ കഴിഞ്ഞില്ല. രാവും പകലും കരഞ്ഞുകരഞ്ഞു അവർ കൂടുതൽ വിവശയായിത്തീൎന്നു.

നബി(സ)യുടെ ഉത്തമ സുഹൃത്തുക്കളായ ചില സ ഹാബികൾപോലും ഈ അപവാദം ശരിയാണെന്നു സം ശയിച്ചുപോകാൻ മാത്രം ശക്തിയിൽ അതു പ്രചരിച്ചു കഴിഞ്ഞിരുന്നു. ഈ സന്ദർഭത്തിൽ തിരു നബി(സ) പ്രധാന സഹാബികളുടെ ഒരു യോഗം വിളിച്ചു ഈ വി ഷയത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചു ആലോചിക്കുകയുണ്ടായി. സഹാബിമാരിൽ ചിലർ ആയിശാക്ക് മാപ്പുകൊടുക്കേണമെന്നും മററു ചിലർ വി വാഹമോചനം നടത്തേണമെന്നും മററും അഭിപ്രായ പ്പെട്ടു. എന്നാൽ വ്യക്തമായ തെളിവുകളൊന്നുമില്ലാതെ വെറും ഊഹത്തെമാത്രം അടിസ്ഥാനപ്പെടുത്തി ഇത്തരം കാൎയ്യങ്ങളിൽ തീരുമാനമെടുക്കുന്നത് ശരിയല്ലെന്നും അതു കൊണ്ടു് സൎവ്വജ്ഞനായ അല്ലാഹുതന്നെ ഇതിന്നൊരു തീരുമാനമുണ്ടാക്കുകയേ നിവൃത്തിയുള്ളുവെന്നുമായിരുന്നു നബി(സ)യുടെ നിലപാടു്.

ഒരു ദിവസം നബി(സ) ഹ: ആയിശായുടെ വീട്ടി ൽവെച്ച് അവരുടെ മാതാപിതാക്കളുടെ സാന്നിദ്ധ്യത്തി

ൽ ഈ വിഷയത്തെസംബന്ധിച്ച ദുഃഖാകുലനായി സം സാരിച്ചുകൊണ്ടിരിക്കയായിരുന്നു. തൻെറ നിരപരാധി ത്വം തെളിയിക്കാൻ ഈ വിഷയത്തിൽ അല്ലാഹുവിന്ന ല്ലാതെ സാദ്ധ്യമല്ലെന്നു് ആയിശാ(റ) ഈ സന്ദർഭത്തിൽ അവരോടു പറയുകയുണ്ടായി. ഏറെത്താമസിച്ചില്ല അതേ സദസ്സിൽവെച്ചുതന്നെ ആയിശാ(റ)ൻെറ നിരപ രാധിത്വം തെളിയിക്കുന്ന സന്ദേശം അല്ലാഹുവിങ്കൽനി ന്നു് നബി(സ)ക്കു അവതരിക്കുകയുണ്ടായി. സൂറത്തുന്നൂ റിലെ പ്രസ്തുത വാക്യങ്ങളുടെ പരിഭാഷ ഇപ്രകാരമാണു്:

"ഈ അപവാദവും കൊണ്ടുവന്നവർ നിങ്ങളിൽ പെട്ടവർതന്നെയാണു്. അതു് നിങ്ങൾക്കു് ദോഷമാ ണെന്നു് വിചാരിക്കേണ്ട. എന്നാൽ അതു് നിങ്ങൾ ക്കു് നന്മയാണു്. ഓരോരുത്തക്കും അവനവൻ പ്രവത്തി ച്ചതായ പാപം ഏൽക്കേണ്ടിവരുന്നതാണു്. അവരിൽ ഇതി(അപവാദത്തി)ൻെറ നേതൃത്വം വഹിച്ചവന്നു് പ്ര ബലിച്ച ശിക്ഷയുണ്ടു്. സത്യവിശ്വാസികളും വിശ്വാസി നികളും ഇതു് (വ്യാജ്യാരോപണം) കേട്ടമാത്രയിൽതന്നെ അവരിൽ നല്ലതു വിചാരിക്കുകയും ഇതു് (വെറും) പ്രത്യ ക്ഷമായ വ്യാജമാണെന്നു് പറയുകയും ചെയ്യുകൂടായിരു ന്നുവോ? അവക്കു് (അപവാദം പറഞ്ഞവക്കു്) അതിന്നു നാലുസാക്ഷികളെ കൊണ്ടുവന്നുകൂടെ? അങ്ങനെ അവർ സാക്ഷികളെ കൊണ്ടുവരാത്തനിലയിൽ അല്ലാഹുവിങ്കൽ അവർതന്നെയാണു് കളവു പറയുന്നവർ. ഇഹത്തിലും

പരത്തിലും അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും നിങ്ങൾക്കില്ലായിരുന്നുവെന്നുവരികിൽ ഈ വിഷയത്തിൽ നിങ്ങൾ മുഴുകിപ്രവേശിച്ചതുനിമിത്തം നിങ്ങൾക്കു ബന്ധിച്ച ശിക്ഷ ബാധിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അതു് (അപവാദം) നിങ്ങളുടെ നാവ്കൊണ്ടുപറയുകയും, നിങ്ങൾക്ക് യാതൊരുവിവരവുമില്ലാത്ത കാര്യം നിങ്ങളുടെ വായകൊണ്ട് ഉരുവിടുകയും ചെയ്യുന്നു. നിങ്ങളത് നിസ്സാരമാണെന്നു് കരുതുന്നു. എന്നാൽ അത് അല്ലാഹുവിങ്കൽ ഗുരുതരമായ കാര്യമാണു്. നിങ്ങൾ അത് (അപവാദം) കേട്ട അവസരത്തിൽ ഇതിനെ സംബന്ധിച്ച് നമുക്കൊന്നും പറയുന്നത് ശരിയല്ല. നീ (അല്ലാഹു) പരിശുദ്ധൻ, ഇതൊരുവലിയ കെട്ടുകഥയായിരിക്കും എന്നിങ്ങനെ പറഞ്ഞുകൂടായിരുന്നുവോ? നിങ്ങൾ വിശ്വാസികളാണെങ്കിൽ ഇത്തരം (നിരർത്ഥസംഭവങ്ങൾ) ഇനി (മേൽ) ഒരിക്കലും ആവർത്തിക്കരുത് എന്നനിലക്ക് അല്ലാഹു നിങ്ങളെ ഉപദേശിക്കുകയാണു്.

(24—11—17)

ഈ സൂക്തങ്ങൾ അവതരിച്ച യാഥാർത്ഥ്യം വെളിവായതോടെ അന്തരീക്ഷം തെളിയുകയും അപവാദ പ്രചരണത്തിൽ കുടുങ്ങിയവരെല്ലാം പശ്ചാത്തപിക്കുകയും ചെയ്തു.

# ജമൽയുദ്ധം

പ്രശാന്തസുന്ദരമായിരുന്ന ഇസ്ലാമികാന്തരീക്ഷത്തെ വിഷകലുഷിതമാക്കിയ—അഥവാ മുസ്ലിംകൾതന്നെ തമ്മതമ്മിൽ വാളെടുത്തുപയററിയ ഒരു സായുധ സമരമാണ് ജമൽയുദ്ധം. മുസ്ലിം ലോകത്ത് അന്നുണ്ടാക്കിവെച്ച ആ പിളർപ്പ് ഇന്നേവരെ കൂടിയിട്ടില്ലെന്നുമാത്രമല്ലാ അതു കൂടുതൽ കൂടുതൽ വദ്ധിക്കുകയാണ് ചെയ്തത്. അന്നോവരെ ഏകോദര സഹോദരന്മാരായി ജീവിച്ചിരുന്ന മുസ്ലിംസമുദായം നിർഭാഗ്യവശാൽ രണ്ടു ചേരികളായി പിരിഞ്ഞു ഏററുമുട്ടിയ ആ സംഭവം ഒരു തെററിദ്ധാരണയുടേയും ചില സ്വാർത്ഥമോഹികളുടെ കുതന്ത്രം കൊണ്ടുമാണ് സംഭവിച്ചത്. ഈ യുദ്ധത്തിൽ ഒരു കക്ഷിയുടെ നേതൃത്വം വഹിച്ചത് ഹഃ ആയിശാ(റ) ആയിരുന്നു. അതുകൊണ്ടു സംഭവത്തിൻെറ രത്നച്ചുരുക്കം മാത്രം ഇവിടെ വിവരിക്കാം:—

മൂന്നാം ഖലീഫാ ഹഃ ഉസ്മാൻ(റ) ഖലീഫയായി ബൈഅത്ത്ചെയ്യപ്പെട്ടകാലത്തുതന്നെ മുസ്ലിംകൾക്കിടയിൽ കക്ഷിത്വത്തിൻെറ നേരിയ അലയടികൾ അനുഭവപ്പെട്ടുതുടങ്ങിയിരുന്നു. അദ്ദേഹത്തിൻെറ ബൈഅത്തിൽ അതൃപ്തരായ ചുരുക്കം ചില വ്യക്തികളന്നുണ്ടായി

രുന്നു. ഈ പഴുതിൽക്കൂടി മുസ്ലിംവേഷധാരിയായി നടന്നിരുന്ന അബ്ദുല്ലാഹിബ്നു സാബാ എന്ന ഒരു ജൂതൻ മുസ്ലിംകളുടെ ഇടയിൽ നുഴഞ്ഞുകയറുകയും അന്തഃഛിദ്രങ്ങൾ കുത്തിപ്പൊക്കുകയും ചെയ്തു. അതോടെ ഹഃ ഉസ്മാൻ(റ)വിനെ എതിർകക്ഷി കൊലപ്പെടുത്തുകയും ചെയ്തു. ഹിജ്റ 35-ാംവർഷത്തിലാണിതു സംഭവിച്ചത്.

തുടന്നു ഹഃ അലി(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ഒരു ഭരണാധികാരിയെന്ന നിലയിൽ ഹഃ ഉസ്മാൻ(റ)ൻെറ ഘാതകന്മാരെ കണ്ടുപിടിച്ച് ശിക്ഷിക്കേണ്ട കടമ അലി(റ)വിന്നായിരുന്നു. പക്ഷെ അത് കൂടുതൽ കുഴപ്പത്തിന്ന് കാരണമായേക്കുമെന്ന് കണ്ടതുകൊണ്ടോ എന്തോ അദ്ദേഹം തല്ക്കാലം അതിന്ന് മുതിന്നില്ല. ഹഃ ഉസ്മാൻ(റ)ൻെറ ബന്ധുജനങ്ങളിൽ പലരും അദ്ദേഹത്തിൻെറ വധത്തിൽ ദുഃഖിതരായപോലെതന്നെ അലിയ്യ്(റ)ൻെറ ഈ നടപടിയിൽ നിരാശ ബാധിച്ചവരുമായിരുന്നു. ഈ സംഭവം നടക്കുമ്പോൾ ഹഃ ആയിശ(റ) മക്കായിൽ ഹജ്ജ് കർമ്മത്തിന്നുവേണ്ടി പോയിരുന്ന കാലഘട്ടമാണ്. ഖലീഫായെ വധിച്ചെന്ന വാർത്തകേട്ടപ്പോൾ അവർക്ക് സഹിക്കവയ്യാത്ത ദുഃഖമാണുണ്ടായത്. ഉടനെ അവൾ ഹറമിൽവെച്ച് അവിടെ കൂടിയ ബഹുജനങ്ങളോടായി ഒരു പ്രസംഗം ചെയ്തു. "ഖലീഫ, ഉസ്മാൻ(റ)വിനെ അക്രമികൾ യാതൊരുകാര

O.M.L. DEPARTMENTAL LIBRARY
16 JUL 1982
UNIVERSITY OF MADRAS
321
359428

റെവും കൂടാതെ വധിച്ചതാണെന്നും ആയതിനാൽ ഘാത കന്മാരെ കണ്ടുപിടിച്ച് തക്കശിക്ഷ നൽകേണ്ടതാണെ ന്ന 'മായിരുന്നു ഹ: ആയിശാ(റ)യുടെ പ്രസംഗത്തിന്റെ സാരഗ്രഹം.

പ്രസ്തുത പ്രസംഗംകേട്ടതോടെ അവിടെ സന്നിഹി തരായിരുന്ന ജനങ്ങൾ ഉസ്മാൻ(റ)വിൻെറ രക്തത്തിന്നു പ്രതികാരം ചോദിക്കാൻ സന്നദ്ധരാവുകയും ഹ: ആയി ശ(റ) ഹ: അലാവുദ്ദീൻ അസ്റമി(റ) എന്നിവരുടെ നേതൃത്വത്തിൽ ഉടനെതന്നെ വമ്പിച്ച ഒരു ജനാവലി ബസറായിലേക്ക് യാത്രപുറപ്പെട്ടുകയും ചെയ്തു. പ്രസി ദ്ധസഹാബികളായ ഹ: തൽഅ(റ), സുബൈർ(റ) തുട ങ്ങിയവരും അക്കൂട്ടത്തിലുണ്ടായിരുന്നു. അവർ ബസറാ യുടെ അതിർത്തിയിലെത്തിയപ്പോൾ അലി(റ)ൻെറ ഗ വർണ്ണറായ ഉസ്മാനിബ്നുഹനീഫ് അവരുടെ ആഗമ നോദ്ദേശത്തെപറ്റി അന്വേഷണം നടത്തിയപ്പോൾ ത ങ്ങൾ ഉസ്മാൻ(റ)വിൻെറ ഘാതകന്മാരെ കണ്ടുപിടി ച്ച് ശിക്ഷിക്കാൻവേണ്ടി വന്നവരാണെന്നാണ് അവരി ൽനിന്നും മറുപടി ലഭിച്ചത്. ഇവരുടെ മറുപടി കേട്ട പ്പോൾ ഗവർണ്ണർ ഇവരെ ബസറായിലേക്ക് കടക്കാൻ അനുവദിക്കുന്നത് കൂടുതൽ കുഴപ്പമാണെന്ന് കണ്ട് അ വിടേക്ക പ്രവേശിപ്പിക്കാതിരിക്കാൻവേണ്ടി പ്രവർത്തി ച്ചപ്പോൾ നാട്ടുകാരാകമാനം ആയിശ(റ)ന്നും സംഘത്തി

നും അനുകൂലമായിത്തീരുകയാൽ ഗവർണ്ണരുടെ ഉദ്യമം വിജയിച്ചില്ല. അങ്ങിനെ അവർ ബസറായിൽ പ്രവേശിച്ചു താവളമടിച്ചു താമസിച്ചു. അവിടെ തടിച്ചുകൂടിയിരുന്ന ബസറാക്കാരെ അഭിമുഖീകരിച്ചു ഹ: ആയിശാ ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തു. അതിന്റെ ചുരുക്കം ഇപ്രകാരമായിരുന്നു:— "മാന്യമഹാജനങ്ങളെ! മുസ്ലിംകളിൽനിന്നു ഒരുകൂട്ടർ ഉസ്മാൻ(റ)ന്റെ മേൽ അതിക്രമം പ്രവർത്തിക്കുകയും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരുടെമേൽ അപവാദം പ്രചരിപ്പിക്കുകയും ചെയ്തു. ആ അവസരത്തിൽ അവരുടെ ആക്ഷേപത്തെസംബന്ധിച്ച് ഞങ്ങൾ കൂടിയാലോചന നടത്തുകയും അന്വേഷിക്കുകയും ചെയ്തു. അപ്പോൾ ഉസ്മാൻ(റ) നിരപരാധിയും ആരോപണം നിരർത്ഥകവുമാണെന്നാണു് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. ദൈവഭക്തനും നീതിമാനുമായ അദ്ദേഹത്തിനെതിരിൽ വഞ്ചനയും കുതന്ത്രവുമുപയോഗിച്ച് എതിർകക്ഷികൾ ശക്തിപ്രാപിക്കുകയും അങ്ങിനെ അവർ അക്രമമായി അദ്ദേഹത്തെ വധിക്കുകയും ചെയ്തിരിക്കുകയാണു്. അതുകൊണ്ടു് നമ്മുടെ ഇപ്പോഴത്തെ കർത്തവ്യം അദ്ദേഹത്തിന്റെ ഘാതകന്മാരെ കണ്ടുപിടിച്ച് ശിക്ഷിക്കുകയും അല്ലാഹുവിന്റെ ഗ്രന്ഥത്തെയും പരിശുദ്ധ ദീനിനെയും നിലനിർത്തുക മാത്രമാണു്."

ഹ: ആയിശാ(റ)യുടെ ഈ പ്രസംഗത്തോടെ സ്ഥ

ലത്തു സന്നിഹിതരായിരുന്ന ജനങ്ങൾതന്നെ രണ്ടുകക്ഷിക്കരോയിമാറി. ഉസ്മാൻ(റ)ൻെറ ഘാതകന്മാരുടെ നേതാവായ അബ്ദുല്ലാഹിബിനുസാബായും പാർട്ടിയുമാണ് ഒരു കക്ഷി. അവർ ആയിശാ(റ)യോടും കൂട്ടരോടും പടപൊരുതാൻ തുടങ്ങി. ഹ: ആയിശാ(റ)യും പ്രമുഖ സഹാബികളും അവരോട് കുഴപ്പമുണ്ടാക്കരുതെന്നു് ഉപദേശിച്ചുവെങ്കിലും സമുദായത്തിൽ കുത്തിത്തിരുപ്പുണ്ടാക്കി സ്വാർത്ഥതാല്പര്യങ്ങൾ നേടിയെടുക്കാൻ നോമ്പുനോററിരുന്ന അവർ അത് ചെവിക്കൊണ്ടതേയില്ല. രണ്ടു ദിവസം നീണ്ടുനിന്ന ഈ സമരത്തിൽ സാബാകക്ഷിക്കാർ പരാജിതരാവുകയും അതിൽപിന്നെ സന്ധിയിലെത്തി യുദ്ധം നിർത്തുകയുമാണുണ്ടായത്. മുസ്ലിംകൾ തമ്മിൽ ചരിത്രത്തിലാദ്യമായിനടന്ന ഏററുമുട്ടലാണിതെന്നകാര്യം സ്മരണീയമാണു്. അതിന്നുശേഷം ഹ: ഉസ്മാൻ(റ)ൻെറ ഘാതകന്മാരെ ആയിശാ(റ)യും സംഘവും അന്വേഷിച്ചുപിടിച്ച് തക്ക ശിക്ഷകൾ നൽകാൻ തുടങ്ങി. ഇതോടുകൂടി കുഴപ്പം നാനാഭാഗത്തേക്കും പടന്നുപിടിക്കുകയും ഖലീഫയായ ഹസ്രത്ത് അലി(റ)വിന്നെതിരിലുള്ള പ്രചാരവേലക്ക് ശക്തി കൂട്ടുകയും ചെയ്തു.

ഹ: ആയിശാ(റ)യും സൈന്യവും സമര സന്നദ്ധരായി ബസറായിൽ താവളമടിച്ചിട്ടുണ്ടെന്ന വാർത്ത ഹ:

അലി(റ) കേട്ടപ്പോൾ അദ്ദേഹം വമ്പിച്ച ഒരു സൈന്യത്തോടുകൂടി അങ്ങോട്ടുതിരിച്ചു. ബസറായിൽ എത്തിയ ഉടനെ ഹ: ആയിശാ(റ)യുമായി സംസാരിക്കാൻ ഹ: ഖഅ്ഖാഅ്(റ)എന്ന സഹാബിയെ അലി(റ) നിയോഗിച്ചു. അദ്ദേഹവുമായി സംസാരിച്ചതിൽ തങ്ങൾ ഉസ്മാൻ(റ)ൻെറ ഘാതകന്മാരെ പിടിച്ചു ശിക്ഷിക്കാൻ വന്നതാണെന്നും അങ്ങിനെ ചെയ്യാതിരിക്കൽ പരിശുദ്ധ ഖുർആനിന്നെതിരാണെന്നും ഹ: ആയിശാ(റ) വ്യക്തമാക്കി. അത്തരം നടപടികൾ ഇന്നത്തെ പരിതസ്ഥിതിയിൽ മുസ്ലിം സമുദായത്തിൽ കൂടുതൽ കുഴപ്പത്തിന്നും നാശത്തിന്നും ഹേതുവാണെന്ന് അദ്ദേഹം ശക്തിയുക്തം ഉപദേശിച്ചപ്പോൾ ഹ: ആയിശായും പാർട്ടിയും സന്ധിക്ക് സന്നദ്ധരാവുകയും അലി(റ)വുമായി സംഭാഷണം നടത്തി ഒത്തുതീർപ്പിലെത്തുകയും ചെയ്തു.

മുസ്ലിംകൾതമ്മിൽ സന്ധിയിലും സമാധാനത്തിലുമെത്തിയത് അബ്ദുല്ലാഹിബിനു സാബാക്കും പാർട്ടിക്കും സഹിക്കാൻ കഴിഞ്ഞില്ല. വീണ്ടും കുഴപ്പമുണ്ടാക്കി കലാപം സൃഷ്ടിക്കാനുള്ള പോംവഴികൾ അവർ ആരായുകയും അങ്ങിനെ ഇരുകൂട്ടരും രാത്രികിടന്നുറങ്ങുമ്പോൾ സാബാപാർട്ടിക്കാർ അവിചാരിതമായി മററവരെ ആക്രമിക്കുകയും ചെയ്തു. ആയിശാ(റ)ൻെറ സൈന്യത്തെ അലി(റ)യും സൈന്യവും അവിചാരിതമായി ആക്രമിച്ചു

യുദ്ധം തുടങ്ങിയെന്ന വാർത്ത ഇതോടുകൂടി പരക്കുകയുണ്ടായി. അലി(റ) ഇതിനെ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ ആയിശാ(റ)യുടെ സൈന്യം തങ്ങളെ കടന്നാക്രമിച്ചുവെന്നാണു് സാബാകക്ഷിക്കാർ മറുപടി കൊടുത്തത്. ഇതോടെ രണ്ടുഭാഗത്തും രംഗത്തിന്നു ചൂടുപിടിക്കുകയും ഭയങ്കരമായ സമരം ആരംഭിക്കുകയും ചെയ്തു. ഒരു ഭാഗത്തെ ഹ: അലി(റ)യും മറുഭാഗത്തെ ഹ: ആയിശാ(റ)യും നയിച്ചുകൊണ്ടു് നടത്തിയ ഈ യുദ്ധത്തിന്നാണു് ജമൽയുദ്ധം എന്നു് പേർ പറയുന്നത്.

ഇക്കാലമത്രയും തോളോടുതോൾചേന്നു് ഏകോദരസഹോദരന്മാരായി പരിശുദ്ധ ഇസ്ലാമിൻെറ വളർച്ചക്കും പുരോഗതിക്കുംവേണ്ടി മഹത്തായ ത്യാഗങ്ങൾ വരിച്ച മുസ്ലിംകൾ തമ്മിൽ നടന്ന ഈ ഘോരയുദ്ധത്തിൽ ആയിരത്തിൽപരംപേർ രക്തസാക്ഷികളായിട്ടുണ്ടു്. ഇരുകൂട്ടരും തങ്ങളുടെ ഭാഗത്താണു് സത്യമെന്ന നിലക്കു നടത്തിയ ഈ യുദ്ധം കപടവിശ്വാസികളും ഇസ്ലാമിൻെറ ശത്രുക്കളും വരുത്തിവെച്ച വിനയാണെന്നു് മുകളിൽ ചൂണ്ടിക്കാണിച്ചതിൽനിന്നു് ഗ്രഹിക്കാമല്ലൊ. മുസ്ലിംകൾ മരിച്ചു വീഴുന്നതുകണ്ടു് കരളലിഞ്ഞ ഇമാം അലി(റ)നടത്തിയ സന്ധിസംഭാഷണത്തിൻെറ ഫലമായാണു് അവസാനം യുദ്ധം നിൎത്തിയത്. പിന്നീടു് തങ്ങൾക്കു പറ്റിയ അബദ്ധമോൎത്തു് ഇരുകൂട്ടരും പശ്ചാത്തപിക്കുകയും അലി(റ)യും ആയിശാ(റ)യും തമ്മിൽ സ്നേഹപൂർവ്വം സം

സാരിച്ച പിരിയുകയുമാണുണ്ടായത്. മുആവിയ (റ) മർവാൻ എന്നിവരുടെ ഭരണകാലത്ത് ഹ: ആയിശ ജീവിച്ചിരിപ്പുണ്ടായിരുന്നു. അവരുടെ 68-ാമത്തെ വയസ്സിൽ ഹിജ്രവർഷം 58 ലാണ് ചരമഗതിയടഞ്ഞത്.

## 4. ഹസ്രത്ത് ഹഫ്സാ (റ)

ഇസ്ലാമിക രാഷ്ട്രത്തിൻെറ രണ്ടാം ഖലിഫായും അഖിലലോക പ്രശസ്തനുമായ ഹസ്രത്ത് ഉമറുൽഫാറൂഖ് (റ) വിൻെറ മകളാണ് ഹ: ഹഫ്സാബീവി (റ) തിരുമേനി തൻെറ 55-ാമത്തെ വയസ്സിലാണ് ഇവരെ വിവാഹം കഴിച്ചത്.

ഹ: ആയിശാ (റ) യുടെ വിവാഹത്തിലുൾക്കൊള്ളുന്ന തത്വങ്ങൾക്ക് പുറമെ മററുചില പ്രധാന കാരണങ്ങൾകൂടി ഈ വിവാഹത്തിൽ ഉൾക്കൊള്ളുന്നുണ്ട്. സിദ്ദീഖുൽ അക്ബർ (റ) ൻെറ മകൾ ആയിശായെ വിവാഹം കഴിച്ച നബിയുമായുള്ള കുടുംബബന്ധം ശക്തിപ്പെട്ടത്തിയപോലെ തന്നെ ധീരവും പ്രതാപശാലിയും പ്രശസ്തനുമായ ഉമർ (റ) യുമായും കൂടുതൽ സുദൃഢമായ ബന്ധം സ്ഥാപിക്കാൻ ഈ വിവാഹം ഉപകരിച്ചു. ഹ: ഉമറുൽ ഫാറൂഖിൻെറ ഇസ്ലാംമത സ്വീകരണത്തോടുകൂടിയാണ് മുസ്ലിംകൾ ശക്തിയാർജ്ജിച്ചതും, റസൂൽ തിരുമേനി പരസ്യപ്രബോധനം തുടങ്ങിയതും. ഖുർആനം

ധീരനുമായ ഉമർഫാറൂഖിന്നു് പ്രവാചക സന്നിധിയിൽ മാന്യമായ ഒരു സ്ഥാനവും ബന്ധവും ഉണ്ടാക്കിക്കൊടു ക്കുന്നതിന്നു ഈ വിവാഹം ഉപകരിച്ചിട്ടുണ്ടു്. സിദ്ദീ ഖുൽ അക്ബറിന്നും ഉമർ ഫാറൂഖിന്നും തിരുസന്നിധി യിൽ ഉണ്ടായിരുന്ന സ്ഥാനം നിസ്തുല്യമാണ്. തിരു നബി (സ) യുടെ ചില ഹദീസുകളിൽ ഇക്കാര്യങ്ങളെ ല്ലാം വ്യക്തമാക്കിയിട്ടുണ്ടു്. അവിടുന്നു് പറഞ്ഞു: "ആ കാശത്തുള്ളവരിൽനിന്നു് ജിബ്രീൽ (അ) മീക്കാഈൽ എന്നീ മലക്കുകളെക്കൊണ്ടും ഭൂമിയിൽനിന്നു് അബൂബ ക്കർ (റ) ഉമർ (റ) എന്നിവരെക്കൊണ്ടും അല്ലാഹു എ ന്നെ ശക്തിപ്പെടുത്തിരിക്കുന്നു. (ബൈഹഖി)

ഒരവസരത്തിൽ സിദ്ദീഖും, ഫാറൂഖും (റ) തിരു സന്നിധിയിലേക്കു് വരുമ്പോൾ അവിടുന്നു് പറഞ്ഞു: "ഇവർ എൻെറ കാഴ്ചയും കേൾവിയുമാണ്" (ബൈ ഹഖി).

ഇസ്ലാമിലെ മററു രണ്ടു പ്രസിദ്ധ ഖലീഫമാരായ ഹഃ ഉസ്മാൻ (റ) വിന്നും അലി (റ) വിന്നും തിരുമേനി യുടെ പുത്രിമാരെ വിവാഹം ചെയ്തുകൊടുത്തുകൊണ്ടു കു ടുംബ ബന്ധം കൂടുതൽ സുദൃഢമാക്കിയതും ഇവിടെ പ്ര ത്യേകം സ്മരണീയമാണ്. അലി (റ) വിന്നു് മകൾ ഫാത്തിമാ (റ) യേയും ഉസ്മാൻ (റ) വിന്നു് ആദ്യം റുഖി യ്യാ (റ) യേയും അവരുടെ മരണശേഷം ഉമ്മുകുൽസൂമി (റ) നേയുമാണ് വിവാഹം ചെയ്തുകൊടുത്തതു്. ഇ

പ്പോൾ പ്രസിദ്ധരായ ഈ നാലു ഖലീഫന്മാക്കും തിരു സന്നിധിയിൽ തുല്യമായ പദവി ലഭിക്കുകയുണ്ടായി.

എന്നാൽ ഹസ്രത്ത് ഹഫ്സാബീവി (റ) ഒരു വിധവയായിരിക്കുമ്പോഴാണ് നബി (സ) അവരെ വിവാഹം കഴിച്ചതു്. ഹുനയ്സ് (റ) എന്ന ഒരു സഹാബിയായിരുന്നു അവരുടെ ആദ്യത്തെ ഭത്താവ്. സഹാബികളുടെ കൂട്ടത്തിൽ പ്രസിദ്ധനായ ഒരു വ്യക്തിയായിരുന്നു ഇദ്ദേഹം. പേരെടുത്ത ഒരു സമരവീരനും ധൈര്യശാലിയുമായിരുന്നു. ഇസ്ലാമിൻെറ ഭാഗ്യക്കൊടി നാട്ടിയ മഹത്തായ ബദർ യുദ്ധത്തിൽ അദ്ദേഹം രക്തസാക്ഷിയായി. ഇദ്ദേഹത്തിൻെറ വീരപരാക്രമങ്ങളും സേവനങ്ങളും സ്വഭാവഗുണങ്ങളും വിവരിക്കാൻ ചരിത്രത്തിന്റെ ധാരാളം പേജുകൾതന്നെ വിനിയോഗിച്ചിട്ടുണ്ട്. ഇങ്ങിനത്തെ രണശൂരനും ത്യാഗനിർഭരനുമായ ഒരനുയായി തൻെറ ഭാര്യയെ കദനത്തിലാഴ്ത്തിയുംകൊണ്ടു് ഈ ഭൂമിയിൽ വിട്ടേച്ചുപോയപ്പോൾ അവരെ ഏറെറടുത്തു രക്ഷിക്കേണ്ടത് സേനാ നായകനും നേതാവുമായ പ്രവാചകൻെറ കടമയാണെന്നതിൽ ആക്കാണ് എതിരഭിപ്രായമുണ്ടാവുക. ഐഹികമായ സുഖക്ഷേമത്തേയോ സൌന്ദര്യത്തേയോ മോഹിച്ചുകൊണ്ടല്ലാ ഈ വിവാഹവും നടന്നതെന്നു് ബുദ്ധിയുള്ള ആക്കും ഗ്രഹിക്കാൻ കഴിയും.

തികഞ്ഞ ബുദ്ധിശാലിനിയും പണ്ഡിതയുമായിരുന്ന ഹഫ്സാബീവി എഴുത്തും വായനയും ശീലമുള്ളവ

രായിരുന്നു. ഇസ്ലാമിക വിജ്ഞാനം മററുള്ളവക്ക് പ ഠിപ്പിക്കുന്നതിൽ ഇവർ മഹത്തായ പങ്ക് വഹിച്ചിട്ടുണ്ട്. അവക്ക് ധാരാളം ശിഷ്യഗണങ്ങൾതന്നെ ഉണ്ടായിരുന്നു. പരിശുദ്ധ ഖുർആൻ ഏദിസ്ഥമാക്കിയതിന്നുപുറമെ അതിൻെറ ഒരു കൈയ്യെഴുത്തു പ്രതിയും അവരുടെ പക്കലുണ്ടായിരുന്നു. പിൽക്കാലത്ത് ഖുർആൻ ക്രോഡീകരിച്ചെഴുതുന്നതിൽ ഈ പ്രതി മാതൃകനല്കിയിട്ടുണ്ട്. 60 ഹദീസുകളാണ് ഇവരിൽനിന്ന് റിവായത്ത് ചെയ്തത്, നബി (സ) അവരെ വിവാഹം ചെയ്യുമ്പോൾ 20 വയസ്സായിരുന്നു പ്രായം. ഹിജ്റ 45 ൽ 63–ാമത്തെ വയസ്സിൽനിര്യാതയായി.

## 5. ഹസ്രത്ത് സൈനബാ (റ)

ഹ: ഖുസൈമായുടെ മകൾ സൈനബയാണിവർ. ബദറിൽ ശഹീദായ ഒരു രക്തസാക്ഷിയുടെ 60 വയസ്സായ വിധവയായിരുന്നു ഈ സ്ത്രീ. മഹത്തായ ഒരു ഔദാര്യവും കരുണയുമാണ് ഇവരുമായുള്ള വിവാഹം മൂലം നബി (സ) ചെയ്തത്. സൽസ്വഭാവത്തിലും ഇസ്ലാമിക മാർഗ്ഗത്തിൽ ത്യാഗസേവനങ്ങളനുഷ്ഠിക്കുന്നതിലും വളരെയധികം ഔത്സുക്യമുള്ള ഒരു സ്ത്രീയായിരുന്നു ഇവർ.

ഇസ്ലാമിന്നുവേണ്ടി വളരെയധികം ത്യാഗങ്ങൾ സഹിച്ച് ബദർ യുദ്ധത്തിൽ രക്തസാക്ഷിയായ ഹസ്ര ത്ത് ഉബൈദത്തിബ്നുൽ ഹാരിയായിരുന്നു ഇവരുടെ ഭർത്താവ്. ബദറിൽവെച്ച് ഊഴമനുസരിച്ച് നടത്തി യ ഭയങ്കര യുദ്ധത്തിൽ ഹസ്രത്ത് അലി (റ) വലീദി നോടും ഹ: ഹംസ (റ) ശൈബത്തിനോടും നേരിട്ടു. അതേ കിടയിൽ സമരനിപുണനും ധൈര്യശാലിയുമായ ഹ: ഉബൈദ് മലപോലെത്തെ ഉബൈദത്തിനോടാണ് ഏറ്റുമുട്ടിയത്. വലീദിനെയും ശൈബത്തിനേയും പ്ര സ്തുത രണ്ടു സഹാബികളും കൊലപ്പെടുത്തി. പക്ഷേ ഉത്ത്ബത്തും ഉബൈദത്തുമായുള്ള ഏററു മുട്ടലിൽ അ ന്യോന്യം വെട്ടേററു രണ്ടുപേരും നിലംപതിച്ചു. ഹ: അലി (റ) യും, ഹംസയും (റ) ഈ രംഗം കണ്ടു് ഓടി യടുത്തു ഉത്ത്ബത്തിനെ വധിക്കുകയും ആസന്നമരണ നായി പിടയുന്ന ഹ: ഉബൈദത്തിനെ എടുത്ത് പ്രവാ ചകസന്നിധിയിൽ കൊണ്ടു ചെല്ലുകയും ചെയ്തു. പ്ര വാചക പ്രഭു ഉബൈദത്ത് (റ) വിനെ സ്വന്തം മടി യിൽ തല വെച്ചുകിടത്തി. സ്വന്തം ഭാര്യയെ സംബ ന്ധിച്ചോ മക്കളെ സംബന്ധിച്ചോ ഈ മരണവക്ത്ര ത്തിൽവെച്ച് ഉബൈദത്തിന്നു ഒന്നും പറയാനുണ്ടായി രുന്നില്ല. പടക്കളത്തിൽവെച്ചു നേരിട്ടുമരിക്കാതെ പോ യതിനാൽ, ഇവിടെവെച്ചു മരിച്ചാൽ രക്തസാക്ഷിയാ യി എണ്ണപ്പെടുമോ എന്നുമാത്രമായിരുന്നു അദ്ദേഹത്തിന്നു അറിയേണ്ടിയിരുന്നതു്, ഈ കാര്യം അദ്ദേഹം പ്രവാ

ചക ശിരോമണി (സ) യോടു പ്രത്യേകമായി അന്വേഷിക്കുകയും അവിടുന്ന് "നിങ്ങൾ തീച്ചയായും ശഹീദാണെന്ന്" ഉറപ്പിച്ചുപറയുകയും ചെയ്തതോടെ അദ്ദേഹം അന്ത്യശ്വാസം വലിക്കുകയും ചെയ്തു.

ധീരയോദ്ധാവായ സ്വന്തം ഭർത്താവ് മരണപ്പെട്ട ദുഃഖഭാരം പേറിക്കൊണ്ടുതന്നെ ഹഃ സൈനബ (റ) കൂടുതൽ ധൈര്യവും ക്ഷമയും പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹത്തിൻെറ അന്ത്യസംസ്കാര കമ്മത്തിൽ പങ്കെടുക്കുകയും പിന്നീട് യുദ്ധരംഗത്തേക്ക് തിരിച്ചുപോയി മുറിവേററവരെ ശുശ്രൂഷിക്കുന്നതിൽ ബദ്ധശ്രദ്ധയാവുകയുമാണുണ്ടായതു്. അഥവാ ഭർത്താവിൻെറ മരണം അവരുടെ ഉത്തരവാദിത്വ നിവ്വഹണത്തിൽനിന്നും അവരെ പിന്തിരിപ്പിച്ചില്ല. അസാധാരണമായ ഈ ധൈര്യവും സ്വഭാവഗുണവും പ്രദർശിപ്പിച്ച വൃദ്ധയായ ഈ സ്ത്രീയുടെ നിലയെ സംബന്ധിച്ച് പിന്നീട് നബി (സ) അന്വേഷിച്ചപ്പോൾ അവർ വെറും അഗതിയായിക്കഴിഞ്ഞുവെന്നും സംരക്ഷണത്തിന്നു ഉത്തരവാദപ്പെട്ടവരായി ആരുമില്ലെന്നും അറിയാൻ കഴിഞ്ഞു. ഈ ദാരുണസംഭവം അറിഞ്ഞത് ഹൃദയമലിഞ്ഞു പ്രവാചക പ്രഭു അവരെ വിവാഹംമുഖേന സ്വന്തം സംരക്ഷണത്തിലെടുക്കുകയാണുണ്ടായതു്. തിരുമേനിക്ക് അന്നു് 57 വയസ്സാണു്. രണ്ടു കൊല്ലത്തെ ദാമ്പത്യ ജീവിതത്തിന്നുശേഷം 62-ാമത്തെ വയസ്സിൽ അവർ ചരമമടയുകയുണ്ടാ

യി. ഈ വിവാഹവും സൌന്ദര്യമോഹത്തെയോ വിഷയാസക്തിയേയോ മുമ്പിൽവെച്ചു നടത്തിയതല്ലെന്നു വ്യക്തമാണല്ലോ.

## 6. ഹസ്രത്ത് ഉമ്മുസൽമാ (റ)

ഇസ്ലാമിക ചരിത്രത്തിൽ ത്യാഗനിർഭരമായ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തപ്പെട്ട ഒരു നാമമാണ് നബി (സ) യുടെ ഭാര്യയായിരുന്ന ഹസ്രത്ത് ഉമ്മുസൽമ: (റ) മിന്നിത്തിളങ്ങുന്ന വാളിൻെറ ചുവട്ടിലൂടെ സ്വന്തം പിഞ്ചോമനകളെപ്പോലും ബലികഴിച്ച് ഇസ്ലാമിക വിശ്വാസത്തെ സംരക്ഷിക്കാൻവേണ്ടി ചുട്ടുപഴുത്ത മണൽക്കാട്ടിലൂടെ അവർ നടത്തിയ ഹിജ്റ അഥവാ പാലായനം കഠിനഹൃദയങ്ങളെപ്പോലും അലിയിപ്പിക്കാൻ പര്യാപ്തമാണ്. ഉമ്മുസൽമായുടെ സാക്ഷാൽ നാമം ഹിന്ദ് എന്നാണ്. സത്യവിശ്വാസിനികളുടെ കൂട്ടത്തിൽ ഇത്രയും പ്രസിദ്ധിനേടിയ ഒരു വനിതയെക്കാണാൻതന്നെ പ്രയാസമാണ്. ബുദ്ധിയും ചിന്താശക്തിയും മാത്രമല്ല ആത്മധൈര്യത്തിലും പുരുഷന്മാരെപ്പോലും കവച്ചുവെക്കുന്ന ചരിത്രമാണവർക്കുള്ളതു്. ഉഹദ്‌യുദ്ധത്തിലും മററും പിന്നണിയിൽനിന്നു് അവർ ചെയ്ത മഹത്തായ ത്യാഗസേവനങ്ങൾ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെട്ടുകിടക്കുന്നു.

ഹസ്രത്ത് അബൂസൽമ; എന്ന അപരാഭിനാമത്താൽ വിശ്രുതനായ അബ്ദുല്ലാഹിബ്നു അബ്ദുൽ അസദായിരുന്നു ഇവരുടെ ആദ്യ ഭർത്താവ്. ബർറത്ത്, സൽമത്ത്, അംറത്ത്, ദുർറത്ത് എന്നിങ്ങനെ നാലു സന്താനങ്ങളും അവർക്കുണ്ടായിരുന്നു. നബി (സ) യുടെ മുലകുടിബന്ധത്തിൽകൂടിയുള്ള ഒരു ജ്യേഷ്ഠസഹോദരനായിരുന്നു ഇദ്ദേഹം. ഇസ്ലാംമതം വിശ്വസിച്ചു എന്ന കാരണത്താൽ സ്വന്തം കുടുംബാദികളിൽനിന്നും നാട്ടുകാരിൽനിന്നും വളരെയധികം മർദ്ദനങ്ങളും കഷ്ടനഷ്ടങ്ങളും സഹിച്ച ഇദ്ദേഹം ഹബ്ശീനിയായിലേക്ക് ഹിജ്റ പോവുകയുണ്ടായി. യുദ്ധപാടവത്തിലും ആത്മധൈര്യത്തിലും പ്രശസ്തനായിരുന്ന ഇദ്ദേഹം ഉഹ്ദ്‌യുദ്ധത്തിൽ വെച്ച് ഭയങ്കരമായ ഒരു മുറിവേററുകിടപ്പിലായി. ഏതാനും മാസങ്ങൾക്കുശേഷമാണ് മുറി അല്പം ഭേദമായി അദ്ദേഹത്തിന്നു് ഒരുവിധം ആരോഗ്യം വീണ്ടുകിട്ടിയതു്. പിന്നീടു് 'ബനീസഅദ്' ഗോത്രക്കാരും മുസ്ലിംകളുമായുണ്ടായ യുദ്ധത്തിൽ നബി (സ) ഇദ്ദേഹത്തെ കൊടിവാഹകനായി നിയമിക്കുകയും യുദ്ധം ചെയ്തു ക്ഷീണിതനായ അദ്ദേഹത്തിൻെറ പണ്ടത്തെ മുറി വീണ്ടും വ്രണപ്പെട്ടു ഭയങ്കര രോഗിയായി കിടപ്പിലാവുകയും ചെയ്തു. ഈ രോഗത്തിൽ അദ്ദേഹം മരണപ്പെടുകയാണുണ്ടായതു്. ഇദ്ദേഹത്തിൻെറ മരണസമയത്ത് തിരുനബി (സ) അടുത്തുണ്ടായിരുന്നു. നബി (സ) അദ്ദേഹത്തിന്നു് സ്വർഗ്ഗത്തിന്നു്വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അന്ത്യസംസ്കാരകർമ്മങ്ങൾ നടത്തുകയും ചെയ്തു.

സ്വന്തം ഭർത്താവ് മരണപ്പെട്ട വിധവയും അശരണയുമായ ഉമ്മുസൽമഃയെ ശത്രുക്കൾ പൂർവ്വോപരി മർദ്ദിക്കാൻ തുടങ്ങി. മൂർച്ചയേറിയ ഖഡ്ഗം വീശി ശത്രുക്കൾ അവരെ ഭീഷണിപ്പെടുത്തി. അങ്ങിനെ ആത്മരക്ഷാർത്ഥം അവർ നബി (സ) യുടെ സന്നിധിയിലേക്ക് ഹോടേണ്ടി വന്നതാണുണ്ടായത്. ഇസ്ലാമിന്നു വേണ്ടി ജീവത്യാഗം വരിച്ച തന്റെ മുലകുടി സഹോദരന്റെ വിധവയേയും അനാഥകുട്ടികളേയും സംരക്ഷിക്കാനായി തിരുമേനി (സ) അവരോട് വിവാഹാഭ്യർത്ഥന ചെയ്തു. അപ്പോൾ ഹസ്രത്ത് ഉമ്മുസൽമഃ യുടെ മറുപടി ഇപ്രകാരമായിരുന്നു:" ഞാനൊരു വൃദ്ധയായ സ്ത്രീയാണ്, അനാഥകളുടെ മാതാവും. കൂടാതെ "ഗൈറത്ത്" (സഹകളത്രങ്ങൾ തമ്മിലുണ്ടാകുന്ന അസൂയ) അധികരിച്ചവളുമാണ്." ഇതിന്നു തിരുനബി (സ) യുടെ മറുപടി താഴെ പറയും പ്രകാരമായിരുന്നു: "നിങ്ങൾ വൃദ്ധയായതിൽ എനിക്ക് വിരോധമില്ല. അനാഥകളെ സംരക്ഷിക്കൽ എന്റെ കടമയാണ്. ഹൃദയത്തിലുള്ള 'ഗൈറത്ത്' അല്ലാഹു ദൂരീകരിക്കട്ടെ" അങ്ങിനെ തിരുനബി (സ) അവരെ വിവാഹംചെയ്യുകയും അനാഥകളെ സ്വന്തം പിതാവിനെപ്പോലെ സംരക്ഷിക്കുകയും ചെയ്തു. ഈ വിവാഹത്തിലും എതിർകക്ഷികളുടെ ആക്ഷേപത്തിന്ന് കാരണമായ യാതോരുദ്ദേശങ്ങളും ഇല്ലെന്നത് വ്യക്തമാണ്.

# 7. ഹസ്രത്ത് സൈനബാ (റ)

നബി (സ) യുടെ വളർത്തു പുത്രനായ ഹസ്രത്ത് സൈദിബിനുഹാരിസത്ത് ആദ്യം വിവാഹം ചെയ്തവരും ജഹ്ശിൻെറ മകളുമായ ഹസ്രത്ത് സൈനബയാണിവർ. അബ്ദുൽമുത്തലിബിൻെറ മകളും നബി (സ) യുടെ അമ്മായിയുമായ ഉമൈമത്താണ് ഇവരുടെ മാതാവ്. ആദ്യ ഭർത്താവായിരുന്ന ഹഃ സൈദ് ഖദീജാ (റ) വിൻെറ അടിമയായിരുന്നു. കേവലം ഒരടിമയായിരുന്ന സൈദ് നബി (സ) യുടെ വളർത്തുപുത്രനായി മാറിയതും ഉന്നതകുലമായ ഖുറൈശിവംശത്തിലെ ഒരു തരുണിയെ അയാൾക്ക് വിവാഹം ചെയ്തുകൊടുത്തതിൽ അടങ്ങിയിട്ടുള്ള തത്വങ്ങളും ആദ്യമായി അല്പം ഗ്രഹിക്കേണ്ടതുണ്ട്. പിന്നീട് നബി (സ) യുമായുണ്ടായ വിവാഹവും അതിൻെറ പരിതഃസ്ഥിതികളും വിവരിക്കാം. സൈദ് (റ) നബി (സ) യുടെ വളർത്തുപുത്രനായി മാറിയ രസകരവും ചിന്താർഹവുമായ ചരിത്രത്തിൻെറ സംഗ്രഹം ഇപ്രകാരമാണ്.

അറേബ്യായിലെ ഒരു പ്രശസ്ത ഗോത്രമായ 'ബനീ അബ്ദുവുദ്ദ്' ഖബീലക്കാരനായ ഹാരിസത്തിൻെറ മകനാണ് സൈദ് (റ) ഇദ്ദേഹം കുട്ടിക്കാലത്തുതന്നെ 'ബനീമഅൻ' ഖബീലക്കാരായ അമ്മാമന്മാരുടെ കൂടെയായിരുന്നു താമസം. കൊള്ളയും കവർച്ചയും സർവ്വത്ര നട

മാടിയിരുന്ന ഒരു കാലഘട്ടമായിരുന്നു അന്ന് അറേബ്യാ എന്നത് പരക്കെ അറിയപ്പെടുന്ന ഒരു യാഥാർത്ഥ്യമാണല്ലൊ. ഒരു ദിവസം സൈദ് താമസിക്കുന്ന വീട്ട് ഒരു കവർച്ചസംഘം കൊള്ളയടിക്കുകയും യുവാവായ സൈദിനെ അവർ ബന്ധനസ്ഥനാക്കിക്കൊണ്ടുപോവുകയും ചെയ്തു. അടുത്തദിവസം കവർച്ചക്കാർ അയാളെ അടിമക്കച്ചവടം നടത്തുന്ന 'ഉക്കാസ്' ചന്തയിൽ വില്പനക്കായിക്കൊണ്ടുപോയി.

നമ്മുടെ നാട്ടിലെ വമ്പിച്ച കാലി ചന്തകൾപോലെ വമ്പിച്ച നിലയിൽ മനുഷ്യക്കച്ചവടം നടത്തുന്ന പ്രശസ്ഥമായ ഒരു കമ്പോളമായിരുന്നു പ്രസ്തുത ചന്ത. ഇക്കാലത്ത് നബി (സ) യുടെ ആദ്യ പത്നിയായ ഹസ്രത്ത് ഖദീജാ (റ) അവരുടെ സഹോദര പുത്രനായ ഹക്കീമിനെ പ്രസ്തുത ചന്തയിലേക്ക് വ്യാപാരാവശ്യാർത്ഥം അയച്ചിരുന്നു. ബുദ്ധിമാനും സൽസ്വഭാവിയുമായ ഒരടിമയെക്കിട്ടിയാൽ വാങ്ങിക്കൊണ്ടുവരേണമെന്ന് ഖദീജാ (റ) അദ്ദേഹത്തെ ഏല്പിച്ചിട്ടുമുണ്ടായിരുന്നു. അങ്ങിനെ അടിമയായ സൈദിനെ പ്രസ്തുത ചന്തയിൽ നിന്ന് ഹക്കീം വിലക്കുവാങ്ങി ഖദീജാ (റ) വിന്ന് എത്തിച്ചുകൊടുക്കുകയാണുണ്ടായത്, സൈദിൻെറ സ്വഭാവഗുണംകണ്ട് ഹക്കീമിന്ന്തന്നെയും അയാളെ കിട്ടിയാൽ തരക്കേടില്ലെന്ന് ഉണ്ടായിരുന്നു. പക്ഷെ സഹോദരിക്കും അവനെ നന്നായി ബോദ്ധ്യപ്പെട്ടതുകൊണ്ട്

അവരുടെ കീഴിലായി സൈദ് ജീവിച്ചുപോന്നു. നബി (സ) യുമായുള്ള വിവാഹത്തിന്നു് മുമ്പാണ് അവർ സൈദിനെ വാങ്ങിയതു്. വിവാഹകാലത്തും സൈദ് അവിടെ ഉണ്ടായിരുന്നു.

നബി (സ) സൈദിൻെറ ബുദ്ധിശക്തിയും സ്വഭാവഗുണവും കണ്ടു് അവനെ തനിക്കു വിട്ടുതരേണമെന്നു് പ്രിയ പത്നിയോടാവശ്യപ്പെട്ടതനുസരിച്ചു് സൈദിനെ അവർ തിരുമേനിക്കു് വിട്ടുകൊടുക്കുകയും അവിടെ താമസമാക്കുകയും ചെയ്തു. അതിന്നുശേഷം സൈദ് നബി (സ) യുടെ പിതൃവ്യൻ അബൂതാലിബിൻെറ ഒരു കച്ചവടസംഘത്തോടൊപ്പം ശാമിലേക്ക് പോകാൻ ഇടയായി. ഈ യാത്രയിൽ സൈദിൻെറ സ്വന്തം നാട്ടിലൂടെയായിരുന്നു കടന്നുപോകേണ്ടതു്. അവിടെ എത്തിയപ്പോൾ സൈദിൻെറ പിതൃവ്യൻ അയാളെ കാണാൻ ഇടയായി. സൈദിനെകണ്ടു സംശയംജനിച്ച പിതൃവ്യൻ അയാളെ തടഞ്ഞുവെച്ചു എല്ലാ വിവരങ്ങളും അന്വേഷിച്ചറിഞ്ഞു. സ്വന്തം സഹോദരപുത്രനെ തിരിച്ചറിഞ്ഞപ്പോൾ അയാൾ സൈദിൻെറ പിതാവിനെ വരുത്തി അയാളെ ഏല്പിക്കുകയാണുണ്ടായതു്. വളരെക്കാലത്തെ വേർപാടിന്നുശേഷം നഷ്ടപ്പെട്ടുപോയെന്നു വിചാരിച്ച സ്വപുത്രനെക്കണ്ടപ്പോൾ ആ പിതാവിൻെറ ഹൃദയം തുടിച്ചു. സൈദിൻെറ ഒരു സഹോദരനും പിതാവുംകൂടി അയാളെയുംകൂട്ടി ഉടനെ

തന്നെ മക്കായിലേക്ക് നബി (സ) യുടെ സന്നിധിയിലേക്ക് പുറപ്പെടുകയും ചെയ്തു.

സൈദിനേയുംകൊണ്ട് നബി (സ) യുടെ സന്നിധിയിലെത്തിയ ആ പിതാവ് തൻെറ പുത്രനെ വിട്ടുകൊടുക്കാൻവേണ്ടി അഭ്യത്ഥിച്ചു. "സൈദിൻെറ ഇഷ്ടം പോലെ ചെയ്യുന്നത് തനിക്ക് സമ്മതവും സന്തോഷവുമാണെ"ന്നായിരുന്നു ഇതിന്നു് പ്രവാചകൻെറ മറുപടി. അങ്ങിനെ പിതാവ് സൈദിനെ വിളിച്ചു അന്വേഷിച്ചപ്പോൾ അയാളുടെ മറുപടി ഇപ്രകാരമാണ്: "സ്വന്തം മക്കളെക്കാൾ എന്നെ സ്നേഹിച്ചുവളത്തുന്ന ഈ മനുഷ്യനെയുംവിട്ട് പോകാൻ ഒരു കാലത്തും ഞാൻ ഇഷ്ടപ്പെടുന്നില്ല." അങ്ങിനെ നബി (സ) യുടെ നേതൃത്വം തിരഞ്ഞെടുത്ത സൈദിനെ സ്വന്തം പിതാവിൻെറയും സഹോദരൻെറയും സന്നിധിയിൽവെച്ചുതന്നെ നബി (സ) സ്വതന്ത്രനാക്കിവിട്ടുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചു: "ഇന്നുമുതൽ സൈദ് എൻെറ സ്വന്തം മകനാണ്. എൻെറ മരണശേഷം എൻെറ അനന്തരാവകാശിയുമാണ് അവൻ". തിരുമേനിയുടെ ഈ പ്രഖ്യാപനവും പെരുമാററവും കണ്ടു് സന്തോഷഭരിതരായ പിതാവും സഹോദരനും സൈദിനെ കൂടാതെതന്നെ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോയി.

അന്നുമുതൽ മുഹമ്മദിൻെറ മകൻ സൈദ് എന്ന പേരിൽ അയാൾ പ്രസിദ്ധനായിത്തീൻ. ജനങ്ങളെ

ല്ലാം അയാളെ അങ്ങിനെതന്നെ വിളിക്കാനും തുടങ്ങി. ഇക്കാലത്താണ് വളർത്തുപുത്രന്മാരെ അവരുടെ പിതാവിൻെറ പേർ ചേർത്തുമാത്രമെ വിളിക്കാൻ പാടുള്ളവെന്നും മുഹമ്മദിൻെറ മകൻ സൈദ് എന്ന വിളി തെററാണെന്നും വ്യക്തമാക്കുന്ന താഴെ പറയുന്ന ഖുർആൻവാക്യം അവതരിച്ചതു്. "അവൻ (അല്ലാഹു) നിങ്ങളുടെ ദത്തുപുത്രന്മാരെ നിങ്ങളുടെ (സാക്ഷാൽ) പുത്രന്മാരാക്കിട്ടുമില്ല. ഇവ നിങ്ങളുടെ വായ്കൊണ്ടു പറയുന്ന വാക്കുകൾ (മാത്രം) ആകുന്നു. എന്നാൽ അല്ലാഹു സത്യമായിട്ടുള്ളത് കല്പിക്കുകയും അവൻ നേർവഴിയാൽ നടത്തുകയും ചെയ്യുന്നു, അവരെ അവരുടെ (യഥാർത്ഥ) പിതാക്കന്മാരുടെ പേര് ചേർത്തു വിളിച്ചുകൊള്ളുക; അതാണ് അല്ലാഹുവിൻെറ ദൃഷ്ടിയിൽ കൂടുതൽ ഉത്തമമായിട്ടുള്ളതു്" (3൩: 4-5)

ഇതോടുകൂടി ഹാരിസത്തിൻെറ മകൻ സൈദ് എന്നായി വിളി. ഈ പേരുമാററ സംഭവം സൈദിനെ വ്യാകുലചിത്തനാക്കുകതന്നെ ചെയ്തു. നബി (സ) യുടെ സന്നിധിയിൽ ഇതേവരെ തനിക്കുണ്ടായിരുന്ന സ്ഥാനവും പെരുമാററവും എനി ഉണ്ടാവുകയില്ലെന്നായിരുന്നു അയാൾ ധരിച്ചതു്. ഈ മാനസിക വ്യഥ മനസ്സിലാക്കിയ പ്രവാചകൻ സ്വന്തം പിതൃസഹോദരിയുടെ മകൾ സൈനബായെ അയാൾക്കു വിവാഹം ചെയ്തുകൊടുത്തുകൊണ്ടു സൈദിൻെറ സ്ഥാനത്തിനു കൂടു

തൽ പദവിയും ദൃഢതയും ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തതു്. ഖുറൈശികളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ചില അനാചാരങ്ങൾ ഉന്മൂലനം ചെയ്യുക എന്ന തത്വവും ഈ വിവാഹത്തിൽ ഉൾക്കൊള്ളുന്നുണ്ട്. ഉന്നതകുലജാതയായ സൈനബായെ കേവലം ഒരടിമയായിരുന്ന സൈദിന്നു് വിവാഹം ചെയ്തുകൊടുത്തുകൊണ്ട് കുലമഹിമയിലുള്ള ആഭിജാത്യത്തെ പ്രവാചകൻ പറെറ തകൎത്തുതരിപ്പണമാക്കി. വിവാഹാവസരത്തിൽ തറവാടിത്തവും സമ്പത്തുമല്ലാ പരിഗണിക്കേണ്ടതെന്നും ദീനും, തഖ്‌വയും സ്വഭാവവൈശിഷ്ട്യവുമാണ് കണിക്കിലെടുക്കേണ്ടതെന്നും ഈ വിവാഹംകൊണ്ടു ലോകത്തിന്നു കാണിച്ചുകൊടുത്തു.

ഹ: സൈദുമായുള്ള ഈ വിവാഹം ഹസ്രത്ത് സൈനബാക്കു തീരെ സമ്മതമുണ്ടായിരുന്നില്ല. നബി (സ) സൈനബായോടു് സൈദിനെ വിവാഹം കഴിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവർ സമ്മതം നല്കിയില്ല. അതിനെ തുടൎന്നു "അല്ലാഹുവും അവൻെറ ദൂതനും ഒരു കാൎയ്യം നിശ്ചയിച്ചുകഴിഞ്ഞാൽ, വിശ്വാസിയായ ഒരു പുരുഷനോ വിശ്വാസിനിയായ ഒരു സ്ത്രീയോ അവരുടെ കാൎയ്യത്തിൽ സ്വതന്ത്രമായ ഒരു തീരുമാനം സ്വീകരിക്കുന്നത് ശരിയല്ല" എന്നൎത്ഥംവരുന്ന ഖുർആൻവാക്യം അവതരിക്കുകയും അതനുസരിച്ചു് ഈ വിവാഹത്തിന്നു് സൈനബാ (റ) വഴിപ്പെടേണ്ടിവരികയും ചെയ്തു.

പക്ഷെ ഈ വിവാഹം ആശിച്ചത്ര ഫലത്തിൽ മുന്നോട്ട നീങ്ങിയില്ല. ഉന്നതതറവാട്ടുകാരിയും സുന്ദരിയുമായ താൻ സൈദിൻെറ ഭാര്യയായി നില്ക്കുന്നതിൽ എന്തോ ഒരു പന്തികേട്ട സ്ത്രീ സഹജമായ ദൌർബ്ബല്യത്താലായിരിക്കാം സൈനബാക്ക് ഉണ്ടായിരുന്നു. തന്മൂലം അവർതമ്മിൽ രമ്യതയും സൌമനസ്യവും കുറഞ്ഞുകുറഞ്ഞു വന്നു. സൈനബായുടെ പരുഷമായ പെരുമാററം സഹിക്കവയ്യാതെ സൈദ് (റ) പലപ്പോഴും നബി (സ) യോട്ട ആവലാതിപ്പെട്ടു. പല സന്ദർഭത്തിലും തിരുമേനി രണ്ടുപേരെയും വിളിച്ചു ക്ഷമാപൂർവ്വം ജീവിക്കാൻ ഉപദേശിച്ചു എന്നിട്ടും അധികകാലം നീണ്ടുപോകാതെ ഹ: സൈദ് (റ) സൈനബായെ വിവാഹമോചനം ചെയ്യേണ്ട പരിതഃസ്ഥിതിയിലേക്ക് അവരുടെ പെരുമാറ്റം എത്തിച്ചേരുകയും അതങ്ങിനെതന്നെ സംഭവിക്കുകയും ചെയ്തു.

വിവാഹമോചനത്തിൻെറ ദീക്ഷാകാലം കഴിഞ്ഞ ഉടനെ ഹ: സൈനബ (റ) യെ നബി (സ) വിവാഹം ചെയ്തുകൊള്ളേണമെന്നുള്ള അല്ലാഹുവിൻെറ കല്പന അറിയിക്കുന്ന താഴെ പറയുന്ന ഖുർആൻ വാക്യങ്ങൾ അവതരിക്കുകയുണ്ടായി. "അല്ലാഹു അനുഗ്രഹിച്ചവനും നീ അനുഗ്രഹിച്ചവനുമായ അവനോട്ട നീ 'നിൻെറ ഭാര്യയെ വെച്ചു പുലർത്തുകയും അല്ലാഹുവിനോട്ട് ഭയഭക്തിയുള്ളവനായിരിക്കുകയും ചെയ്യുക" എന്നു നീ

പറഞ്ഞപ്പോൾ നീ അല്ലാഹു വെളിപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നതിനെ നിൻെറ മനസ്സിൽ മറച്ചുവെക്കുകയും നീ ജനങ്ങളെ ഭയപ്പെടുകയും ചെയ്തു. നിനക്കു ഭയപ്പെടാൻ അർഹതയുള്ളവൻ അല്ലാഹു തന്നെയാകുന്നു. സൈദ് (തൻെറ ഭാര്യയെ) വിവാഹബന്ധം വിടത്തിയശേഷം നാം അവളെ നിന്നെക്കൊണ്ടു് വിവാഹം ചെയ്യിപ്പിച്ചു. എന്തുകൊണ്ടെന്നാൽ വിശ്വാസികൾക്ക് അവരുടെ ദത്തുപുത്രന്മാർ തങ്ങളുടെ ഭാര്യമാരെ തലാക്കു ചൊല്ലിയാൽ അവരെ വളർത്തിയിരുന്നവർ ആ സ്ത്രീകളെ വിവാഹം ചെയ്തുകൊള്ളുന്നതിൽ യാതൊരു തടസ്ഥവും ഇല്ലാതിരിക്കാൻവേണ്ടി അവശ്യം നടപ്പാക്കേണ്ട അല്ലാഹുവിൻെറ കല്പനയാകുന്നു" (33:37)

ഹഃ സൈനബായെ നബി (സ) വിവാഹം ചെയ്ത ശേഷമാണ് ഈ ആയത്തു് അവതരിച്ചതെന്നും ചിലർ പറഞ്ഞിട്ടുണ്ടു്. വിവാഹാനന്തരം ഒരു കോളിളക്കം നാട്ടിൽ ഉണ്ടായിരുന്നു. മകൻെറ ഭാര്യയെ വിവാഹം ചെയ്തു എന്നാണ് എതിർകക്ഷികൾ പ്രചരണം നടത്തിയതു്. ദത്തുപുത്രൻ യഥാർത്ഥപുത്രൻെറ സ്ഥാനത്താണെന്നും അതുകൊണ്ടു അയാൾ കെട്ടിയ പെണ്ണിനെ വളർത്തുപിതാവ് വിവാഹം കഴിക്കുന്നത് ശരിയല്ലെന്നും അറബികൾ ഉറച്ചുവിശ്വസിച്ചിരുന്നു. ഈ വിശ്വാസം ശരിയല്ലെന്നും വളർത്തുപുത്രൻ വിവാഹമോചനം നടത്തിയ പെണ്ണിനെ കെട്ടുന്നതിന്നു് വിരോധമില്ലെന്നും

പ്രവൃത്തിരൂപത്തിൽ കാണിച്ചുകൊടുക്കലാണ് ഈ വിവാഹംകൊണ്ടുള്ള പ്രഥമവും പ്രധാനവുമായ തത്വമെന്നു് മുകളിലെ ഖുർആൻവാക്യം തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. ഹ: സൈദ് നബി (സ) യുടെ പുത്രനല്ലെന്നു് ഖണ്ഡിതമായും ഖുർആൻ ഈ അവസരത്തിൽ പിന്നെയും വ്യക്തമാക്കുകയുണ്ടായി. "മുഹമ്മദ് നിങ്ങളിലുള്ള പുരുഷന്മാരിൽ ആരുടേയും പിതാവല്ല" എന്ന ആയത്താണതു്.

എന്നാൽ രസകരവും അതേ അവസരത്തിൽ ലജ്ജാകരവുമായ ചില കാര്യങ്ങൾ നമുക്കിവിടെ ഓർക്കേണ്ടതുണ്ടു്. ഈ വിവാഹത്തെ സംബന്ധിച്ചു ഇസ്ലാമിന്നു് പുറത്തുള്ള ശത്രുക്കൾ പല അപവാദങ്ങളും പറഞ്ഞു പരത്തിയതു് ശരിതന്നെ. എന്നാൽ മുസ്ലിം സമുദായത്തിലെ തലക്കനമുള്ള ചില പണ്ഡിതന്മാർ ഈ വിവാഹത്തെ സംബന്ധിച്ചു് പറഞ്ഞ കാര്യങ്ങളാണ ദയനീയം. പിൽക്കാലത്തെ ചില ഖുർആൻ വ്യാഖ്യാതാക്കൾ എഴുതിവെച്ച ലജ്ജാകരമായ ചരിത്രത്തിൻെറ സംഗ്രഹം ഇപ്രകാരമാണ്: "സൈനബയുടെ ഭർത്താവായ സൈദ് വീട്ടിലില്ലാത്തപ്പോൾ ഒരു ദിവസം പ്രവാചകൻ അവിടെ ചെല്ലുകയും സൈനബായെ കാണുവാൻ ഇടയാവുകയും ഉണ്ടായി. അവളുടെ മിന്നിത്തിളങ്ങുന്ന സൌന്ദര്യത്തിൽ ആകൃഷ്ടനായ നബി (സ) അവളെ വിവാഹം ചെയ്യാനാഗ്രഹിക്കുകയും സൈദിനെക്കൊണ്ടു് സ്വത്ര

ത്തിൽ വിവാഹമോചനം നടത്തിച്ചു നബി (സ) വി
വാഹം ചെയ്യുകയുമാണുണ്ടായതു്." ബാലിശവും അപ
കടകരവുമായ ഈ വാദത്തിന്നു് തെളിവായി ഇക്കൂട്ടർ
ഉദ്ധരിക്കുന്നത് മുകളിൽ ചൂണ്ടിക്കാണിച്ച ഖുർആൻ
വാക്യത്തിലെ "നീ അല്ലാഹു വെളിപ്പെടുത്താൻ ഉദ്ദേശി
ച്ചിരുന്നതിനെ നിൻെറ മനസ്സിൽ മറച്ചുവെക്കുകയും നീ
ജനങ്ങളെ ഭയപ്പെടുകയും ചെയ്തു" എന്ന ഭാഗത്തിൽ
പറയുന്ന "മനസ്സിൽ മറച്ചുവെച്ചു" എന്ന പദമാണ്.
സന്ദർഭത്തിൽനിന്നും തെററായി അടർത്തിയെടുത്തു ഇതി
ന്നു് വ്യാഖ്യാനം നല്കാൻ മുതിർന്നതാണ് ഇവൎക്ക് പററിയ
അമളി. മേൽപറഞ്ഞ ആയത്ത് മുഴുവനും അക്ഷരത്തി
നക്ഷരമായും വരികൾക്കിടയിലൂടെയും വായിച്ചുനോക്കി
യാലും ഇത്തരം ഒരു തത്വം അതിൽനിന്നു കണ്ടെത്താൻ
സാദ്ധ്യമല്ലെന്നതാണ് യാഥാർത്ഥ്യം. നബി (സ) 'മന
സ്സിൽ മറച്ചുവെച്ചു' എന്നു് ഖുർആൻ സൂചിപ്പിക്കുന്ന
കാര്യം മറെറാന്നാണ്. പ്രസിദ്ധരായ ഖുർആൻ വ്യാ
ഖ്യാതാക്കളെല്ലാം അതിന്നു നല്കിയ അർത്ഥത്തിൻെറ സം
ഗ്രഹം ഇപ്രകാരമാണ്: "ദത്തുപുത്രൻ വിവാഹമോച
നം ചെയ്ത പെണ്ണിനെ വളർത്തുപിതാവ് വിവാഹം ചെ
യ്യുന്നത് തെററാണെന്ന വിശ്വാസം നശിപ്പിക്കാൻവേ
ണ്ടി അവരുടെ വിവാഹമോചനം നടക്കുമെന്നും അന്നു്
നബി (സ) അവളെ വിവാഹം കഴിക്കുമെന്നും സർവ്വ
ജ്ഞനായ അല്ലാഹു മുമ്പ് നബിക്ക് 'ഇൽഹാമ്' (മന
സ്സിൽ തോന്നിപ്പിക്കൽ) മുഖേന അറിയിച്ചിരുന്നു. ഇ

ക്കാര്യം അവിടുന്ന് ആരോടും പറഞ്ഞിരുന്നില്ല. പിന്നീട്ട് പരിശുദ്ധ ഖുർആൻമുഖേന അതേ ആയത്തിൽ തന്നെ അല്ലാഹു ഇക്കാര്യം വ്യക്തമാക്കുകയും ചെയ്തു. "സവ്വജ്താക്കഹാ" (അവളെ നിനക്ക് നാം വിവാഹം ചെയ്തുതന്നു) എന്ന്കൂടി പറഞ്ഞുംകൊണ്ടു അല്ലാഹു ഇത് സുതരാം വ്യക്തമാക്കിയിരിക്കുന്നു. മാത്രമല്ല 'നാം വെളിപ്പെടുത്താൻ പോകുന്നതിനെ നീ മറച്ചുവെച്ചു" എന്നാണ് അല്ലാഹു ഇവിടെ പറയുന്നതു്. അപ്പോൾ അല്ലാഹുവിൻെറ കല്പനപ്രകാരമാണ് ഈ വിവാഹം നടന്നതെന്ന കാര്യത്തിന്നു തെളിവന്വേഷിച്ചു വേറെ പോകേണ്ടതുമില്ല. ഹ: സൈനബാ (റ) തന്നെ ഇക്കാര്യം പലപ്പോഴും പറയാറുണ്ടായിരുന്നു: "എൻെറ വിവാഹം ആകാശത്തിൽനിന്നും നിങ്ങളുടേത് ഭൂമിയിൽ നിന്നും, എന്നെ അല്ലാഹുവും നിങ്ങളെ രക്ഷിതാക്കളുമാണ് കെട്ടിച്ചതെന്നും നബി (സ) യുടെ മററു ഭാര്യമാരോടു സൈനബാ (റ) പറയുകയുണ്ടായിരുന്നു" (ബൈഹഖി)

ബൈബിളിലെ കഥകളും മുത്തശ്ശിക്കഥകളും മററും ഉദ്ധരിച്ചുകൊണ്ടും ലക്ഷ്യംവെച്ചുകൊണ്ടും നമ്മുടെ ചില പണ്ഡിതന്മാർ ഖുർആനിന്ന് വ്യാഖ്യാനമെഴുതിയിട്ടുണ്ട്. ഇസ്ലാമിക വിശ്വാസത്തിന്നും പ്രവാചകന്മാരുടെ പദവിക്കും നിരക്കാത്ത പല കഥകളും അക്കൂട്ടത്തിൽ കടന്നുകൂടിപ്പോയിട്ടുണ്ട്. ഇബ്രാഹീംനബി (അ) ദാവൂദ്

നബി (അ) സുലൈമാൻ നബി (അ) തുടങ്ങിയ പ്രസി ദ്ധരായ പല പ്രവാചകന്മാരുടെ ചരിത്രത്തിലും ഇത്തരം അടിസ്ഥാനരഹിതമായ കഥകൾ ഉൾപ്പെട്ടതു് കാണാം. അതുപോലെ അന്ത്യപ്രവാചകന്റെ ചരിത്രത്തിൽ മുസ്ലിംക ളാൽതന്നെ കടന്നുകൂടിയ അബദ്ധജടിലമായ ഏതാനും കഥകളിലൊന്നാണ് സൈനബാ (റ) യുടെ കഥ. ഭർത്താ വായ സൈദ് വീട്ടിലില്ലാത്തപ്പോൾ നബി (സ) അ വളെക്കണ്ടു മോഹിച്ചുപോയി എന്നാണല്ലോ ഇവർ പറ യുന്നതു്. ഒരു പ്രവാചകന്റെ പദവിക്ക് ഇത് നിര ക്കുമോ എന്നൊന്നു ചിന്തിച്ചുനോക്കു! ഹ: സൈനബാ (റ) നബിയുടെ അമ്മായിയുടെ മകളും നബി (സ) യും അവരും ഒരേ വീട്ടിൽതന്നെ ജനിച്ചുവളർന്നവരുമാണെ ന്നും ഇക്കൂട്ടർ മറന്നുപോയി. സൈദിന്നു് കെട്ടിക്കുന്ന തിന്നു് മുമ്പ്തന്നെ സൈനബായെ നബി (സ) ക്ക് പ രിചയമുണ്ടു്. അവളുടെ സൌന്ദര്യവും തിളക്കവും അ വൾക്കത്തെക്കറിയാം. അന്നു് പർദ്ദാ നിയമംപോലും നട പ്പുണ്ടായിരുന്നുമില്ല. നബി (സ) നിർബ്ബന്ധിച്ചാണ് സൈദിനെക്കൊണ്ടു് വിവാഹം ചെയ്യിച്ചതും, സൈ ദിന്നു് മുമ്പ് തന്നെ അവരെ നബി (സ) ക്ക് വേണമെ ങ്കിൽ വിവാഹം ചെയ്യുന്നതിന്നു് യാതൊരു തടസ്ഥവു മുണ്ടായിരുന്നില്ല. ഇത്തരം ഒരു പരിതഃസ്ഥിതിയിൽ സൈദിന്റെ ഭാര്യയായിരിക്കുന്ന കാലത്ത് കണ്ടു മോ ഹിച്ചു എന്നു് പറയുന്നത് എത്രകണ്ടു് അബദ്ധവും വി ഡ്ഢിത്തവുമാണെന്നു എടുത്തു പറയേണ്ടതില്ല. ആരു

തന്നെ തെററിദ്ധരിച്ചാലും കരിതേച്ചാലും പ്രവാചകന്റെ പരിശുദ്ധിയും മഹിമയും എന്നുമെന്നും നിലനില്ക്കുമെന്നു് നമുക്ക് ദൃഢമായി വിശ്വാസമുള്ളതാണ്.

## 8. ഹസ്രത്ത്, ഉമ്മുഹബീബാ (റ)

ഹിജ്റവർഷം ആറിലോ ഏഴിലോ ആണ് ഹസ്രത്ത് ഉമ്മുഹബീബാ (റ) യെ നബി (സ) വിവാഹം ചെയ്തതു്. വിധവയായ ഇവരുടെ ശരിയായ പേർ 'റംലത്ത്' എന്നാണ്. അബൂശംസ് വംശജനും മക്കായിലെ ഒരു പ്രസിദ്ധ പൌരമുഖ്യനും ഇസ്ലാമിൻെറ ആദ്യകാലശത്രുക്കളിൽ പ്രധാനിയുമായിരുന്ന അബൂസുഫ്യാൻെറ മകളാണ് പ്രസ്തുത ഉമ്മുഹബീബ.

അബ്ദുല്ലാഹിബ്നുജഹ്ശ് എന്ന ഒരാളായിരുന്നു ഇവരുടെ ആദ്യ ഭർത്താവ്. വലിയ ധനികനും ജനസ്വാധീനമുള്ള ആളുമായിരുന്ന അബൂസുഫ്യാൻ അതെല്ലാം ഉപയോഗിച്ചു മുളയിൽതന്നെ ഇസ്ലാമിനെ നുള്ളിക്കളയാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് മകളും ഭർത്താവും ഇസ്ലാംമതം ആശ്ലേഷിച്ചതു്. അങ്ങിനെ പിതാവിൻെറയും കുഡുംബത്തിൻെറയും രോഷം അവരുടെനേക്ക് കൂടുതൽ ആളിക്കത്താൻ തുടങ്ങി. ശത്രുമർദ്ദനം സഹിക്കാൻ വയ്യാതെ ഹ: ഉമ്മുഹബീബയും

ഭർത്താവും ഹബ്ശീനിയായിലേക്ക് ഹിജ്റപോവുകയാണുണ്ടായത്. അവിടെവെച്ചും ഉമ്മുഹബീബയുടെ പ്രശ്നത്തിന്ന് ശാന്തത ലഭിക്കുന്നതിന്നുപകരം കൂടുതൽ രൂക്ഷമാവുകയാണുണ്ടായത്. ആത്മരക്ഷാർത്ഥം അഭയം പ്രാപിച്ചിടത്തുവെച്ച് സ്വന്തം ഭർത്താവ് ഇസ്ലാം മതം കൈവെടിയുകയും ക്രിസ്തുമതം സ്വീകരിച്ച് ആ ജന്മശത്രുവായിത്തീരുകയും ചെയ്തു. ഭാര്യയേയും ഇസ്ലാമിൽനിന്ന് പിന്തിരിപ്പിക്കാൻ അയാൾ തീവ്രയത്നം ചെയ്തുവെങ്കിലും അതു ഫലിച്ചില്ല. ഈ അവസരത്തിൽ കുഡുംബാദികളിൽനിന്നു വീണ്ടും ഉമ്മുഹബീബാക്ക് വളരെയധികം മർദ്ദനവും ഭീഷണികളും നേരിടേണ്ടിവന്നു. ഇവരുടെയെല്ലാം മർദ്ദനങ്ങൾ സഹിച്ചുകൊണ്ട് അവർ ഇസ്ലാമിൽതന്നെ ഉറച്ചുനില്ക്കുകയാണുണ്ടായത്. കുറച്ചു കാലം കഴിഞ്ഞപ്പോൾ ഭർത്താവ് മരണപ്പെട്ടു. എന്നിട്ടും അവർ കുട്ടികളോടൊപ്പം ഹബ്ശായിൽതന്നെ താമസിച്ചുകൊണ്ടിരുന്നു.

ഇവരുടെ ഈ ദയനീയാവസ്ഥകളെല്ലാം അറിഞ്ഞ നബി (സ) അവരെ സംരക്ഷിക്കാനുള്ള ഭാരം സ്വയം ഏറ്റെടുക്കാൻ തീരുമാനിക്കുകയും അവരുടെ വിവാഹകാര്യം അറിയിച്ചുകൊണ്ട് ഹബ്ശാ ചക്രവർത്തിയായ നജ്ജാശിക്ക് കത്തെഴുതുകയും ചെയ്തു. പ്രസ്തുത കത്ത് വളരെ ആദരവോടെയാണ് രാജാവ് സ്വീകരിച്ചത്. അബലയായ ഒരു വിധവയേയും കുട്ടികളേയും

രക്ഷിക്കാൻ സ്വയം മുതിന്ന പ്രവാചകൻെറ ഔദാര്യ മന സ്ഥിതിയെ പ്രശംസിച്ചുകൊണ്ടു് രാജാവ് ഉമ്മുഹബീബ യേയും അവരുടെ മഹർ നല്കാനായി നബി (സ) ക്ക് നാന്നൂറ് ദീനാർ (സ്വൎണ്ണനാണ്യ)വും കൊടുത്തയക്കുകയും ചെയ്തു. ശർഹബീൽ എന്ന ഒരു രാജസേവകൻെറ കൂടെയാണ് ഇതയച്ചുകൊടുത്തത്. മററു ചില സാധന ങ്ങളും കൂട്ടത്തിലുണ്ടായിരുന്നു. അങ്ങിനെ മദീനായിൽ വെച്ചു നബി (സ) അവരെ വിവാഹംചെയ്തു.

ഈ വിവാഹത്തിൽ വിധവയേയും അനാഥക ളേയും സംരക്ഷിക്കുന്നതിനു പുറമെ ഇസ്ലാമിന്നു് വമ്പി ച്ച ചില നേട്ടങ്ങളും ഉണ്ടായിട്ടുണ്ടു്. ഉമ്മുഹബീബാ യുടെ പിതാവായ അബൂസുഫ്യാൻ പണ്ടുതന്നെ ഇസ്ലാ മിൻെറ കഠിനശത്രുവായിരുന്നുവെന്നു് പറഞ്ഞുവല്ലോ. നബി (സ) തൻെറ മകളെ വിവാഹംചെയ്തശേഷം അ ബൂസുഫ്യാൻ ഒരു ദിവസം മദീനത്ത്ചെന്നു് മകളുടെ വീട് സന്ദർശിക്കുകയുണ്ടായി. അബൂസുഫ്യാൻ വീ ട്ടിൽ കയറി അവിടെ ഉണ്ടായിരുന്ന ഒരു വിരിപ്പിൽ ഇരിക്കാൻ ശ്രമിച്ചപ്പോൾ മകൾ അതു ധൃതിയിൽ മട ക്കി എടുത്തുകൊണ്ടുപോയി. ഇത് കണ്ടപ്പോൾ അദ്ദേ ഹം മകളോട് ചോദിച്ചു: "ആ വിരിപ്പ് എൻെറ വി ലക്കും നിലക്കും യോജിക്കാത്തതുകൊണ്ടു് ഞാൻ അതിൽ ഇരിക്കേണ്ടെന്നുവെച്ചു എടുത്തുകളഞ്ഞതോ; അതല്ല ആ വിരിപ്പിൽ ഇരിക്കാൻമാത്രം ഞാൻ യോഗ്യനല്ലാത്തതു

കൊണ്ടോ എന്താണ് നീ അതു എടുത്തുകളഞ്ഞതു്?" അതിന്നു് മകൾ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു: "ആ വിരിപ്പ് സത്യവിശ്വാസികളുടെ നേതാവായ പ്രവാചകപ്രഭു ഉപയോഗിക്കുന്നതാണ്. സത്യവിശ്വാസികൾക്കല്ലാതെ അതു തൊടാൻ പാടില്ല. നിങ്ങളാണെങ്കിൽ അവിശ്വാസിയും ഇസ്ലാമിൻെറ ശത്രുവുമാണ്". ഇത് കേട്ടപ്പോൾ താല്ക്കാലിക ക്ഷോഭംകൊണ്ടു അബൂസുഫിയാൻ മകളെ ആക്ഷേപിച്ചുവെങ്കിലും പിന്നീട് ഈ സംഭവം അദ്ദേഹത്തിൻെറ ഹൃദയത്തിൽ വമ്പിച്ച പരിവർത്തനങ്ങളുണ്ടാക്കി. മകളുടെ ഇസ്ലാമിക വിശ്വാസത്തിലുള്ള ദാർഢ്യവും പ്രവാചകനോടുള്ള സ്നേഹവും ചിന്താശക്തിയുള്ള അബൂസുഫ്യാൻെറ ഹൃദയത്തിലേക്ക് ഇസ്ലാമിൻെറ മിന്നൊളികൾ കടത്തിവിടുകതന്നെ ചെയ്തു. അങ്ങിനെ ഏറെത്താമസിയാതെ അദ്ദേഹം ഇസ്ലാംമതം സ്വീകരിച്ചു,

അറേബ്യായിലെ വമ്പിച്ച സ്വാധീനശക്തിയുള്ള ആളും ധനവാനും പൌരപ്രമാണിയുമായ അബൂസുഫ്യാൻെറ ഇസ്ലാംമത വിശ്വാസം നബി (സ) ക്കും ഇസ്ലാമിന്നും വമ്പിച്ച ഒരു നേട്ടമായിരുന്നുവെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. അങ്ങിനെ ഉമ്മുഹബീബയെ നബി (സ) വിവാഹം ചെയ്തതുകൊണ്ടു ഇസ്ലാമിന്നു് തന്നെ വമ്പിച്ച നേട്ടങ്ങളാണുണ്ടായതു്. ഈ വിവാഹത്തിലും സ്തുത്യർഹമായ ഗുണങ്ങളല്ലാതെ ആക്ഷേപാർഹ

മായ യാതൊരു ചലനവും ആക്കും കാണേണ്ടതാൻ കഴിയുകയില്ല.

## 9. ഹസ്രത്ത്, ജുവൈരിയ്യത്ത് (റ)

ഹാരിസിൻെറ മകളായ ഹസ്രത്ത് ജുവൈരിയ്യാ (റ) യുടെ ആദ്യഭത്താവ് സഫ്വാൻെറ മകൻ മുസാഫിഅ് എന്ന ആളായിരുന്നു. ഇദ്ദേഹം ഇസ്ലാമിൻെറ കഠിനശത്രുവായ ഒരു മനുഷ്യനായിരുന്നു. മുസ്ലികളുമായുണ്ടായ ബനുൽമുസ്ത്തലിഖ്' യുദ്ധത്തിൽ ഇദ്ദേഹം ശത്രുപക്ഷത്ത് നിന്ന് കൊല്ലപ്പെട്ടുകയും അതിനെ തുടൻ് ജുവൈരിയ്യാ മുസ്ലിംകളുടെ തടവുകാരിയായി പിടിക്കപ്പെട്ടുകയും ചെയ്തു. പ്രസ്തുത യുദ്ധത്തിൽ വേറെയും തടവുകാരുണ്ടായിരുന്നു.

യുദ്ധത്തടവുകാരെയും യുദ്ധത്തിൽ കിട്ടിയ സ്വത്തുക്കളുമെല്ലാം ഒരു ഭാഗം സൈന്യങ്ങൾക്കിടയിൽ പങ്കിട്ടുകൊട്ടക്കുന്ന പതിവുണ്ട്. അതനുസരിച്ച ഭാഗത്തിൽ പ്രസ്തുത ജുവൈരിയ്യാ സാംബിത്ത് ഇബ്നുഖൈസ് എന്ന സഹാബിയുടെ അധീനത്തിലാണ് എത്തിച്ചേന്നതു്. അങ്ങിനെ അവർ അടിമയായിത്തീൻ. ഉടമസ്ഥന്ന് മോചനമൂല്യം നല്കിയാൽ അടിമകൾക്ക് സ്വതന്ത്രരാവാമെന്ന നിയമമനുസരിച്ച് സാബിത്ത് ഒരു

സംഖ്യ നിശ്ചയിച്ചുകൊണ്ടു് ജുവൈരിയ്യായെ സ്വതന്ത്ര യാക്കാമെന്നു് പറയുകയുണ്ടായി. പക്ഷെ യുദ്ധത്തടവു കാരിയായ അവളുടെ പക്കൽ പണമെവിടെ? അവൾ റസൂൽ തിരുമേനി (സ) യുടെ അടുക്കൽചെന്നു് തൻെറ സങ്കടം ഉണർത്തിച്ചുകൊണ്ടിപ്രകാരം പറഞ്ഞു, "നബി യെ! ഞാൻ ഉന്നതതറവാട്ടുകാരനായ ഹാരിസിൻെറ മകളാണെന്നു് അങ്ങേക്കറിയാമല്ലൊ. എന്നിരിക്കെ ഞാനിന്നു് സാബിത്തിൻെറ ഒരടിമയായിത്തീർന്നിട്ടുണ്ടു്. മോചനമൂല്യം കൊടുത്താൽ അദ്ദേഹം എന്നെ സ്വതന്ത്ര യാക്കാമെന്നു് വാക്കുതന്നിരിക്കയാണ്. പക്ഷെ എൻെറ കയ്യിൽ അതിന്നു പണമില്ലെന്നും അങ്ങേക്കറിയാവുന്ന താണ്. അതുകൊണ്ടു എൻെറ ഈ ദയനീയാവസ്ഥ യിൽ അങ്ങുന്നു്മാത്രമാണെന്നെ സഹായിക്കാനുള്ളതു്".

വിധവയായ ഈ പെണ്ണിൻെറ ദയനീയാവസ്ഥ ഗ്രഹി ച്ച ദീനദയാലുവായ പ്രവാചകൻ പറഞ്ഞു: 'നിൻെറ മോചനമൂല്യം നല്കി നിന്നെ ഞാൻ സ്വതന്ത്രയാക്കാം. എന്നിട്ടു നീ ഇഷ്ടപ്പെടുന്നുവെങ്കിൽ ഇസ്ലാമിലേക്ക് വരി കയോ അല്ലെങ്കിൽ തിരിച്ചു കുടുംബത്തിലേക്ക് പോവു കയോ ചെയ്യാം. നീ ഇവിടെതന്നെ നില്ക്കാനുദ്ദേശിക്കു ന്നുവെങ്കിൽ നിന്നെ എൻെറ പത്നീപദത്തിലേക്കുയ ർത്തി സംരക്ഷണഭാരംകൂടി ഏറ്റെടുക്കാൻ ഞാൻ തയ്യാ റാണ്".

നബി (സ) യുടെ സ്നേഹനിർഭരമായ ഈ പ്രഖ്യാ നവും ഔദാര്യമനസ്ഥിതിയുംകണ്ടു് ജുവൈരിയ്യാ ഇസ്ലാം

മതം ആശ്ലേഷിക്കുകയും നബി (സ) യുടെ പത്നീപദം സസന്തോഷം സ്വീകരിക്കുകയുമാണുണ്ടായത്ത്.

പ്രസ്തുത യുദ്ധത്തിലെ തടവുകാരായ എല്ലാ അടിമകളേയും സഹാബികൾ ഈ അവസരത്തിൽ സ്വതന്ത്രരാക്കി മോചിപ്പിച്ചിരുന്നു. ജുവൈരിയ്യായെ നബി (സ) വിവാഹം കഴിക്കുകയും ചെയ്തു. സ്തുത്യർഹമായ ഈ ഔദാര്യപ്രവൎത്തനങ്ങൾ എതിർകക്ഷികളുടെ മനപരിവൎത്തനത്തിന്നു കാരണമായിത്തീരുകയും അങ്ങിനെ ജുവൈരിയ്യായുടെ പിതാവടക്കം ബനുൽമുസ്ത്തലിഖ് ഗോത്രം മുഴവനും ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു, അങ്ങിനെ വിധവയായ ഈ പെണ്ണിനെ പ്രവാചകൻ വിവാഹം ചെയ്തുകൊണ്ടു് ഇസ്ലാമിന്നു് വമ്പിച്ച നേട്ടങ്ങളാണുണ്ടായതു്.

## 10. ഹസ്രത്ത് സഫിയ്യാ (റ)

ഹിജ്റ ഏഴാംവൎഷത്തിൽ നബി (സ) വിവാഹം ചെയ്ത ഹസ്രത്ത് സഫിയ്യ (റ) യുടെ ചരിത്രം അതിവിപുലമാണ്. പ്രസക്തഭാഗങ്ങൾമാത്രം ചുരുക്കത്തിൽ വിവരിക്കുകയാണ് ഇവിടെ ചെയ്യുന്നതു്. ഹസ്രത്ത് ആയിഷാ (റ) യെ കഴിച്ചാൽ ഏററവും പ്രായംകുറഞ്ഞ

ഭാര്യയാണ് സഫിയ്യാ (റ) എല്ലാ ഭാര്യമാരെക്കാളും സുന്ദരി ഇവരായിരുന്നു. വിധവയായ ഇവരെ മുമ്പ് രണ്ടു പേർ വിവാഹം കഴിച്ചിട്ടുണ്ട്. ആദ്യം വിവാഹം ചെയ്ത ആൾ മശ്ക്കമുൽഖുറ്സിയുടെ മകൻ സാലിമ് ആയിരുന്നു. രണ്ടാമത്തെ ഭർത്താവ് കിനാനഃഅബിൽ ഹുഖൈഖ് എന്ന ജൂതചക്രവർത്തിയുമായിരുന്നു. നബി (സ) സഫിയ്യായെ വിവാഹം ചെയ്യുമ്പോൾ അവർക്ക് പതിനേഴ് വയസ്സാണ് പ്രായം. ഇവർ ഹസ്രത്ത് ഹാറൂൺനബി (അ) യുടെ സന്താനപരമ്പരയിൽപെട്ട ഹുയയ്യിബിനുഅഖ്ത്തബ് എന്ന ജൂതപുരോഹിതൻെറ പുത്രിയാണ്, അങ്ങിനെ പ്രവാചകപരമ്പരയിൽപെട്ട സുന്ദരിയും ചെറുപ്പക്കാരിയുമായ സഫിയ്യായെ നബി (സ) വിവാഹംചെയ്യാൻ നിർബ്ബന്ധിതമായ പരിതസ്ഥിതികളെ താഴെ വിവരിക്കാം.

ഹിജ്റ 7–ാംകൊല്ലത്തിലാണ് മുസ്‌ലിംകളും ജൂതന്മാരും തമ്മിൽ ഖൈബർയുദ്ധം എന്നറിയപ്പെട്ടുന്ന സമരം നടന്നത്. അന്നു് നബി (സ) യും അനുചരന്മാരും റജീഅ് എന്ന സ്ഥലത്ത് താവളമടിച്ചു. ഖൈബറിലുണ്ടായിരുന്ന പല കോട്ടകളും ഈ യുദ്ധത്തിൽ മുസ്‌ലിംകൾ ജയിച്ചടക്കി. അവിടെ ഏററവും പ്രധാനപ്പെട്ടതും ഉറപ്പേറിയതുമായ ഖൈമൂസ് എന്ന രാജകീയ കോട്ടയും ഉണ്ടായിരുന്നു. ഇതിലെ ചക്രവർത്തിയായിരുന്ന സഫിയ്യായുടെ ഭർത്താവായ കിനാനഃഅബിൽഹുഖൈ

ഖ്. യുദ്ധം കൊട്ടമ്പിരിക്കൊണ്ടു. പ്രസ്തുത കോട്ടയെയും മുസ്ലിം സൈന്യങ്ങൾ വളഞ്ഞു. നബി (സ) യും കോട്ടയുടെ സമീപത്തുതന്നെ ഉണ്ടായിരുന്നു. ജൂതചക്രവത്തിതന്നെ കോട്ടയ്ക്കകത്തു സൈന്യത്തിന്നു നേതൃത്വം നല്കിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ സഫിയ്യാ കൊട്ടാരത്തിലെ തൻെറ സ്വകാര്യമുറിയിൽ വിശ്രമിക്കുകയാണ്. അന്നു രാത്രി അവൾക്കൊരു സ്വപ്നമുണ്ടായി. ലോകം മുഴുവനും അവൾക്ക് സ്വപ്നത്തിൽ ദശനമുണ്ടായി. കൂടാതെ പൂണ്ണചന്ദ്രൻ തൻെറ മടിയിലേക്ക് ഇറങ്ങിവന്നു വിശ്രമിക്കുന്നതായും കണ്ടു. വളരെ സന്തോഷഭരിതയായിട്ടാണ് സഫിയ്യാ ഉറക്കമുണന്നതു്. കുറച്ചുകഴിഞ്ഞപ്പോൾ ഭത്താവ് പ്രസ്തുത റൂമിൽ അവളെ സന്ദശിക്കാനെത്തി. സ്വപ്നവാത്ത അവൾ അദ്ദേഹത്തെ അറിയിച്ചു. സ്വപ്നവ്യാഖ്യാനശാസ്ത്രത്തിൽ അഗാധപാണ്ഡിത്യമുള്ള രാജാവ് ഞെട്ടിത്തെറിച്ചുപോയി. ഒരട്ടഹാസത്തോടെയാണയാൾ നിലംപതിച്ചതു്. ബോധമുണന്നപ്പോൾ അയാൾ പറഞ്ഞു. സഫിയ്യാ നീ എന്നെന്നേക്കുമായി എനിക്കു നഷ്ടപ്പെടാൻ പോവുകയാണ്. മാത്രമല്ല സ്ഥാനഭ്രംശവും മരണംതന്നെയും എൻെറ മുമ്പിൽ എത്തിക്കഴിഞ്ഞു.

പിറേറന്നു് കാലത്തുതന്നെ മുസ്ലിംകൾ കോട്ട കൈവശപ്പെടുത്തി. സഫിയ്യായുടെ ഭത്താവ് യുദ്ധത്തിൽ കൊല്ലപ്പെടുകയും അവൾ ബന്ധനസ്ഥയായി പി

ടിക്കപ്പെടുകയും ചെയ്തു. തടവുകാരെ പങ്കിട്ടപ്പോൾ സുന്ദരിയും കുലീനയുമായ സഫിയ്യായെ ദഹിയ്യത്തുൽ കൽബ് എന്ന സഹാബിയുടെ ഓഹരിക്കാണ് കിട്ടിയത്. പക്ഷെ രാജ്ഞിയും പ്രവാചകകുടുംബത്തിൽ പെട്ടവളുമായ സഫിയ്യായെ തന്റെ അടിമയാക്കി നിർത്താൻ ആ സഹാബിവര്യൻ ഇഷ്ടപ്പെട്ടില്ല. മറ്റു പ്രമുഖ സഹാബാക്കളും ഇതേ അഭിപ്രായക്കാരായിരുന്നു. അങ്ങിനെ അവരെല്ലാംകൂടി പ്രവാചകസന്നിധിയിൽ ചെന്നു ഇങ്ങിനെ ബോധിപ്പിച്ചു: 'പ്രവാചകരെ! ഹാറൂൺനബി (അ) യുടെ കുടുംബത്തിൽപെട്ടവളും ഉന്നതകുലജാതയുമായ സഫിയ്യായെ അങ്ങുന്നു്തന്നെ സ്വീകരിക്കേണമെന്നാണ് ഞങ്ങളുടെ വിനീതമായ അഭിപ്രായം''. ഇതോടെ ദഹിയ്യത്തിന്നു് ഏഴ് അടിമകളെ പകരമായി നല്കിക്കൊണ്ട് സഫിയ്യായെ നബി (സ) ഏറ്റെടുത്തു. അതിന്നുശേഷം അവളുടെ ഇഷ്ടാനുസരണം ഇസ്‌ലാം സ്വീകരിച്ചു അവിടെ സ്വതന്ത്രയായി താമസിക്കാനും അല്ലെങ്കിൽ സ്വന്തം നാട്ടിലേക്ക മടങ്ങാനുമുള്ള സ്വാതന്ത്ര്യം പ്രവാചകൻ അവൾക്ക് നല്കി.

ആദ്യമെ ഇസ്‌ലാമിനെ മനസാവരിച്ചിരുന്ന സഫിയ്യ ഇസ്‌ലാമിൽ ഉറച്ചുനില്ക്കാനും പ്രവാചകന്റെ പത്നീപദം അലങ്കരിക്കാനുമാണ് ഇഷ്ടപ്പെട്ടതു്. അങ്ങിനെ പ്രവാചകൻ അവരെ വിവാഹം ചെയ്യുകയുണ്ടായി. 60 വയസ്സ്‌വരെ ജീവിച്ച സഫിയ്യാ (റ)

പിൽക്കാലത്ത് ഇസ്ലാമിനു വേണ്ടി വമ്പിച്ച സേവനങ്ങൾ നടത്തിയ വിപുലമായ ചരിത്രമുണ്ട്. തന്റെ 60-ാമത്തെ വയസ്സിൽ നബി (സ) ഇവരെ വിവാഹം ചെയ്തത് മുകളിൽ ചൂണ്ടിക്കാണിച്ച പരിതഃസ്ഥിതിയിലാണെന്നും അതൊരിക്കലും ലൈംഗികവികാരത്തെ അടിസ്ഥാനപ്പെടുത്തിയിരുന്നില്ലെന്നും ഇത്രയും കാര്യങ്ങൾകൊണ്ടു വ്യക്തമായിട്ടുണ്ട്. എന്നിട്ടും വല്ല വിമർശകന്മാരും പ്രവാചകന്റെ നേരെ ബാലിശമായ വിമർശനശരങ്ങൾ തൊടുത്തുവിടുന്നുവെങ്കിൽ അവർക്ക് സർവ്വശക്തൻ ശരിയായ ബുദ്ധി നല്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കുക.

## 11. ഹസ്രത്ത് മൈമൂന (റ)

ഹിജ്റ ഏഴാംകൊല്ലത്തിന്റെ അവസാനത്തിലാണ് ഇവരെ നബി (സ) വിവാഹം ചെയ്തതു്. വിധവയും വൃദ്ധയുമായ ഇവരുടെ ആദ്യഭർത്താവ് ഹുവയ്ത്തിബ് എന്ന ആളായിരുന്നു. അബൂറഹ്മ് ഇബ്നു അബ്ദുൽ ഉസ്സാ എന്ന പേരിലാണ് ഇയാളെ സർവ്വത്ര അറിയപ്പെടുന്നതു. ഹ: മൈമൂനയുടെ ആദ്യത്തെ പേർ ബർറത്ത് എന്നായിരുന്നു. മൈമൂന എന്ന പേർ നബി (സ) നല്കിയതാണ്. ഹ: അബ്ബാസ് (റ) വിന്റെ

ഭാര്യയായ ലുബാബത്തുൽകുബ്റാ എന്ന സ്ത്രീയുടെ സഹോദരിയാണ് പ്രസ്തുത മൈമൂന എന്നതും പ്രസ്താവ്യമാണ്.

പരിശുദ്ധ ഇസ്ലാമിന്നുവേണ്ടി വളരെയധികം ത്യാഗങ്ങൾവരിച്ച ഭക്തയായ ഒരു സ്ത്രീയാണ് ഹസ്രത്ത് മൈമൂന. (റ)തബൂക്ക്യുദ്ധത്തിൽ ഇവരനുഷ്ഠിച്ച സേവനങ്ങൾ സ്തുത്യർഹമാണ്. സൈന്യത്തിൻെറ പിന്നണിയിൽ ഉറച്ചുനിന്നു് മുറിവേററവരെ ശുശ്രൂഷിക്കുന്നതിലും മററു സഹായസഹകരണങ്ങൾ ചെയ്യുന്നതിലും അവിശ്രമം സേവനങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് അവിചാരിതമായി ശത്രുപക്ഷത്ത്നിന്നുള്ള ഒരമ്പ് ഹസ്രത്ത് മൈമൂനയുടെ ദേഹത്തിൽവന്നു തറച്ചതു്. ഇതോടെ അവശയായിതീൎന്ന അവർ രണാങ്കണത്തിൽ ബോധമററു വീണുപോയി.

മരണത്തിൻെറ വക്കോളമെത്തിയ അവരെ സൈന്യത്തിലെ മററു ശുശ്രൂഷകന്മാർ പ്രഥമശുശ്രൂഷകൾ നല്കിയശേഷം താങ്ങി എടുത്തു പ്രവാചകസന്നിധിയിലേക്ക് കൊണ്ടുപോയി. ഈ സംഭവം പ്രവാചകനെ അത്യധികം മനോവേദനപ്പെടുത്തി. എങ്കിലും ഹ: മൈമൂന അപകടത്തിൽനിന്നു് അത്ഭുതകരമാംവണ്ണം രക്ഷപ്പെടുകയാണുണ്ടായത്. ദൈവഭക്തിയിലും ധൎമ്മതല്പരതയിലും വളരെയധികം നിഷ്കൎഷയുണ്ടായിരുന്നു അവക്ക്. ഇവരുടെ ദൈവഭക്തിയെസംബന്ധിച്ച് ഹ. സ്രത്തു് ആയിഷാ(റ)തന്നെ സ്തുതിച്ചു പറഞ്ഞിട്ടുണ്ട്.

സഹോദരീഭർത്താവായ ഹസ്രത്ത് അബ്ബാസിൻെറ പ്രേരണമൂലമാണ് ഈ സ്ത്രീയെ നബി(സ)വിവാഹം കഴിച്ചത്. അതിൽ പല തത്വങ്ങളും ഉൾക്കൊള്ളുന്നുണ്ട്. മൈമൂനയുടെ വംശമായ ബന്തുഹിലാൽ കുഡുംബവുമായി ഖുറൈശികൾക്ക് ഇതോടെ രണ്ടു വിവാഹബന്ധങ്ങളുണ്ടായിത്തീൻ. തന്മൂലം പ്രസ്തുത കുഡുംബം മുഴവനും ഇസ്ലാംമതം വിശ്വസിക്കുകയും ഇസ്ലാമിന്നു വമ്പിച്ച ശക്തിയും നേട്ടങ്ങളും കൈവരികയുംചെയ്തു. നബി(സ)യോടൊപ്പം ദാമ്പത്യജീവിതം നയിച്ചു. "ഉമ്മഹാത്തുൽമുഅമിനീൻ" (സത്യവിശ്വാസികളുടെ മാതാക്കൾ) എന്ന മഹൽസ്ഥാനമലങ്കരിക്കുന്ന പതിനൊന്നു ഭാര്യമാരുടെ ചുരുക്ക വിവരങ്ങളാണ് നാം ഇതുവരെ പ്രതിപാദിച്ചത്. അല്ലാഹുവിൻെറ കരുണാകടാക്ഷം നബി(സ)യിലും അവിടത്തെ ഭാര്യമാരിലും സദാ വർഷിക്കുമാറാകട്ടെ.

## 12 ഹഃ മാരിയ്യ (റ)

നബി(സ)ക്ക് ഇബ്രാഹിം എന്ന കുട്ടി ജനിച്ചത് ഹസ്രത്ത് മാരിയ്യത്തുൽഖിബ്ത്തിയ്യ എന്ന അടിമസ്ത്രീയിലാണ്. എന്നാൽ ഇവരെ ഭാര്യാപദത്തിലേക്ക് ഉയർത്തിയിട്ടില്ല. അടിമസ്ത്രീകളെ സ്വന്തം ഭാര്യമാരെ

പ്പോലെ ഉപയോഗിക്കാമെന്നതാണ് ഇസ്ലാമിൻെറ നിയമം. അവരിൽ കുട്ടികൾ ജനിച്ചാൽ 'ഉമ്മുവലദ്' എന്നപേരിലാണ് അറിയപ്പെട്ടക.

നബി(സ)ക്ക് നേരിൽ കാണാൻ കഴിയാത്ത വിദേശികളായ പൌരമുഖ്യന്മാക്കും ഭരണാധികാരികൾക്കും അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള സന്ദേശങ്ങൾ അയക്കുക നബിയുടെ പതിവായിരുന്നു. അങ്ങിനെ മിസ്റിലെ ചക്രവത്തിയായ മുഖൌഖിസ്‌രാജാവിന്നും തിരുമേനി(സ) ഒരു കത്തയച്ചു. ഹാത്തിബ് ഇബ്നു അബീബൽതഅ: എന്നാളാണ് പ്രസ്തുത കത്തും കൊണ്ട് രാജസന്നിധിയിൽ പോയത്. കത്ത് കിട്ടിയശേഷം രാജാവ് പ്രസ്തുതദൂതനുമായി ഒട്ടേറെ ചോദ്യോത്തരങ്ങൾ നടത്തി. അനന്തരം രാജാവ് പ്രഖ്യാപിച്ചു. "നിങ്ങളുടെ പ്രവാചകനായ മുഹമ്മദ് ഒരു യഥാത്ഥദൂതനാണെന്നു് എനിക്കിപ്പോൾ ഉറപ്പായിരിക്കുന്നു." അതിന്നുശേഷം രാജാവ് നബി(സ)യുടെ കത്തു് ആനക്കൊമ്പാൽ നിമ്മിതമായ ഒരു പേടകത്തിലാക്കി സൂക്ഷിക്കുകയും ഒരു എഴുത്തുകാരനെ വിളിച്ചു താഴെ പറയുംവിധം തിരുമേനി(സ)ക്ക് ഒരു കത്തെഴുതുകയും ചെയ്തു:—

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ തിരുനാമത്തിൽ—

ഖിബ്ത്തിവംശജനായ മുഖൌഖിസ് മഹാരാജാവ് അബ്ദുല്ലായുടെ മകൻ മുഹമ്മദിന്നു് എഴുതുന്നത്:—

"താങ്കളയച്ച എഴുത്ത് ഞാൻ വായിച്ചു. അതിൽ പറഞ്ഞ കാര്യങ്ങളെല്ലാം ശരിക്കും ഗ്രഹിക്കുകയും നിങ്ങൾ ക്ഷണിക്കുന്ന മതത്തെ സംബന്ധിച്ച് മനസ്സിലാക്കുകയും ചെയ്തു. നിങ്ങൾ തീർച്ചയായും പരിശുദ്ധാത്മാവായ ഒരു പ്രവാചകനാണെന്ന് എനിക്ക് അറിവായി. താങ്കൾ അടുത്തുതന്നെ ശാമിലേക്ക് പുറപ്പെട്ടുമെന്ന് ഞാൻ ആശിക്കുന്നു. അങ്ങയുടെ ദൌത്യത്തെ ഞാൻ മാനിക്കുന്നതോടൊപ്പം ഖിബ്ത്തി വംശത്തിൽ വളരെയധികം മാന്യതയുള്ള രണ്ട് അടിമകളെയും കുറെ വസ്ത്രങ്ങളും താങ്കൾക്ക് സവാരിചെയ്യാൻവേണ്ടി ഒരു കുതിരയേയും ഞാൻ ഇതാ പാരിതോഷികമായി അയക്കുന്നു"—

മാരിയ്യ: സീരീൻ എന്നീ രണ്ട് അടിമസ്ത്രീകളെയാണ് രാജാവ് അയച്ചത്. നബി(സ) രാജാവിൻെറ സമ്മാനങ്ങൾ സസന്തോഷം സ്വീകരിക്കുകയും മാരിയ്യാ എന്നസ്ത്രീയെ സ്വന്തം ആവശ്യാർത്ഥം നിർത്തുകയും ചെയ്തു. അങ്ങിനെ അവരിൽ ഇബ്രാഹിം എന്ന കുട്ടിയുംജനിച്ചു.

നബി(സ) ഇത്രയും വിവാഹങ്ങൾ നടത്തിയതു ഏതു പരിതഃസ്ഥിതിയിലാണെന്നും അതിലടങ്ങിയ തത്വങ്ങൾ എന്തൊക്കെയാണെന്നും വായനക്കാരുടെ ശ്രദ്ധയിൽ പെടുത്തുക എന്നതാണ് ഇത്രയും എഴുതിയതു കൊണ്ട് ഞാനുദ്ദേശിച്ചിട്ടുള്ളത്. തന്നിമിത്തം നബി (സ)യുടെ ഭാര്യമാരുടെ വിശദമായ ഒരു ചരിത്രം സമർ

പ്പിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല. സഹൃദയരായ വായനക്കാരിൽനിന്നും വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്ന പക്ഷം ഇതിൻെറ രണ്ടാംപതിപ്പിൽ കുറെക്കൂടി വിശദമായി അവരുടെ ചരിത്രം രേഖപ്പെടുത്തി വായനക്കാരെ സംതൃപ്തരാക്കുവാൻ കഴിയുന്നത്ര പരിശ്രമിക്കുന്നതാണ്. അതിന്നായി അല്ലാഹുവിൻെറ സഹായവും അനുഗ്രഹവും ലഭിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

O. R. I. DEPARTMENTAL LIBRARY
16 JUL 1982
UNIVERSITY OF MADRAS
320
355428

# സ്കൂൾലൈബ്രറിക്ക് അംഗീകരിക്കപ്പെട്ട ഗ്രീൻഹൌസ് പുസ്തകങ്ങൾ

---

## എന്റെ ഹജ്ജ്‌യാത്ര.

BY. C. H. മുഹമ്മദ്കോയ

പരിഷ്കരിച്ച മൂന്നാംപതിപ്പ്: ഹജ്ജിലെ പ്രാർത്ഥനകൾ അറബി ലിപിയിൽതന്നെ ചേർത്തിട്ടുണ്ട്. ഹജ്ജ്‌യാത്രക്കാർക്ക് ഒഴിച്ചുകൂടാത്ത ഒരു ഗ്രന്ഥം.

വില : 1—75 പോസ്റ്റേജടക്കം 2 ക.

## പ്രവാചകന്മാർ (ഒന്നാം ഭാഗം)

BY. K. K. മുഹമ്മദ് മദനി

ഖുർആനിൽ വിവരിച്ച നബിമാരുടെ ചരിത്രത്തിൽ 11 നബിമാരുടെ ചരിത്രം.

വില : 1—50 പോസ്റ്റേജടക്കം 1—75

## പ്രവാചകന്മാർ (രണ്ടാം ഭാഗം)

ഖുർആനിൽവിവരിച്ച നബിമാരുടെ ചരിത്രത്തിൽ ബാക്കി 14 നബിമാരുടെ ചരിത്രം.

വില : 2 ക. പോസ്റ്റേജടക്കം 2—75

1258

അച്ചടിയിൽ

# രണ്ട്
# രാഷ്ട്രങ്ങളുടെ പിറവി

BY

അബൂസിദ്ദീഖ്

ഇന്ത്യൻ സ്വാതന്ത്ര്യദിനംവരെയുള്ള
ഇന്ത്യയിലെ മുസ്ലിംകളുടെ ചരിത്ര
ത്തെസംബന്ധിച്ച
ആധികാരികമായ
ഒരുത്തമഗ്രന്ഥം



അന്വേഷിക്കുക:

**ഗ്രീൻ ഹൌസ്**
ഹലുവബസാർ
**കോഴിക്കോട്-1.**

# നബി (സ) യുടെ ഭാര്യമാർ



Indic Digital Archive Foundation
gpura.org